DRDO Onam 2019

SOUVENIR




# ആർദ്രം

# AARDRAM

TIPL

Floating Type Anchor Nuts









Our Building



Work Shop





# TRIVEN INDUSTRIES Pvt.LTD.

ISO 9001

Managing Director
P.V. Rajam

Plot No. 24, CIE, Gandhinagar
Balanagar, Hyderabad
Ph: 040-23085172, 65911867
Mobile: 9848445726, 93939330206
tirven_ind@yahoo.com

## Company Profile:

M/s Tirven Industries Pvt. LTD started functioning from 1997 from IDA Balanagar, Hyderabad. The firm TIPL is manufacturing the components like Tow Targets, Dummy targets, Pylon, Cage for Land recoverys FRP container Boxes/FRP components and phenolic moulding components.

## Major Customers of TIPL:

1. ADE Bangalore
2. DARE Bangalore
3. HAL Bangalore
4. ECIL Hyderabad
5. BDL Hyderabad
6. BHEL Hyderabad
7. Mahendra & Mahendra LTD.
8. Vijay Electrical Ltd.
9. TISCO

Cage Assembly



FRP components



Phenolic Mouldings



FRP containers




Salt water switch



Pylon



Tow body & Dummy Tow body



Major components
Deffence Oriented



# DRDO
# ONAM 2019
## SOUVENIR




***Patron & Chief Editorial Advisor***

Sri. Hari C U

Sri. Ramakrishnan K

Dr. ACR Pillai

Sri. Sreekumar P

***Editors***

Saraj S Panicker
Ajith V

Rahul R.S

Aneesh K Achary

Sreejith P Das

Ranjith T.

Chanjal S Kumar

***Cover Design***

Saraj S Panicker

Publisher: DRDO Onam Celebration Committee, Bangalore - 93
Cover Page Images Courtesy: AP, PTI, Reuters
Printers: National Printing Press, Koramangala, Bangalore

# ORGANISING COMMITTEE

## Organising Committee

CU Hari : Patron
K. Ramakrishnan : Patron
ACR Pillai : Patron
P. Srikumar : Patron
Sreelal Sreedhar : Chairman
Praveen Kumar K. : Vice-Chairman
Bineshkumar Kanakan : Secretary
Noor Muhammed CK : Joint Secretary
T. Gangadharan : Treasurer
PP Dilip Kumar : Org. Secretary

## Sub Committees

**Competitions:**

Conveners : Muralidharan TN
Sreenidhi KR

Members : Siva Kumar S.,
KM Sivadas, Sandeep MS,
PP Dilip Kumar

**Onasadhya:**

Conveners : K. Narendran, CS Nair

Members : KM Sivadas, Siva Kumar S.,
PP Dilip Kumar
Sasidharan TV, Ajith J.,
Shinoj AP

**Finance:**

Conveners : Santhosh K., K. Sasidharan

Members : K. Narendran,
Sasidharan TV, Ajith V.
TP Abdul Razak,
N. Devarajan, P. Ratheesh,
Muralidharan TN,
PN Vinayan, Dr. R. Rajesh

**Souvenir:**

Conveners : Shri Ajith V., Saraj S. Panicker

Members : Rahul RS, Sreejith P. Das,
Ranjith T., Aneesh K. Achary,
Chanjal S Kumar

**Cultural:**

Conveners : Sujith AS
Rahul RS, Ranjith T.

Members : Saraj S. Panicker, Sreenidhi KR,
V. Sreekumar, Sandeep MS,
Bindu Sasi, Radhika Anoop,
P. Ratheesh, Subin, Noble Philip

**Sports:**

Conveners : Hashim K., Shinoj AP

Members : Martin Jose, Ranjith T.,
Noor Muhammed CK, Ajith J.,
PP Dilip Kumar, PN Vinayan,
Salim S., Rahul R.

**Venue Management:**

Conveners : Dr. R. Rajesh, Sasidharan TV

Members : Rineesh Babu P.,
Jijosh Abraham, Manoj TV,
Vishnu S., Noble Philip

**Reception:**

Conveners : Sajith SJ
Shri Ajith J.

Members : KM Sivadas, Anoop, Mebin,
Deepa R., Shreesha S. Babu,
Vanditha Jyothi, Smitha,
Meenakshi Mebin

**Awards:**

Conveners : Sandeep MS, Martin Jose

Members : TP Abdul Razak, Anoop

**Light & Sound:**

Conveners : V. Sreekumar, Mukundan K.

Member : Mebin AM

**Karaoke** : V. Sreekumar
Hashim K.

**Public Relations** : V. Sreekumar

**MES Co-ordinator** : Muralidharan TN

**Internal Auditor** : CG Ashok Kumar

# ORGANISING COMMITTEE

**Sunday 13th October 2019**

**Venue: Community Hall, DRDO Township**

**10:30 Hrs** : **Inauguration of floral decoration**

**Dr (Mrs) Nutan Punj**
Principal, Kendriya Vidyalaya DRDO.

**11:30 Hrs** : **Inauguration of Onasadhya (Onam Feast)**

**Dr S Venugopal**
Outstanding Scientist, Director ADE & Chairman, Township Advisory Committee.

**Onasadhya (Onam Feast)**

**Karaoke Orchestra by DRDO Talents**

**17:30 Hrs** : **Inaugural function**

Welcome address

Lighting of the Lamp & Souvenir Release

Address by Chief Guest
**Dr (Mrs) Tessy Thomas,** Distinguished Scientist & Director General - Aeronautical Systems, DRDO.

Address by Guest of Honour
**Sri MVL Narasimha Rao**
Estate Manager, DRDO Township.

Presidential Address by
**Sri Sreelal Sreedhar**
Chairman, DRDO Onam Celebration Committee.

**18:00 Hrs** : ***ONANILAAVU***
Cultural Evening by DRDO Talents

**Sponsored programme**

Vote of Thanks



# CONTENTS


7 Message

10 ആമുഖം

11 From Editor's Desk

13 Glimpses of DRDO Onam

17 സെക്രട്ടറിയുടെ റിപ്പോർട്ട്

18 DRDO Onam Competitions/
Sports Results 2019

21 **ഓബ്വ്യസ്ലി (Obviously)**
എ.കെ. വത്സലൻ

33 **സാന്ത്വനം**
സുമ ശ്രീകുമാർ

35 **കതിവനൂർ വീരൻ (മാങ്ങാട്ട് മന്നപ്പൻ)**
രഞ്ജിത്ത്. ടി

38 **എ.ടി. ഉമ്മർ**
കെ. പ്രവീൺകുമാർ

45 **PAPA**
Chanjal S Kumar

47 **വിദ്യ**
മുരളി മണിമല

48 **The Jagdalpur Diary - A Travellogue**
Varun Krishna

51 **മഴക്കുഴി**
ഷിജു എസ്.

57 **Basic Instincts**
Anish K Achary

59 **ഞങ്ങൾ കടലിന്റെ മക്കൾ**
ശാലിനി ജോസ്

61 **ഡി.ആർ.ഡി.ഒ. ഓണം @ 32**
ലോഹിതാക്ഷൻ

63 **The Departed**
Varun Krishna

69 **Who Are the Key?**
ശ്രീജിത്ത് പി. ദാസ്

73 **നാടിന്റെ നന്മ**
ഉണ്ണികൃഷ്ണൻ സി.എസ്.

81 **അക്കിടി**
മുരളി മണിമല

83 **Beauty of Nature**
Dheera S. Nair

85 **Nurturing Reading Habits**
Hridaya S. Nair

87 **പ്രളയാനന്തരം കേരളം -**
**കാഴ്ചയും കാഴ്ചപ്പാടുകളും**
ഗായത്രി വി.

93 **നന്മമരം**
രാമകൃഷ്ണൻ കിനാവൂർ

94 **ലക്ഷദ്വീപ്: അറബിക്കടലിലെ നന്മമരങ്ങൾ**
രഞ്ജിത്ത് ടി.

98 **The Hermit Crab**
Chanjal S Kumar

99 **പച്ചപ്പുണ്ടോ കുറച്ച് ഹരിതാഭ എടുക്കാൻ**
ടി.വി. ശശിധരൻ

102 **തത്ത്വമസിയും ദശാവതാര ചിന്തകളും**
വിജയൻ വി.വി.




# MESSAGE

ARIF MOHAMMED KHAN
GOVERNOR OF KERALA

RAJ BHAVAN
KERALA

28 September 2019



## MESSAGE

I am glad to know that the Malayalee families of DRDO Township, CV Raman Nagar, Bangalore intend to bring out a **Souvenir** in connection with the **Onam Celebrations** to be held on 13th October 2019.

I convey my hearty **Onam** greetings to everyone behind this endeavour and wish the celebrations as well as the publication all success.

"എല്ലാവർക്കും എന്റെ ഓണാശംസകൾ"

[Arif Mohammed Khan]

Tel : 0471-2721100 | Fax : 0471-2720266

**PINARAYI VIJAYAN**
**CHIEF MINISTER**

**GOVERNMENT OF KERALA**

**Secretariat**
**Thiruvananthapuram-695 001**

No.787/Press/CMO/19. 27th September, 2019.



## MESSAGE

I am happy to know that the Malayalee families of DRDO Township, CV Raman Nagar, Bangalore, is bringing out a Souvenir titled **'AARDRAM'** in connection with its Onam celebrations this year.

Onam, the national festival of Kerala, is an occasion to share the values of equality and brotherhood. It reminds us of the need for a society that loves and cares for one another. These are values that assume greater significance in the present Indian context.

My best wishes to the Onam celebrations of Malayalees in Bangalore.

**Pinarayi Vijayan**

Shri. Sreelal Sreedhar
Chairman
DRDO Onam 2019 Celebration Committee
DRDO Township
CV Raman Nagar, Bangalore - 93
drdoonam@gmail.com

Tel: (0471) 2333812 & 2333682 Fax: (0471) 2333489 e-mail : chiefminister@kerala.gov.in
website : www.keralacm.gov.in

# ആമുഖം



പ്രിയമുള്ളവരേ,

വീണ്ടും ഒരു പൊന്നോണം. പൂവിളിയും പൂക്കൂടയുമായ്, മാവേലി മന്നനെ എതിരേൽക്കാൻ നാം തയ്യാറായിക്കഴിഞ്ഞു.

കേരളത്തിലുണ്ടായ പ്രളയം നിമിത്തം പോയവർഷം ഓണാഘോഷങ്ങൾ നടത്താൻ കഴിഞ്ഞിരുന്നില്ല. ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് കമ്മിറ്റി അംഗങ്ങൾ രംഗത്തുണ്ടായി എന്നതും ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകാൻ കഴിഞ്ഞുവെന്നതും അഭിമാനകരം തന്നെ. ഈ വർഷം പൂർവ്വാധികം ഭംഗിയായി, ഒരുമയോടെ ആഘോഷ പരിപാടികൾ സംഘടിപ്പിക്കുവാൻ കഴിഞ്ഞുവെന്നത് സന്തോഷകരമാണ്.

കേരളീയർ മറന്നു കഴിഞ്ഞ ഒരു ഓണക്കാലത്തിന്റെ നല്ല ഇന്നലെകൾ മറുനാടൻ മണ്ണിലേക്ക് കൊണ്ടുവരാൻ സാധിക്കുന്നത് ഡി. ആർ. ഡി. ഒ. ഓണം പോലുള്ള കൂട്ടായ്മകളിലൂടെയാണ്. അതുകൊണ്ടു തന്നെയാണ് കേരളത്തിനേക്കാൾ ഗംഭീരമായി ഓണാഘോഷപരിപാടികൾ കേരളത്തിനു പുറത്ത് കാണപ്പെടുന്നത്.

വർണ്ണശബളമായ മുപ്പത്തിയൊന്ന് ഓണാഘോഷങ്ങൾ നാം വിജയകരമായി നടത്തിയിരിക്കുന്നു. ഓരോ വർഷവും ഒന്നിനൊന്ന് മെച്ചമായി നടത്താൻ ഓരോ അംഗവും കഴിയുന്നത് ശ്രമിക്കുന്നു എന്നത് നന്ദിപൂർവ്വം സ്മരിക്കുന്നു. നഷ്ടമായിക്കൊണ്ടിരിക്കുന്ന മലയാളഭാഷയും സാഹിത്യവും പുതുതലമുറയിലേയ്ക്ക് പകർന്നു കൊടുക്കുന്നതിന്റെ ഭാഗമായി നടത്തുന്ന സാംസ്കാരിക സന്ധ്യപോലുള്ള പരിപാടികൾ വളരെയധികം വിജയകരമായിരുന്നു.

ഡി. ആർ. ഡി. ഒ. യുടെ ഈ ഓണാഘോഷ പരിപാടികളുടെ വിജയത്തിനു പിന്നിൽ ഒരുപാട് പേരുടെ കഠിനാദ്ധ്വാനവും വിയർപ്പും ഉണ്ട്. കൂടാതെ ഇതിന്റെ വിജയകരമായ നടത്തിപ്പിന് പ്രോത്സാഹനവും ആശംസയും നൽകിയ എല്ലാ മാന്യ വ്യക്തികൾക്കും എന്റെയും ഡി. ആർ. ഡി. ഒ കുടുംബത്തിന്റെയും പേരിൽ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു.

സ്നേഹവും സഹോദര്യവും നിറഞ്ഞ ആ നല്ല നാളിന്റെ മനോഹരമായ ഓർമ്മ ഒരു ദിവസത്തേയ്ക്കെങ്കിലും പുനഃസൃഷ്ടിക്കാൻ, നമ്മുടെ പുതുതലമുറയിലേക്ക് പകർന്നു കൊടുക്കാൻ, നമുക്കാവും എന്ന വിശ്വാസത്തോടെ....

എല്ലാവർക്കും സ്നേഹം നിറഞ്ഞ ഓണാശംസകൾ....

**ശ്രീലാൽ ശ്രീധർ**
ചെയർമാൻ, ഡി.ആർ.ഡി.ഒ. ഓണാഘോഷം 2019

# FROM EDITOR'S DESK

നൂറ്റാണ്ടിലെ വലിയ പ്രളയം...

വേദനകളും നോവുകളും കണ്ണീരുമെല്ലാം നിറഞ്ഞ
ആ ദുരിതപർവ്വത്തിൽ നാം ഒരുമിച്ചു നിന്നു -
ഒറ്റക്കെട്ടായി, ഒരു മനസ്സോടെ.
സഹജീവികളെ സഹായിക്കാൻ കരുതലോടെ,
കരുത്തോടെ പോരാടി.
അതിജീവനത്തിനായുള്ള പോരാട്ടത്തിൽ
കൂടെനിന്നവരും കൂട്ടുനിന്നവരും
കുടപിടിച്ച് കരുതലായി നിന്നവരും നിരവധി...

ഇവിടെ ഡി.ആർ.ഡി.ഒ.യിലെ സുഹൃത്തുക്കളും
ആ ഒത്തൊരുമയ്ക്ക് ആവുന്നത്ര കരുത്തേകി.
കഴിഞ്ഞ വർഷത്തെ എല്ലാ ആഘോഷങ്ങളും മാറ്റിവച്ച്,
ദുരിതാശ്വാസപ്രവർത്തനത്തിനും,
സാധനസമാഹരണത്തിനും
ഒന്നിച്ചു നിൽക്കുക മാത്രമല്ല, ചെറുതല്ലാത്ത ഒരു തുക
ദുരിതാശ്വാസ നിധിയിലേയ്ക്കും സംഭാവന ചെയ്തു.

സ്വപ്നങ്ങളെയും പ്രതീക്ഷകളെയും
ഒട്ടൊന്നു നോവിച്ചെങ്കിലും
കാറ്റൊഴിഞ്ഞ മാനത്ത് സൂര്യകിരണം പോലെ
ഇവിടെ മനസ്സുകൾ വീണ്ടും തെളിയുന്നു.
തോൽപ്പിക്കാൻ കഴിയില്ലെന്ന മലയാളി മനസ്സിന്റെ
മൗനപ്രഖ്യാപനമായി ഡി.ആർ.ഡി.ഓ. ഓണം-2019
ഇതാ 32-ാം വർഷത്തിലേക്ക്.
മാനുഷികത നശിക്കാത്ത തലമുറ ഇവിടെയുണ്ടെന്ന
ഓർമ്മപ്പെടുത്തലായി, സർഗ്ഗാത്മകതയുടെ വിളിച്ചോതലായി
'ആർദ്രം' സമർപ്പിക്കുന്നു.

**ടീം എഡിറ്റോറിയൽ**


Saraj S Panicker


Ajith V


Rahul R S


Aneesh K Achary


Chanjal S Kumar


Sreejith P Das


Ranjith T.

# Glimpses of
# DRDO ONAM


















# Glimpses of
# DRDO ONAM



















# *Glimpses of*
# DRDO ONAM




















# ORGANISING COMMITTEE



DRDO ONAM 2019

# സെക്രട്ടറിയുടെ റിപ്പോർട്ട്

എല്ലാ കൊല്ലത്തെയും പോലെ ഡി.ആർ.ഡി.ഒ. ബെംഗളൂരുവിലെ മലയാളി കൂട്ടായ്മ വീണ്ടുമൊരു ഓണാഘോഷത്തിനായി ഒത്തുചേരുകയാണ്. ഈ ഓണാഘോഷം ഡി.ആർ.ഡി.ഒ.യിൽ പ്രവർത്തിക്കുന്നതും വിരമിച്ചതുമായ മലയാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പങ്കാളിത്തത്താൽ ശ്രദ്ധേയമാണ്. 31-ാം വർഷമാണ് ഈ കൂട്ടായ്മ ഡി.ആർ.ഡി.ഒ. ഓണം ആഘോഷിക്കുന്നത്.

പോയവർഷം കേരളത്തിലെ പ്രളയബാധിതർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഡി.ആർ.ഡി.ഒ. ഓണം സംഘാടകർ ഓണാഘോഷങ്ങൾ ഉപേക്ഷിക്കുകയും പ്രളയ ദുരിതാശ്വാസത്തിൽ ഭാഗഭാക്കാവുകയും ചെയ്തു. കമ്മിറ്റി അംഗങ്ങളുടെ പൂർണ്ണ സഹകരണഫലമായി 4 ലക്ഷത്തോളം രൂപ വിവിധ സുമനസ്സുകളിൽ നിന്നും സമാഹരിക്കാനും അത് മുഖ്യമന്ത്രിയുടെ പ്രളയദുരിതാശ്വാസ നിധിയിലേക്ക് കൈമാറുവാനും സാധിച്ചു. ഈ പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായ എല്ലാ സുഹൃത്തുക്കളോടുമുള്ള നന്ദി ഈ അവസരത്തിൽ വ്യക്തമാക്കുന്നു.



ബിനേഷ് കുമാർ കെ.

സെപ്റ്റംബർ 1-ന് നടന്ന കായിക മത്സരങ്ങളോടെയാണ് 2019-ലെ ഓണാഘോഷങ്ങൾ ആരംഭിച്ചത്. ഡി.ആർ.ഡി.ഒ, ടൗൺഷിപ്പിൽ നടന്ന ഈ കായിക മത്സരത്തിൽ പ്രായഭേദമെന്യേ എല്ലാ ഡി.ആർ.ഡി.ഒ. മലയാളി കുടുംബാംഗങ്ങളും പങ്കെടുത്തു.

ഡി.ആർ.ഡി.ഒ. ഓണാഘോഷത്തിന്റെ ഭാഗമായ രചനാമത്സരങ്ങൾ, സാഹിത്യസന്ധ്യ എന്നിവ സെപ്റ്റംബർ 22-ാം തീയതി കേന്ദ്രീയ വിദ്യാലയ പരിസരത്ത് നടത്തപ്പെട്ടു. ഈ അവസരത്തിൽ ഓണം കുടുംബാംഗങ്ങൾ ക്കായി ചിത്രരചന, മലയാളം-ഇംഗ്ലീഷ് ഉപന്യാസരചന, പ്രസംഗം മുതലയാവ നടത്തി. അതേ ദിവസം വൈകുന്നേരം അദ്ധ്യാപകനും, എഴുത്തുകാരനും, പ്രാസംഗികനുമായ ശ്രീ. പ്രകാശൻ കരിവെള്ളൂർ വിശിഷ്ടാതിഥിയായ സാഹിത്യസന്ധ്യ നടത്തപ്പെട്ടു. ഡി.ആർ.ഡി.ഒ. ഓണം കമ്മിറ്റി ചെയർമാൻ ശ്രീ. ശ്രീലാൽ ശ്രീധർ ഈ ചടങ്ങിൽ അദ്ധ്യക്ഷസ്ഥാനം വഹിച്ചു. തുടർന്നു നടന്ന സാഹിത്യ സന്ധ്യയിൽ വിശിഷ്ടാതിഥി വായനാ ശീലത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സദസ്സിനോട് വിവരിക്കുകയു ണ്ടായി. ഡി.ആർ.ഡി.ഒ. കുടുംബാംഗങ്ങളുടെ കവിതാപാരായണവും ഈ പരിപാടിയുടെ ഭാഗമായി നടന്നു.

ഒക്ടോബർ 13-ാം തീയതി വർണ്ണശബളമായ പൂക്കളമത്സരത്തോടെ ഓണാഘോഷങ്ങൾ ആരംഭിക്കുന്നു. പൂക്കളമത്സരത്തിന്റെ ഉദ്ഘാടനം കെ.വി. സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി. നൂതൻ പുഞ്ച് അവർകളാണ് നിർവ്വഹിക്കുന്നത്. ഉച്ചയ്ക്ക് ഒരുക്കിയിട്ടുള്ള വിഭവസമൃദ്ധമായ ഓണസദ്യയുടെ ഉദ്ഘാടനം ടൗൺഷിപ്പ് അഡ്വൈസറി കമ്മിറ്റി ചെയർമാൻ ഡോ. എസ്. വേണുഗോപാലാണ് നിർവ്വഹിക്കുന്നത്.

ഒക്ടോബർ 13ന് വൈകുന്നേരം നടക്കുന്ന വർണ്ണാഭമായ ചടങ്ങുകളിൽ ഡോ. ടെസ്സി തോമസ്, ഡയറക്ടർ ജനറൽ (എയ്റോ) മുഖ്യാതിഥിയായിരിക്കും. ഡി.ആർ.ഡി.ഒ. ഓണം കമ്മിറ്റി ചെയർമാൻ ശ്രീ. ശ്രീലാൽ ശ്രീധർ അദ്ധ്യക്ഷസ്ഥാനം വഹിക്കുന്ന ചടങ്ങിൽ ശ്രീ. എം.വി.എൽ. നരസിംഹറാവു, എസ്റ്റേറ്റ് മാനേജർ വിശിഷ്ടാതിഥി ആയിരിക്കും. തുടർന്ന് ഓണാഘോഷങ്ങളുടെ മുഖ്യ ആകർഷണമായ വ്യത്യസ്ത കലാപരിപാടികൾ 'ഓണനിലാവ്' നടത്തപ്പെടുന്നതാണ്. ഓണാഘോഷത്തിന്റെ ഭാഗമായി വിദ്യാഭ്യാസരംഗത്ത് വിജയം കൈവരിച്ച വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് പ്രത്യേക അനുമോദനവും ഉപഹാരങ്ങളും നൽകും.

പോയവർഷങ്ങളിലെപ്പോലെ ഇത്തവണയും പരിപാടികളുടെ സുഗമമായ നടത്തിപ്പിനായി വിവിധ കമ്മിറ്റികളും, ഉപകമ്മിറ്റികളും രൂപീകരിച്ചു. ഈ കമ്മിറ്റി എല്ലാ ആഴ്ചയിലും ഒത്തുകൂടി ഓണാഘോഷത്തിന്റെ ഭാഗമായി വിവിധയിനം പരിപാടികൾ ആസൂത്രണം ചെയ്യുകയും അവ നടപ്പിലാക്കുകയും ചെയ്തു.

ഓണാഘോഷ പരിപാടികൾ സ്പോൺസർ ചെയ്ത എല്ലാ സുഹൃത്തുക്കൾക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ആഘോഷപരിപാടികൾ മികവോടെ നടത്തുവാൻ ടൗൺഷിപ്പ് അഡ്വൈസറി കമ്മിറ്റി, EMU, MRS, BSO കൂടാതെ എല്ലാ ഡയറക്ടർമാരുടെയും അകമഴിഞ്ഞ സഹകരണം ഉണ്ടായിരുന്നു. സുവനീറിൽ തങ്ങളുടെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും 'ഓണനിലാവിൽ' തങ്ങളുടെ കലാവിരുന്ന് പ്രകടിപ്പിക്കുകയും ചെയ്ത എല്ലാ ഡി.ആർ.ഡി.ഒ. കുടുംബാംഗങ്ങൾക്കും കമ്മിറ്റിയുടെ പേരിൽ നന്ദി അറിയിക്കുന്നു. ആഘോഷ പരിപാടികൾ ഗംഭീരമായി നടത്തുവാൻ സഹായിച്ച, കമ്മിറ്റികളിൽ പ്രവർത്തിച്ച എല്ലാ അംഗങ്ങൾക്കും വിലപ്പെട്ട ഉപദേശങ്ങൾ നൽകി സഹായിച്ച രക്ഷാധികാരികൾക്കും പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു. വരും വർഷങ്ങളിലും എല്ലാവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

# DRDO Onam

## Competitions Results 2019

| Competition | 1St | 2Nd | 3Rd |
|---|---|---|---|
| Essay Writing In English (Students upto 8th Std) | Dheera S Nair | Nandana S Nair | Angeline Jerry |
| Essay Writing In English (Students 9th std & above) | Hridya S Nair | Athira Mol | Neha Benny |
| Essay Writing In Malayalam (Common to all) | Gayathri V | Harikumar M | Rahul Rs |
| Drawing & Colouring (Students upto 1st std) | Nandana | Mishal Ahamed | Gautham & Karthik |
| Drawing & Colouring (Students 2nd to 4th Std) | Parvana | Mithali | Nakul & Niharika |
| Drawing & Colouring (Students 5th to 7th Std) | Dheera.s.nair | Sayana Cp & Shreya | Angeline Jerry |
| Elocution (Students 4th to 8th Std) | Tina Benoy | Angeline Jerry | - |
| Elocution (Students 9th & above) | Hridya S Nair | Neha Benny | Vidya |
| Handwriting Malayalam (Students upto 4th Std) | Nisma | Ardra K | Niharika |
| Handwriting Malayalam (Students 5th & above) | Tiena V Binoy | Athirasree As | Shradha & Sharan Krishna |

# DRDO Onam

## Sports Results 2019

| Comeptition | 1st | 2nd | 3rd |
|---|---|---|---|
| Toffee Picking (LKG/UKG B&G Common) | Abhinav Vinod | Eesha Nair | Priyadarsh |
| Toffee Picking (1ST Only, B&G Common) | Nihaal | Dev | Vedik |
| Penalty Shootout (LKG&UKG, B&G Common) | Edwin | Eesha Nair | Priyadarsh |
| Running Race-Pick the ball - BOYS (1st std to 3rd std) | Darsh | Viswanath | Revanth |
| Running Race-Pick the ball - GIRLS (1st std to 3rd std) | Nihaarika | Iza | Devapriya |
| Kulam Kara- Common (up to 3rd std) | Nihaarika | Devananda | Nihaal |
| Frog Leap – Boys (4th std to 6th std) | Nasif | Dhruv | Jain |
| Lemon and Spoon Race – Girls (4th std to 6th std) | Dheera S Nair | Nanditha Vinod | Nisma, |
| Balloon Fight –Boys (5th std to 10th std) | Maheswar | Dhruv | Ameen |
| Balloon Fight – Girls (5th std to 10th std) | Shreya | Rachel | Nanditha Vinod |
| Sack Race - Gents | Ranjith | Vinayan | Vinodh |
| Lemon and Spoon Race -Girls | Anjali | Rachel | Shradha |
| Throw Ball - Ladies | Rahmat | Anjali | Sudha |
| Lemon and Spoon Race – Ladies (Age above 25 Years) | Greeshma | Binitha | Geetha |
| Balloon Bursting – Ladies (Age above 25 years) | Sajina | Binitha | Gayathri |
| Shot Put – Gents (Age 16-40 years) | Martin | Ranjith | Amal |
| Shot Put –Gents (Age above 40 years) | Vijaya Kumar | Vinayan | Benny |
| Bomb in the City – Children's | Devapriya | Nasif | Krishnadev |
| Bomb in the City - Ladies | Geetha | Nisha | Harsha |
| Bomb in the City - Gents | Rahul Rs | Cs Nair | Dileep Kumar |
| TUG OF WAR –LADIES | Rahmat & Team | Sujina & Team | |
| TUG OF WAR – GENTS | Martin & Team | Vijaya Kumar & Team | |
| VOLLEY BALL | Anil & Team | Abdul Razak & Team | |

KTR
Authentic Food
Catering Services
Contact Details
Phone : +91 98456 98596 / +91 96633 12936
Email-Id : ktr.authenticfood@gmail.com

WITH BEST COMPLIMENTS FROM

KTR CATERING SERVICES

CALL US @ 9845698596

KTR.AUTHENTICFOOD@GMAIL.COM

# ഓബ്യസ്ലി (OBVIOUSLY)



എ.കെ. വത്സലൻ

പ്രത്യേക മീറ്റിംഗ് കഴിഞ്ഞ് പുറത്ത് കടന്നപ്പോഴും അഭിനന്ദനങ്ങൾ പറഞ്ഞുകൊണ്ട് സഹപ്രവർത്തകർ കൂടെ നടന്നപ്പോൾ സ്വപ്ന ഓർത്തത്, പത്താം ക്ലാസ്സ് പരീക്ഷയിൽ, ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി പാസ്സായതിൽ സ്കൂൾ നൽകിയ സ്വീകരണമായിരുന്നു.

എല്ലാ പുതിയ അനുഭവങ്ങളും അവസാനിക്കുന്നത് ഇല്ലായ്മകളുടെ നാളുകളിൽകഴിഞ്ഞ ബാല്യത്തിന്റെ ഓർമ്മയിലാണ്. പതിവുപോലെ കുടിച്ചുവന്ന അച്ഛൻ, എറിഞ്ഞുടയ്ക്കാൻ കലവും ചട്ടിയും കിട്ടാതായപ്പോൾ വലിച്ചുകീറിയ പാഠപുസ്തകം. കീറിയ പുസ്തകത്താളുകൾ അമ്മ പെറുക്കിയെടുത്ത് വെച്ചു നോക്കി കരയുമ്പോൾ ചുമർ ചാരിയിരുന്ന് സ്വപ്ന അമ്മയെ നോക്കിയിരുന്ന നാളുകൾ. മണ്ണെണ്ണ വിളക്ക് ഊതിക്കെടുത്തി അർദ്ധനഗ്നനായി അച്ഛൻ ബോധംകെട്ട് കിടന്നു. കടൽത്തീരത്തടിഞ്ഞ വലിയ മത്സ്യത്തെപ്പോലെ. വലിയ തിരയിൽ ഇളകുന്ന പോലെ, ചില ചലനങ്ങൾ ആ ചിത്രത്തെ വ്യക്തമാക്കും.

ഈ ഓഫീസിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും പെട്ടെന്ന്, ഇത്രയും ചെറുപ്പത്തിൽ ഒരാൾ മാനേജരാകുന്നത്. "you deserve it...'' രാഹുലിന്റെ വാക്കുകൾ, ബാല്യത്തിന്റെ ഓർമ്മകളെ തടഞ്ഞു നിർത്തി.

22-ാം നിലയിൽ ലിഫ്റ്റ് വന്നു നിന്നു. നേർരേഖപോലുള്ള വാതിൽ വിടവ് അകന്ന് വലുതായി. കൂട്ടിലിട്ടപോലെ കുറെ മനുഷ്യർ ആട്ടിൻ പറ്റംപോലെ കൂടിനിൽക്കുന്നു. വെളിയിൽ കാത്തുനിൽക്കുന്നവർ ലിഫ്റ്റിലേക്ക് ഏതോ ജീവികളെ കാണുന്നപോലെ തുറിച്ചുനോക്കി. ഇറങ്ങുന്നവരും കയറുന്നവരും ശബ്ദങ്ങൾ പുറപ്പെടുവിച്ച് സൗഹൃദം കൈമാറി. ലിഫ്റ്റിന്റെ വാതിൽ വീണ്ടും കൂട്ടിമുട്ടി നേർവര സൃഷ്ടിച്ചു. പ്രാർത്ഥിക്കുന്നതുപോലെ മിക്കവരും മുകളിലേക്ക് നോക്കിയപ്പോൾ, ചിലർ താഴോട്ടേക്ക് നോക്കി.

ചുകന്ന അക്കങ്ങൾ ഓരോന്നായി കുറഞ്ഞുവരുന്നത് എണ്ണി, ബാല്യത്തിലേക്ക് കടന്നു. തൊണ്ണൂറ്റി ഒന്ന്, തൊണ്ണൂറ് അപ്പോഴേയ്ക്കും അച്ഛന്റെ തെറിവാക്ക് ചേർത്തുള്ള ശകാരം. എൺപത്തി ഒൻപതും തൊണ്ണൂറും യോജിക്കാത്തപോലെ മുന്നോട്ട് എണ്ണി പഠിച്ചപ്പോഴും താഴോട്ടെണ്ണി പഠിച്ചപ്പോഴും തെറ്റി കരഞ്ഞു. മകളുടെ പഠിത്തത്തിൽ അച്ഛന്റെ ഉത്തരവാദിത്വം തല്ലി കാണിച്ചു.

ഒന്നിൽ ലിഫ്റ്റ് വന്ന് നിന്നപ്പോൾ ചിലർ മാത്രം ചിരിച്ച് പിരിഞ്ഞു. അവർ ഫുഡ്കോർട്ടിലേക്ക് പോകുമ്പോൾ, അമ്മ വന്നശേഷം ഒരിക്കൽപ്പോലും അവിടേക്ക്പോകേണ്ടിവന്നിട്ടില്ലെന്നത്സ്വപ്നഓർത്തു.



പൂജ്യത്തിലെത്തി എപ്പോഴുമെന്നപോലെ തലകുനിച്ച് അവൾ പ്രശ്നങ്ങളുടെ നഗരത്തിലേക്കുള്ള യാത്ര ആരംഭിച്ചു.

പ്രശ്നങ്ങൾ കണ്ണ് തുറപ്പിച്ചു നിൽക്കുന്നിടമാണ്, പലർക്കും ഓഫീസ്. വീട് സാന്ത്വനവും. പക്ഷേ സ്വപ്നക്ക് പ്രശ്നങ്ങൾ നിറച്ച മുറികളാണ് വീട്. ഓഫീസ്സിന്റെ കുളിർമ്മയും ചലനസ്വാതന്ത്ര്യമുള്ള കസേരയും പോലെ ഓഫീസ് സമാധാനവും സൗകര്യവും നൽകി.

ഓഫീസിന് മുൻപിലുള്ള ഫീനിക്സ് മാളിലെത്തി. പണ്ട് പടവുകൾ ചവുട്ടിക്കയറി മുകളിലെത്തിയിരുന്നു. ഇന്ന് പടവുകൾ സ്വയം കയറി മനുഷ്യനെ മുകളിലെത്തിക്കുന്നു സൗകര്യത്തിലിരുന്നു. മനുഷ്യർ വീണ്ടും സൗകര്യങ്ങളെ കുറിച്ച് ഓർത്ത് നിരാശരാകുന്നു. എസ്കലേറ്ററിന്റെ വേഗതയിൽ നിരാശരായ ചിലർ, ചലനത്തോടൊപ്പം ചവിട്ടടികൾ കയറി.

മൊബൈൽ ശബ്ദിച്ചു. ഓഫ് ചെയ്ത് അവൾ നടന്നു. മനുഷ്യനെ കണ്ടാൽ സ്വയം മാറുന്ന വാതിലുകൾ കടന്ന്, കുപ്പികളുടെ അടുക്കും ചിട്ടയിലും, ഭംഗിയുള്ള കുപ്പികളിലേക്കും സ്വപ്ന കുറച്ചുനേരം നോക്കിനിന്നു. പ്രകാശത്തിൽ മറ്റൊരു നിറമായി അവ തിളങ്ങി. വില കൂടുതലും കുറവുമുള്ളതിന് ഇടയിൽ നിന്നും. തിരഞ്ഞെടുത്ത മദ്യകുപ്പിയുമായി അവൾ കൗണ്ടറിലെത്തി.

'മാനേജർ പോസ്റ്റ് കിട്ടിയതിന്റെ ആഘോഷമായിരിക്കും'. പ്രകാശിന്റെ കമന്റ് കേട്ട് ചിരിച്ചു.

'അച്ഛന് വേണ്ടിയാണ്, ഇല്ലെങ്കിൽ ഏതെങ്കിലും ബാറിൽ കുടിച്ചു കിടക്കും.' വിങ്ങുന്ന മനസ്സിനെ ശാന്തമാക്കാൻ അത്രയെങ്കിലും പറയണമെന്ന് തോന്നി. അപ്പോഴേയ്ക്കും പ്രകാശ് നടന്ന് അകന്നിരുന്നു.

ചളിവരമ്പിൽ നിന്ന് വീഴാതെ കൂട്ടിക്കൊണ്ടു വന്നത് 'ഒന്നുമില്ലെങ്കിലും നിന്റെ അച്ഛനല്ലേ മോളേ' എന്ന വാക്കിന്റെ അടിമത്തത്തിലായിരുന്നു. ആ... മതി... നിർത്തൂ. സഹനത്തിന്റെ അതിരുകൾ താണ്ടി, അമ്മയോട് ചിലപ്പോൾ പറയേണ്ടി വന്നതിൽ ദുഃഖിച്ചു. ആ ഓർമ്മകളുടെ ആവർത്തനത്തിൽ, അന്ന് പാലോ, മറ്റെന്തെല്ലാമോ തിളച്ച് സ്റ്റൗവിലെ തീ കെടുത്തി, ഫ്ളാറ്റിൽ ദുർഗന്ധം പരത്തി. മൊബൈൽ എടുത്ത് അമ്മയെ വിളിച്ച് സമാധാനിച്ചു. തിളച്ചുമറിഞ്ഞ് വൃത്തികേടായ സ്റ്റൗ വൃത്തിയാക്കുമ്പോൾ തീരുമാനിച്ചതാണ് ഒരു നല്ല ഫ്ളാറ്റ് വാടകയ്ക്കെടുത്ത് രണ്ടു പേരേയും ഇവിടേയ്ക്ക് കൊണ്ടുവരിക വലിയ സാഹസമായിരിക്കും. കടപ്പാടും, സ്നേഹവും, മൂല്യങ്ങളിലൊന്നും തീരുമാനത്തെ ചുറ്റിക്കെട്ടിയില്ല.

'Ola Taxi' ക്ക് ഫോണിൽ ബുക്ക് ചെയ്തപ്പോൾ, ടാക്സിയുടെ വിവരങ്ങൾ, ഡ്രൈവറുടെ ഫോട്ടോയും, വിവരങ്ങളും, ജി.പി.എസ്സിലൂടെ ടാക്സി വരുന്ന ചിത്രവും ഫോണിൽ തെളിഞ്ഞപ്പോൾ, യാത്ര കിഴിഞ്ഞ് ടാക്സിയിൽ നിന്നും പൈസ കൊടുക്കാതെ ഇറങ്ങി നടന്നപ്പോൾ, ലിഫ്റ്റിലൂടെ ആറാമത്തെ നിലയിലെത്തി റൂമിലേക്ക് കടന്നപ്പോൾ, ബാൽക്കണിയിൽ നിന്നും കണ്ണാടികൾ പതിച്ച ആധുനിക കെട്ടിടങ്ങളെ നോക്കി കണ്ടപ്പോൾ നഗരത്തിലൂടെ ഒഴുകുന്ന വാഹനങ്ങളുടെ നിരകൾ കണ്ടപ്പോൾ, തിക്കും തിരക്കും നിറഞ്ഞ നഗരം പ്രകാശത്തിൽ ജ്വലിച്ച് നിൽക്കുന്നത് കണ്ടപ്പോൾ, ഒരു കൊച്ചുകുട്ടിയെപ്പോലെ അത്ഭുതപ്പെട്ട് അച്ഛൻ അനുസരിക്കുന്നത്, ഒതുങ്ങി ഒരു പാവമാകുന്നത് അവളിൽ സങ്കടമുണ്ടാക്കി. പലതും ചോദിച്ചറിയാൻ വെമ്പുന്ന ആ മുഖത്ത് ഒരു ചിരി മാത്രം നിസ്സഹായതപോലെ വിടരുന്നത് സ്വപ്ന ഒളികണ്ണിട്ട് നോക്കി. അത്ഭുതപ്പെടാനോ, ആസ്വദിക്കാനോ അറിയാത്ത അമ്മ മകളുടെ ആരോഗ്യത്തെക്കുറിച്ച് പറഞ്ഞത് വേവലാതിപ്പെടുന്നതും സ്വപ്ന ശ്രദ്ധിച്ചു.

അച്ഛന്റെ അനുസരണയും പാവത്താൻ പ്രകൃതവും വിട്ടുമാറി പഴയ അച്ഛനിലെത്താൻ ആഴ്ചകൾ മാസങ്ങളായി മാറുന്നതിന് മുൻപ് തന്നെ തുടങ്ങിക്കഴിഞ്ഞിരുന്നു.

'ലിഫ്റ്റ് ഞാനില്ലാത്തപ്പോൾ ഉപയോഗിക്കരുതെന്ന്' നിബന്ധന ആറാം നിലവരെ ആടിയാടി, വേച്ചുവേച്ച്, ചുമരുകൾക്ക് ഉമ്മവെച്ച് കോണികയറി സെക്യൂരിറ്റി മുതൽ അയൽപക്കക്കാരെ വരെ ചിരിപ്പിച്ച് അച്ഛൻ പകരം വീട്ടി. 'എന്നെപ്പോലുള്ള പാവങ്ങൾക്കുള്ളതല്ല ലിഫ്റ്റ്' എന്ന പരിഹാസ വാക്കോടെ, വന്നപ്പോഴുള്ള പാവത്താൻ മാറ്റത്തിന്, അച്ഛൻ പൂർണ്ണ വിരാമമിട്ടു.

'സ്വപ്നയുള്ളപ്പോൾ നിശ്ശബ്ദരാണ്, ഇല്ലാത്തപ്പോൾ വലിയ ബഹളമാണെന്നു' അടുത്തുള്ളവരുടെ വാക്കുകൾ ചിരിച്ചു തള്ളിയെങ്കിലും മനസ്സിൽ ആ വാക്കുകൾ ആഴത്തിൽ പതിക്കതന്നെ ചെയ്തു. വിവിധതരം നിറവും രൂപവുമുള്ള മദ്യകുപ്പികൾ ബാൽക്കണിയിൽ, സൂര്യപ്രകാശത്തിൽ തിളങ്ങി തുടങ്ങിയതിന് കാരണം വാക്കുകളായിരുന്നു.

'വീട് ചിതൽ തിന്ന് തീർന്നിട്ടുണ്ടാവും, അവിടംവരെ ഒന്നു പോകാമായിരുന്നു'. സ്വപ്നയുടെ ഇന്നലത്തെ ശകാരത്തിൽ നിന്നും ഊരിതിരിഞ്ഞ അച്ഛന്റെ വാക്കിലെ അർത്ഥം അവൾ വായിച്ചെടുത്തു. അംഗീകരിച്ചു.

ചിതലിന്ന് തിന്നാൻ ചുമരുകളല്ലാതെ മറ്റൊന്നും ആ വീട്ടിൽ ഉണ്ടായിരുന്നില്ല. സർക്കാർ ആശുപത്രിയിലെ മാലിന്യകൂമ്പാരത്തിലേക്കു മുഴകൾ നിറഞ്ഞ അമ്മയുടെ ഗർഭപാത്രം മുറിച്ച് വലിച്ചെറിഞ്ഞപ്പോൾ

രക്ഷപ്പെട്ടത്, അനാഥരെപ്പോലെ നിലവിളിച്ച് വള രേണ്ട കുറെ ജീവനുകളാണെന്ന് സ്വപ്ന പലപ്പോഴും ഓർത്തു ചിരിക്കുകയും കരയുകയും ചെയ്തു.

ഓരോ പ്രഭാതവും മേൽക്കൂരയുടെ ദ്വാരത്തിലൂടെ, അടുക്കളയുടെ ചുവരിൽ വീണ വെളിച്ചം, സ്വപ്നക്കുട്ടിക്ക് കോഴിമുട്ടയായിരുന്നു. കോഴിമുട്ട നിലത്തുകൂടി സഞ്ചരിച്ച് മറുഭാഗത്തെ ചുമരിൽ കയറി മങ്ങി ഇരുട്ടായി മാറിയാൽ, കഴിഞ്ഞിരുന്നത് ആഹാരമില്ലാത്ത ഒരു ഒഴിവു ദിവസമായിരുന്നു. ആഹാരം നാളെ കിട്ടുമെന്ന പ്രതീക്ഷ നൽകുന്ന ദിവസം. പഠിത്തത്തെക്കാൾ ആഹാരം കിട്ടുന്ന ഇടമായിരുന്നു സ്കൂൾ.

ദൈവം, സഖാവ് രാമചന്ദ്രൻ മാഷായിരുന്നു. 'പഠിക്കണം അതിനുള്ള പണം നമുക്ക് കണ്ടെത്താം' ജീവിക്കണം എന്ന് തോന്നിപ്പിച്ച മാഷിന്റെ വാക്ക്.

'അച്ഛനും അമ്മയും ഇവിടെ എങ്ങനെയെങ്കിലും ജീവിച്ചോളും, നീ ജോലിക്ക് ജോയിന്റ് ചെയ്തോളൂ. ബാംഗ്ലൂർ അത്രയ്ക്ക് ദൂരത്തൊന്നുമല്ലല്ലോ. ഒരു രാത്രി കൊണ്ട് ഇവിടെ എത്താം.' മാഷിന്റെ ഉപദേശവും അവസാന വാക്കും അതായിരുന്നു.

മാഷിന്റെ ശവശരീരം പൊതുദർശനത്തിന് വെച്ചപ്പോൾ, കാണാനുള്ള ക്യൂവിൽ നിന്ന് സ്വപ്ന ഓർത്ത് കരഞ്ഞതും ആ വാക്കായിരുന്നു.

തലമുറകളെ സൃഷ്ടിക്കാതെ കുറെ ജനങ്ങളുടെ സൗഹൃദം മാത്രം ബാക്കിവെച്ച് മാഷ് പോയപ്പോൾ തോന്നിയ ശൂന്യത, ജീവിതത്തിൽ മറ്റൊരിക്കലും തോന്നിയിട്ടില്ല. പലരുടെയും ജീവിതത്തിൽ ഇങ്ങനെയുള്ള മനുഷ്യരുണ്ടാകുമെന്ന് സ്വപ്ന പിന്നീട് പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. അവരുടെ നഷ്ടം അവരുടെ വാക്കുകളെ വീണ്ടും ജീവൻ വെപ്പിക്കാറുണ്ടെന്ന് സ്വപ്നയ്ക്ക് തോന്നി.

ആകാശത്തേക്ക് വെറുതെ കല്ലെറിഞ്ഞ്, മരത്തിൽ കയറി, കുളത്തിലേക്ക് വീണ തെങ്ങിലൂടെ നടന്ന് കുളത്തിലേക്ക് ചാടി, കിണറ്റിലിറങ്ങി ബക്കറ്റ് എടുത്തപ്പോഴുമെല്ലാം ആൺകുട്ടിയാണെന്ന് ജനം പറഞ്ഞു.

ആണിനായി പകുത്തുവെച്ച ജോലിയും കളികളിലും പങ്കുപറ്റി. തർക്കിച്ചപ്പോൾ മറ്റൊരു പേരുകൂടി - 'നിഷേധി'. ചുവന്ന കൊടി പിടിച്ച് ജാഥ നയിച്ചപ്പോൾ മാഷിന് അഭിമാനം, മറ്റുള്ളവർക്ക് തെറിച്ച പെണ്ണായി. പക്ഷേ, പഠിക്കുന്ന കാര്യം പറയുമ്പോൾ സ്വപ്നയെ കണ്ടു പഠിക്കാൻ മക്കളോട് പറഞ്ഞു. ഗ്രാമത്തിലെ ജനങ്ങളുടെ മനസ്സിൽ മിടുക്കിയായും താന്തോന്നിയായും സ്വപ്ന കയറിയിറങ്ങി.

തങ്ങളുടെ മക്കൾക്ക് പഠിക്കേണ്ടതായ ചിട്ട കള്ളി വരഞ്ഞ് കൊടുത്ത് ഉപദേശിക്കാൻ പറഞ്ഞ അമ്മമാരോട്, 'അങ്ങനെയൊന്നറിയില്ലെന്ന്' സ്വപ്ന ചിരിച്ചു മറുപടി നൽകി.

സ്കൂൾ വിട്ട്, അറിയാത്ത പുതുവഴികളിലൂടെ നടന്ന കാലത്ത് അച്ഛനെ കണ്ടുമുട്ടിയ സ്ഥലവും, വീടും, കള്ളുഷാപ്പും കൈപിടിച്ചു നടന്ന സ്ത്രീയും, ചിത്രമായി ഓർമ്മയിൽ എവിടെയോ ഒട്ടിപ്പിടിച്ചു. പിന്നീട് പല തവണ അച്ഛൻ മുഖം തിരിച്ചിരുന്നു. വീടിന്റെ അയയിൽ വിരിച്ചിട്ട കള്ളിമുണ്ടിന്റെ ചിത്രം, അച്ഛന്റെ മുഖം നഷ്ടപ്പെടുത്തി. അമ്മയെ അറിയിച്ചില്ല. അതുകൊണ്ട് അച്ഛനെക്കുറിച്ചുള്ള അമ്മയുടെ പരാതിക്കെട്ടിൽ അതൊന്നും സ്വപ്ന കണ്ടില്ല.

ഇരുളിന്റെ കറുപ്പിനെ മൊത്തം വെളിപ്പിക്കുന്ന പ്രകാശമുണ്ടെന്ന അറിവ് നഗരത്തിൽ നേരിൽ കണ്ടു. ഇരുളിന്റെ കറുപ്പും കാഠിന്യവും നഗരവാസികൾക്ക് അന്യമായിരുന്നു. ഇരുളിൽ നടന്ന് ജീവിതം കഴിച്ച അവൾ അതിശയിക്കാതിരുന്നത്, വർത്തമാനകാലത്ത് ജീവിക്കാൻ ശീലിച്ചതുകൊണ്ടാണ്. അതുകൊണ്ട് തന്നെ മാനേജരായി ഓഫീസിൽ ഇരിക്കുവാനും, മാളിൽനിന്ന് മദ്യക്കുപ്പി വാങ്ങുവാനും നഗരത്തിലെ വെളിച്ചം നിറച്ച വലിയ റോഡിലൂടെ നടക്കുവാനും സാധിക്കും.

ബാറിലെ നിയന്ത്രണം വിട്ട കുടി, ആറാം നിലയിലെത്തുന്നതുവരെ ഫ്ലാറ്റിലുള്ളവർക്ക് ഉണ്ടാകുന്ന ഉപദ്രവം, ദേഷ്യവും ധൈര്യവും അവസാനിപ്പിച്ച് കരയുന്ന കുട്ടിയെപ്പോലെ, കുടിയുടെ അവസാനഘട്ടത്തിലെത്തി നിൽക്കുന്ന അചരന്റെ കഥ നിധിഷിനോട് ഒരിക്കൽ പറഞ്ഞു.

'തന്നെ ഞാൻ ശ്രദ്ധിക്കാറുണ്ട്, താനെന്റെ മനസ്സിൽ, ഏതൊരു നിഘണ്ടുവിലും കാണാത്ത വാക്കാണ്.' നിധിഷിന്റെ വാക്കുകളേ കേട്ട് ചിരിച്ചവൾ ചോദിച്ചു 'നിധിഷിന് പ്രേമം തോന്നുന്നുണ്ടോ? പട്ടിണിയുടെ വലിയ ലോകം ചുരുക്കി ചെറുതാക്കിയവരാണ് ഞങ്ങൾ. നിങ്ങൾ ചെറിയ ലോകത്തെ വലുതാക്കി കാണുന്നവരും, നിധിഷെല്ലാം കറുത്ത റോഡിലൂടെ മാത്രം നടന്ന് മീശമുളച്ച പയ്യനാണ്'.

മുകളിൽ നിന്ന് നോക്കി. നീളമുള്ള ചെറിയ വീതിയുള്ള നാടപോലെയുള്ള, റോഡിലൂടെ കളിപ്പാട്ടങ്ങൾ പോലെ ഓടുന്ന വാഹനങ്ങൾ, ലിഫ്റ്റിന്റെ ഗ്ലാസ്സിലൂടെ കണ്ടു. അവ ലിഫ്റ്റിന്റെ വേഗതയ്ക്കൊപ്പം വലുതായി അടുത്തെത്തി.

ഭക്ഷണം ചുരുക്കി, എന്നിട്ടും അമ്മയ്ക്കു ഷുഗർ കൂടി. 'എന്റെ മരണശേഷം മോളേ നീ....' വാക്കുകൾ എന്നും ആവർത്തിച്ചു മുഴുമിപ്പിക്കാതെ കണ്ണുകൾ തുടയ്ക്കും.

തിരക്കുള്ള റോഡുകൾ മുറിച്ചു കടക്കുമ്പോഴും ഓർമ്മകൾ കമ്പിളിപ്പുതപ്പുപോലെ അവളെ മൂടി.

ശബ്ദവും പ്രകാശവും കാതിലും കണ്ണിലും എത്താൻ അനുവദിച്ചില്ല. പേരുപോലെ ജീവിത നിമിഷങ്ങളിൽ പകുതിയും സ്വപ്നത്തിലായിരുന്നു.

അവൾ, അവളെ മറ്റൊരു കസേരയിൽ ഇരുത്തി ചോദിച്ചു, ചിരിച്ചു, ചിന്തിപ്പിച്ചു. തത്ത്വജ്ഞാനിയുടെ കുപ്പായം ഇടയ്ക്കിടെ അണിഞ്ഞു നോക്കി.

ജീവിതത്തിന്റെ അർത്ഥവും, ഭാഗ്യവും നിർഭാഗ്യവും സംവാദത്തിൽ നിന്നും മാറ്റിനിർത്താൻ പ്രയാസപ്പെട്ടു. അച്ഛൻ പണ്ടുമുതൽക്കെ ഇങ്ങനെ ആയിരുന്നോ എന്ന ചോദ്യം എന്നെങ്കിലും ചോദിക്കണമെന്ന ആഗ്രഹം ഇപ്പോഴില്ല.

ജീവിതത്തിൽ ഓടിത്തളർന്നവർ അമ്പലത്തിന്റെ ആൽത്തറയിൽ വൈകുന്നേരങ്ങളിൽ കാക്കളെപ്പോലെ ഒത്തുകൂടി ക്ലാസ് വിട്ട് വരുന്ന സ്വപ്നയെ നോക്കി പല ദിവസവും ആവർത്തിച്ച ഒരു ചോദ്യം 'കള്ളുകുടിയൻ ചന്ദ്രന്റെ മോളല്ലെ' എന്നായിരുന്നു.

'പാവം കുട്ടിയും ആ മാധവിയും' ഒരു നെടുവീർപ്പോടെ ആരോ ആ സംഭാഷണം അവസാനിപ്പിച്ചുകൊണ്ടുള്ള ഗ്രാമത്തിന്റെ ഇടപെടലുകൾ, ഈ തിരക്കു പിടിച്ച നഗരത്തിൽ നിന്നോർക്കുമ്പോൾ, മനസ്സിൽ ഒരു മഞ്ഞുതുള്ളിയായി വേറിട്ടുനിന്നു. സ്വന്തം പ്രശ്നത്തിലും തിരക്കിലും ശ്രദ്ധിച്ച് സ്വയരക്ഷയുടെ ചെറിയ വൃത്തവുമായി നഗരത്തിൽ നടക്കുന്നത് സ്വാഭാവികം മാത്രം.

അതിവേഗത്തിൽ പോകുന്ന ആഡംബരകാറിലും, ടാക്സികളിലും ഉള്ളിൽ പുകയുന്ന മസ്തിഷ്കം പേറുന്ന മനുഷ്യരാണ്. അറിവെന്നത് ജോലിയിലുള്ള അറിവ് മാത്രമായി ചുരുക്കി ലിഫ്റ്റിലൂടെ ഉയരത്തിലുള്ള ശീതീകരിച്ച മുറികളിലെത്തി അറിവ് ചെറിയ ഒരു സ്ക്രീനിലേക്ക് പകർത്തി അറിവിനെ മറക്കുന്നു, കോസ്മോപൊളിറ്റൻ യുവതീയുവാക്കൾ. പ്ലാസ്റ്റിക് കാർഡുകളിലും സ്മാർട്ട് ഫോണിലും രക്ഷകനെയും സ്വാതന്ത്ര്യവും ഒളിപ്പിച്ചു വെച്ചവർ. ചെകുത്താൻ അതിൽ അറിയാതെ പതിയിരുന്നു.

കള്ളുകുടിയൻ ചന്ദ്രന്റെ മകളുടെ കൂടെ ജോലി ചെയ്യുന്ന ഹെലിനയെന്ന പെൺകുട്ടി മാസങ്ങൾക്കു മുൻപ് 25-ാം നിലയിൽ നിന്നും ചാടി ആത്മഹത്യ ചെയ്ത കഥ ആൽത്തറയിൽ നിന്ന് മാറാതെ നിന്നു. അമ്മയ്ക്ക് വരുന്ന ഫോണിൽ ആ അന്വേഷണം വരുന്നത് അതുകൊണ്ടുതന്നെ. ചോരകൊണ്ട് മാർബിൾ നിലത്ത് ചിത്രം വരച്ച് നിശ്ചലമായ ഹെലിനയെ സഹപ്രവർത്തകരും ഉറ്റവരും മറന്നു.

ലിഫ്റ്റിന് മുൻപിലെത്തിയപ്പോൾ കോവണിപ്പടി കയറാൻ കാത്തുനിൽക്കുന്ന അച്ഛനെ വിളിച്ചു. അടുത്ത ദിവസങ്ങളിലൊന്നും അച്ഛനെ ഇത്ര അടുത്ത് കണ്ടിട്ടില്ല. ലിഫ്റ്റിന്റെ മൂലയിൽ ചാരി വായപൊത്തി, അയാൾ സ്വപ്നയെ സൂക്ഷിച്ചു നോക്കി. കയ്യിലെ ബ്രഡ്സ്, സ്വപ്നയ്ക്ക് നേരെ നീട്ടിക്കൊണ്ട് ആരോടെന്നില്ലാതെ പറഞ്ഞു.

'അവൾക്കാണ്, ഞാൻ ഇത് വാങ്ങാൻ പോയതാണ്. അവൾക്ക് പനിയുണ്ടെന്ന് തോന്നുന്നു'.

അനുസരണയോടെ, രണ്ടു ഭാഗത്തേക്ക് മാറിതന്ന ലിഫ്റ്റിന്റെ വാതിൽ കടന്ന് അറുനൂറ്റിരണ്ടാം നമ്പർ വാതിലിന്റെ മുൻപിലെത്തുമ്പോഴേയ്ക്കും അമ്മ വാതിൽ തുറന്നു.



കയ്യിലുള്ള ബാഗിൽ നിന്നും ലാപ്ടോപ് കിടക്കയിലേക്കിട്ട് ബാഗ് ടേബിളിലേക്ക് വലിച്ചെറിഞ്ഞ് അവൾ കട്ടിലിൽ മലർന്ന് കിടന്നു. കണ്ണുകൾ തുറന്നപ്പോൾ, ഫ്രെയ്മിലിട്ട ചിത്രം പോലെ അമ്മ വാതിലിൽ നിൽക്കുന്നു. അവശത തളംകെട്ടി നിൽക്കുന്ന ആ മുഖം കണ്ട് അവൾ കരഞ്ഞുപോകുമെന്ന് തോന്നി.

'മോളെ ചായ' മേശമേലേക്ക് വിരൽ ചൂണ്ടി അമ്മ പറഞ്ഞു.

ഉറക്കം, മനുഷ്യരുടെ പ്രശ്നങ്ങളെ ഒരു പുകമറയിൽ ചുരുട്ടി പതിവുപോലെ മറ്റൊന്നായി കാണിച്ചുകൊണ്ടിരുന്നു. ചോദ്യങ്ങൾക്കോ, യുക്തിക്കോ, നിരക്കാത്ത കാഴ്ചകളുടെ ലോകം കത്തിപ്പടരുന്ന തീ കണ്ട് ഞെട്ടി ഉണർന്നു.

യു.എസ്സിൽ നിന്നും അഭിനന്ദനമറിയിക്കാനുള്ള, സുഹൃത്തിന്റെ വിളിയിൽ, മൊബൈൽ കിടന്ന് വിറയ്ക്കുന്നതായിരുന്നു.

'വയ്യെങ്കിലെന്തിനാമ്മേ ഇതെല്ലാം ഉണ്ടാക്കുന്നത്' പതിവ് ചോദ്യമായി അവസാനിച്ചു. ഒരു കേൾവിക്കുറവെന്ന പോലെ അമ്മയിൽ, ആ ചോദ്യം, ഭാവവ്യത്യാസം ഒന്നും ഉണ്ടാക്കിയില്ല.

'അമ്മ കഴിച്ചോ' ചോദ്യത്തിന് അച്ഛൻ കഴിച്ചുപോയി എന്ന് ഉത്തരം.

ഒരു പ്ലേറ്റിൽ കുറച്ചു ചോറുമായി അമ്മ തൊട്ടടുത്തു വന്നിരുന്നു. ഗ്രാമം വിട്ടിട്ടും അതിന്റെ ഭൂപടം മനസ്സിൽ തൂക്കിയിട്ടു അമ്മ പറഞ്ഞു തുടങ്ങി.

'പടിഞ്ഞാറെ വീട്ടിലെ ദാമോദരൻ വിളിച്ചിരുന്നു. നെന്റെ കാര്യം പ്രത്യേകം ചോയിച്ചു. നീ ദേഷ്യപ്പെട്ടില്ലെങ്കിൽ ഒരു കാര്യം പറയ. ഓന്റെ ഭാര്യന്റെ ബെന്തത്തിലുള്ള ഒരു ചെറുക്കൻ ബാംഗ്ലൂരില് ഉണ്ടോലെ.' അമ്മയുടെ വാക്കുകളെ ഒഴുക്കാൻ അനുവദിക്കാതെ അവൾ ചോദിച്ചു.

'ഇന്ന് എനിക്ക് ഒരു കൊറിയർ വന്നിരുന്നോ?'

'വന്നു മോളെ, ഞാനതു മറന്നു'.

അമ്മ നിർത്തിവെച്ച വാക്കുകൾ ഓർത്തെടുക്കുന്നതിന് മുൻപ് കഴിച്ചു കഴിഞ്ഞ പ്ലേറ്റുമായി എഴുന്നേറ്റ് നടന്നു.

'അവൾക്ക് ഇഷ്ടമില്ലെങ്കിൽ പിന്നെ എന്തിനാടീ, ഇങ്ങനെ നിർബന്ധിക്കുന്നത്. അച്ഛന്റെ വാക്കുകളിലെ സ്വാർത്ഥ അമ്മ മനസ്സിലാക്കി, ഹാളിലേക്ക് ഓടിവന്ന് അമ്മ അച്ഛനെ തുറിച്ചുനോക്കി.

വീണ്ടും ക്ലോക്കിലെ ഒൻപത് മണി. നഗരത്തിന്റെ തിരക്കിലേക്ക്. ഇരുപത്തിരണ്ടാം നിലയിലെ തണുത്ത മുറിയിലെ കറങ്ങുന്ന നീല കസേരയിൽ. ചെറിയ സ്ക്രീനിലേക്കുള്ള ഉറ്റുനോട്ടം. ഫുഡ്കോർട്ട്, പ്രേമമോ, സുഹൃത്ത്ബന്ധമോ തിരിച്ചറിയാത്ത ചിരികളും ചോദ്യങ്ങളും സംഭാഷണങ്ങളും. മീറ്റിംഗ്... വീണ്ടും ലിഫ്റ്റിൽ നിന്ന് താഴോട്ടേക്ക്. വെളിച്ചത്തിൽ കുളിച്ചു നിൽക്കുന്ന നഗരത്തിൽ. അറുനൂറ്റി രണ്ടാം മുറിയിലെ വിരിച്ചിട്ട കിടക്കയിൽ ഒരു ദിവസം കൂടി കഴിഞ്ഞു.

ലാപ്ടോപ്പിന്റെ സ്ക്രീനിൽ നിന്നു കണ്ണുകൾ പിൻവലിച്ച് മുൻപിൽ നിൽക്കുന്ന അമ്മയെ നോക്കി. അമ്മ, പേടിച്ചതുപോലെ ഒന്നും പറയാതെ തിരിഞ്ഞു നടന്നു. അമ്മയും അച്ഛനും തന്നെ പേടിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതു ഞാൻ സമ്പാദിക്കുന്നതുകൊണ്ട് മാത്രമാണ്. 'സമ്പത്ത് മനുഷ്യന്റെ ജീവിതത്തിലെ വലിയ ഘടകമാണെന്ന് ചെറുപ്പത്തിലെ തിരിച്ചറിഞ്ഞവളാണ് സ്വപ്ന. പണത്തിന് ബഹുമാനത്തെയും പേടിയേയും സുഖത്തെയും പിടിച്ചു വാങ്ങാൻ കഴിവുണ്ടെന്ന് പ്രസംഗിച്ചവളാണ്.

നെറ്റ് വളരെ 'സ്ലോ' ആയതിനാൽ ഒന്നും തുറക്കാൻ കഴിഞ്ഞില്ല. സ്ക്രീനിൽ, ഒരു പ്രകാശബിന്ദു വട്ടത്തിൽ കറങ്ങി മടുപ്പിച്ചപ്പോൾ ഷഡ്ഡൗൺ ചെയ്ത്, ലാപ്ടോപ് അടച്ച് കിടക്കയിൽ കമഴ്ന്ന് കിടന്നു. സ്വപ്നങ്ങൾ മിന്നാമിനുങ്ങുപോലെ വെളിച്ചം കത്തിച്ചുകൊണ്ട് വന്നു.

കാലിൽ എന്തോ ഇഴയുന്നതു പോലെ തോന്നി. ചാടി എഴുന്നേറ്റപ്പോൾ 'അച്ഛൻ'

'മാപ്പ് മോളെ, മാപ്പ്' പലതവണ ഒരേ വാക്ക് ആവർത്തിച്ചു. എന്തിനാണെന്ന് ചോദിച്ചില്ല. ഇരുളിന്റെ നിഴൽപോലെ അയാൾ വാതിൽ കടന്നുപോയി.

വാതിൽ കുറ്റിയിട്ട് കിടക്കയിൽ മലർന്ന് കിടന്ന് ഇരുളിലേക്ക് നോക്കി. മുറിയിൽ തങ്ങിനിന്ന മദ്യത്തിന്റെ മണം മൂക്കിലേക്ക് തുളച്ച് കയറിയപ്പോൾ, ചിന്തകൾ പ്രാകൃതരൂപം പൂണ്ടു.

'അച്ഛനെ വിട്ട് നാളെത്തന്നെ ഞാൻ മടങ്ങും. വൈകിട്ട് 8 മണിക്കാണ് ട്രെയിൻ. ഞാൻ നേരത്തെ വരാം. വീട്ടിൽ നിന്നും ഇറങ്ങുമ്പോൾ' അത്രമാത്രമെ പറഞ്ഞുള്ളൂ.

ചിതൽ തിന്നുന്ന വീട്ടിലേക്ക് അച്ഛൻ പോകാൻ തയ്യാറായപ്പോൾ അമ്മയുടെ മുഖത്ത് സന്തോഷവും ദുഃഖവും ഒരുപോലെ പ്രത്യക്ഷപ്പെട്ടു.

കള്ളിമുണ്ടുടുത്ത് മുറ്റത്ത് നിൽക്കുന്ന സ്ത്രീ, അയയിൽ ഉണങ്ങാൻ ഇട്ട അച്ഛന്റെ ഷർട്ട്, കോലായിൽ തിരിഞ്ഞിരിക്കുന്നു അച്ഛൻ, അമ്മ അറിയാത്ത ആ വീടിന്റെ ചിത്രമാണ് സ്വപ്നയുടെ മനസ്സിൽ തെളിഞ്ഞത്.

ഗുഡ്മോർണിംഗ് പറഞ്ഞ് കടന്നു ചെന്നു.

'ഗുഡ്മോർണിംഗ് സ്വപ്ന, നാട്ടുകാർക്കു ട്രീറ്റ് നൽകാൻ പോവുകയായിരിക്കും അല്ലെ?' സീനിയർ മാനേജർ കസേരയിൽ പാതിവട്ടം കറങ്ങിക്കൊണ്ട് ചോദിച്ചു. ടേബിളിലേക്ക് രണ്ട് കൈകലും സമാന്തരമായി വെച്ചുകൊണ്ട്, സ്വപ്നയോട് ഇരിക്കാൻ തലകൊണ്ട് ആംഗ്യം കാട്ടി.

ആ മുറി വിട്ട് ഇറങ്ങുമ്പോൾ സ്വപ്നയുടെ മനസ്സിൽ സീനിയർ പറഞ്ഞത് ആവർത്തിച്ചു. മിസ്സ് സ്വപ്ന, നമ്മുടെ പൊസിഷന്റെ പേർ പലതുമാവാം. പക്ഷേ അതിനോട് നീതി പുലർത്താൻ പറ്റുന്നില്ലെങ്കിൽ, അത് വെറും ഒരു പേര് മാത്രമാകും. അത് ഇന്ത്യൻ പ്രസിഡന്റ് പോസ്റ്റായാലും. ഒരു വ്യക്തി അയാളുടെ പൊസിഷനോടും മറ്റുള്ളവരിൽ നിന്നുള്ള ബഹു

മാനവും നിലനിർത്തിയില്ലെങ്കിൽ ആ സ്ഥാനത്ത് ഇരിക്കാൻ അയാൾ യോഗ്യനല്ല. സ്വപ്ന ഇന്നലെ മുതൽ ഒരു മാനേജരാണ്. ജോലി ഒരുപക്ഷേ പഴയ തിനേക്കാൾ കുറവായിരിക്കാം. എന്നാൽ ഉത്തരവാദിത്തം എത്രയോ മടങ്ങ് കൂടിയിരിക്കയാണ്. ഞാനീ പറഞ്ഞതെല്ലാം ഉപദേശമോ, ഒരു ഫോർമാലിറ്റിയോ അല്ല. ഒരു സഹപ്രവർത്തക എന്ന നിലയ്ക്ക് എന്റേതായ കാഴ്ചപ്പാട് പങ്കുവെച്ചെന്നു മാത്രം.

സ്വപ്ന സഹപ്രവർത്തകരോട് കുശലം പറഞ്ഞ് നേരത്തെ ലോഗ്ഔട്ട് ചെയ്തിറങ്ങി. Peak hour അല്ലാത്തതിനലായിരിക്കാം നഗരത്തിൽ തിരക്ക് കുറവായിരുന്നു. ലോകത്തിന്റെ മുക്കിലും മൂലയിലും പലതരത്തിലുള്ള പ്രശ്നങ്ങളുമായി മനുഷ്യർ കഴിയുന്നുണ്ടാകും. സന്തോഷയാത്രകൾ, വിലാപയാത്രകൾ, വിവാഹം, ജനനം, മരണം, അപകടങ്ങൾ, ഭാഗ്യങ്ങൾ, അവസരങ്ങൾ, ഉത്സവങ്ങൾ തുടങ്ങിയവ ആഘോഷിക്കുകയും പങ്കുവെയ്ക്കുകയും ചെയ്യുമ്പോൾ നഷ്ടങ്ങളിലും മരണങ്ങളിലും, അപകടങ്ങളിലും രോഗം മൂർച്ഛിച്ചതിലും മറ്റൊരിടത്ത് മനുഷ്യർദുഃഖിക്കുകയുംപങ്കുവെക്കാൻആരുമില്ലാതെ നെടുവീർപ്പിടുകയും, അലയുകയും ചെയ്യുന്നുണ്ടാകും. ലൈംഗിക സംതൃപ്തിയുടെ രഹസ്യങ്ങളിൽ, തീവ്രവാദത്തിന്റെ രഹസ്യങ്ങളിൽ ആരുമറിയാത്ത മറ്റൊരു ലോകം സൃഷ്ടിക്കുന്നവരും, ലക്ഷ്യത്തിലേയ്ക്കുള്ള യാത്രപോലെ ലക്ഷ്യമില്ലാത്ത യാത്ര തുടരുന്നവർ. ഭൂമിയുടെ മറുഭാഗത്ത് ഇപ്പോൾ ഉറങ്ങുന്നവർ...

ഡ്രൈവർ 'മാഡം' എന്ന് വിളിച്ചപ്പോഴാണ് കണ്ണ് തുറന്നത്.

അച്ഛൻ വല്ലാതെ കുടിച്ചിട്ടുണ്ട് മോളേ, ഇന്നലെ നീ കൊണ്ടുവന്ന ആ കുപ്പി മുഴുവനും തീർത്തു. പിൻതുടർന്ന് പറഞ്ഞുകൊണ്ടിരുന്ന അമ്മയെ അവൾ ഒന്നു തിരിഞ്ഞു നോക്കു മാത്രം ചെയ്തു.

ഒരു ചെറിയ ബാഗിൽ, നിത്യോപയോഗത്തിനുള്ള സാധനങ്ങൾ ഓരോന്നായി എടുത്ത് ബസ്സിലേക്ക് ഇട്ടുകൊണ്ട്, ഒരു യന്ത്രംപോലെ സ്വപ്ന അങ്ങോട്ടുമിങ്ങോട്ടും നടക്കുമ്പോൾ അമ്മ അവളെ പിൻതുടർന്നുകൊണ്ടേയിരുന്നു.

അവൾ കട്ടിലിൽ തലതാഴ്ത്തി ഇരുന്നു. അമ്മ അടുത്ത മുറിയിലേക്ക് പോയി.

നിശ്ശബ്ദത തണുത്തുറഞ്ഞ കുറെ നിമിഷങ്ങൾ കടന്നുപോയി. ചലനങ്ങൾ അത്യാവശ്യമായി വരുമ്പോൾ മാത്രമായി. ശബ്ദങ്ങൾ മൂന്നുപേരുടേയും വായിൽ അടങ്ങിയിരുന്നു വീർപ്പുമുട്ടി.

'....ഇനി ആ പുഷ്പയുടെ വീട്ടിൽ തന്നെ ആയിരിക്കും, അല്ലെ? സൗകര്യമായല്ലൊ? ഈ പെണ്ണിന്റെ കല്ല്യാണം കഴിഞ്ഞിട്ട് എന്ത് വേണമെങ്കിലും ആയിക്കൊള്ളൂ. ചോദിക്കാനും പറയാനും ഞാൻ വരില്ല....' അമ്മയുടെ പതിഞ്ഞ സ്വരം ആ നിശ്ശബ്ദതയിലൂടെ കടന്നുവരുന്നത് അവൾ കേട്ടു. എല്ലാം അറിഞ്ഞിട്ടും ഒന്നും അറിയാത്തവളെ പോലുള്ള അമ്മയുടെ ദുഃഖം അവളെ അത്ഭുതപ്പെടുത്തി.

'സമയമായി, ഇപ്പോൾ ക്യാബ് വരും'. അച്ഛനോട് പുറപ്പെടാൻ പറയൂ.

'അച്ഛൻ റെഡിയാണ് മോളേ'. നാവുകൾ കുഴഞ്ഞ് പറഞ്ഞ വ്യക്തതയില്ലാത്ത ആ വാക്കുകൾ അവളിൽ അസ്വസ്ഥത സൃഷ്ടിച്ചു. നാവു മാത്രമല്ല, ആ ശരീരം മൊത്തം കുഴയുന്നുണ്ട്. ലിഫ്റ്റിന്റെ വാതിൽ അടയാതിരിക്കാൻ വളരെ നേരം അമർത്തിപ്പിടിച്ച്, അച്ഛനെ ഉള്ളിലേക്ക് കയറ്റുമ്പോൾ, അമ്മ തലയിൽ കൈവെച്ച് മുഖം ചുളിച്ചു.

ഓവർ ബ്രിഡ്ജിന്റെ പടവുകൾ പ്രയാസപ്പെട്ട് കയറുമ്പോൾ അച്ഛനും മകളും റെയിൽവേ സ്റ്റേഷനിലുള്ളവരുടെ കാഴ്ചവസ്തുവായി.

ട്രെയിൻ ഇളകിയപ്പോൾ 'ലാപ്ടോപ്' എടുത്തു ഓൺ ചെയ്തു.

'വെള്ളം കിട്ടുമോ, മോളെ, വല്ലാതെ ദാഹിക്കുന്നു'

'ട്രെയിനിൽ വരും. ഇല്ലെങ്കിൽ അടുത്ത സ്റ്റേഷനിൽ നിന്നും വാങ്ങിത്തരാം.'

അടുത്ത സ്റ്റേഷനിലെ സ്വാഗതം കേട്ടപ്പോൾ ലാപ്ടോപ്പുമെടുത്തവൾ വെള്ളം വാങ്ങാൻ ഇറങ്ങി ഓടി. രണ്ടു നിമിഷം നിൽക്കുന്ന സ്റ്റേഷനാണ്. ഒരു കുപ്പി വെള്ളവുമായി "S12' എന്ന അവസാനത്തെ കംപാർട്ടമെന്റിന്റെ അടുത്തേക്ക് ഓടി. മുൻപിൽ ആടിയുലഞ്ഞ് വരുന്ന അച്ഛനെ കണ്ടവൾ ഞെട്ടി. അച്ഛന്റെ കൈപിടിക്കാൻ തോന്നിയില്ല. തിരിഞ്ഞു നടക്കാൻ മാത്രം പറഞ്ഞു.

"S12' കംപാർട്ട്മെന്റിന്റെ വാതിലിന്റെ കമ്പിയിൽ പിടിക്കാൻ അയാൾ കൈ നീട്ടി. വണ്ടിയിളകി. പിടിക്കാൻ കഴിയാതെ അയാൾ തള്ളപ്പെട്ടു. ട്രെയിനിന്റെ അവസാനഭാഗം വരെ തട്ടിയും തടഞ്ഞും, റെയിൽവേ പാളത്തിലേക്ക് അയാൾ കമഴ്ന്നു വീഴുന്നതുവരെ സ്വപ്ന വിറങ്ങലിച്ചുകൊണ്ട് നോക്കിനിന്നു. ട്രെയിൻ കടന്ന് ദൂരേക്ക് പോകുമ്പോൾ പിന്നിൽ മഞ്ഞനിറത്തിലെ അടയാളം തെറ്റ് എന്നതുപോലെ തെളിഞ്ഞു.

ജനത്തിന്റെ ആരവത്തിൽ, അവളുടെ ശബ്ദമില്ലെന്ന് അവൾ തിരിച്ചറിഞ്ഞു.

‘ജീവനുണ്ട്, തലപൊട്ടിയിട്ടുണ്ട്, ഭാഗ്യം, ട്രെയിനിന്റെ പിന്നിലായത്...’ കൂടിനിന്നവരുടെ മൊബൈലുകൾ തെളിഞ്ഞു. സ്വപ്നത്തിൽ വന്നിറങ്ങാറുള്ള മിന്നാമിനുങ്ങുകളെ പോലെ പ്ലാറ്റ്ഫോമിൽ നിന്നും മൊബൈലിലെ ടോർച്ച് തെളിയിച്ചുകൊണ്ട് ആളുകൾ ചാടിയിറങ്ങുന്നത് നോക്കി അവൾ പിറകിലേക്ക് നടന്നു.

കറന്റ് പോയി ഇരുട്ടിലായ സ്റ്റേഷനിലേക്ക് നിലാവെളിച്ചം കടന്നുവന്നു. വെളിച്ചം, തൂണിൽ തട്ടി സൃഷ്ടിച്ച നിഴലിൽ അവൾ അനങ്ങാതെ നിന്നു.

‘അച്ഛനെയും എടുത്തുകൊണ്ട് പ്ലാറ്റ്ഫോമിലെത്തിയ കുറെ ചെറുപ്പക്കാർ വീണ്ടും മൊബൈൽ തെളിയിച്ചു. മകളെ തിരയുകയാണവർ. സ്റ്റേഷനിൽ വെളിച്ചമില്ലാത്തതിനെ രാഷ്ട്രീയമായും, റെയിൽവേയുടെ അനാസ്ഥയായും വിലയിരുത്തി ചിലർ സംസാരിച്ചു.

രണ്ടാമത്തെ പ്ലാറ്റ്ഫോമിൽ, സിറ്റിക്കുള്ള പാസഞ്ചർ വന്നു നിന്ന ബഹളം.

സീനിയർ മാനേജർ രാവിലെ പറഞ്ഞ വാക്കുകൾ ഓർമ്മയിൽ ആവർത്തിച്ചു.

നിധിഷിന് ഫോൺ ചെയ്യണമെന്ന് തോന്നി. അജ്ഞാതരായ കുറച്ചാളുകളുടെ കൂടെ, അച്ഛനെയും കൊണ്ട് ആശുപത്രിയിൽ പോകുന്നത് അപകടമാണെന്ന നിധീഷിന്റെ അഭിപ്രായം ശരിയാണെന്ന് തോന്നി. തിരിച്ച് സിറ്റിയിലേക്ക് തിരിക്കാനുള്ള നിർദ്ദേശം, അവളുടെ ചുറ്റും തടിച്ചുകൂടിയ എന്തോ ഭാരം ഒലിച്ചിറങ്ങി, ഇല്ലാതാക്കി.

‘അച്ഛൻ എന്നോ നിങ്ങളെ ഉപേക്ഷിച്ചിരിക്കുന്നു. നിങ്ങളാണ് ഉപേക്ഷിക്കാതിരിക്കുന്നത്’

‘ഓബ്യസ്ലി’, മനസ്സിൽ വാക്കുകൾ ആവർത്തിക്കപ്പെട്ടു. പാസഞ്ചർ ഇളകാൻ തുടങ്ങുന്നതിന് മുൻപ് തന്നെ അവൾ കയറി ഇരുന്നു. ഒരു ആംബുലൻസിന്റെ നിലവിളി സ്റ്റേഷനടുത്തേക്ക് വന്നുകൊണ്ടിരിക്കുന്നു. അവൾ സീറ്റിൽ ചാരിയിരുന്നു. കണ്ണുകൾ അടച്ചു, മനസ്സും.

ജീവിതത്തിൽ ഒന്നും ആലോചിക്കാത്ത കുറെ നിമിഷങ്ങൾ അവളിലൂടെ ആദ്യമായി കടന്നുപോയി.

അല്പനേരം കഴിഞ്ഞ് ഓർമ്മവെച്ചനാൾ മുതലുള്ള അച്ഛന്റെ ചിത്രങ്ങൾ മനസ്സിൽ ഫ്രെയിമുകളാക്കി നിർത്തി ചോദ്യങ്ങൾ ഉന്നയിച്ചു.

‘ഓബ്യസ്ലി’ അവൾ ആവർത്തിച്ചു.

അവളിലെ ചോദ്യങ്ങളും ഉത്തരങ്ങളും അവസാനിച്ചു.


ಟಿ. ಎಸ್. ವೆಂಕಟೇಶ್

**T.S. VENKATESH**

President & Secretary Works Committee
ADE SC / ST Association

Ph (O) 25058184, (R) 25248280, (M) 9448011958

ADE

**AERONAUTICAL DEVEL OPMENT ESTABLISHMENT**

DRDO, Ministry of Defence Govt of India
New Thippasandra, Benaluru - 560 075

Res: C-23/8, DRDO Township, CV Raman Nagar, Bengaluru-93

# SRI NARAYANA STORES FAMILY SHOP

No.6+2, Krishnappa Building, Opp. Crescent Engineering Company
Nagavarapalaya, C.V.Raman Nagar, Bangalore-560093
Ph: : 25244190, 22907740, Mob: 9886818054 / 9845268804

**HOME DELIVERY 9.00 AM TO 9.00 PM**

- General Provisions
- Cosmetics
- Confectioneries
- Stationeries
- Gifts Articles
- Crockery
- Kitchen Items etc.,

*We also cater to your bulk order for marriages, and other functions at very reasonable rates.*

*Please drop in at your convenient time between 7.00 AM to 10.00 PM on all days including Sundays.*

---

# TiffUn

*One Box Many Flavours*

## OFFERING

**Veg | Non-veg Tiffun Box**

*(Roti | Sabji | Dal | Rice | Salad | Chutney)*

**FREE HOME DELIVERY** Call us: 9148315248 / 080 25244929

CV Raman Nagar, Nagavara Pa;aya, Bangalore

# Bronco SYSTEMS

## Advanced Security Solutions

## OUR PRODUCTS


CCTV


FAS


ACS


BOOM BARRIER


BOLLARDS

## OUR CLIENTAL

DRDO | NPCIL NUCLEAR POWER CORPORATION OF INDIA | ISRO Indian Space Research Organisation | Canara Bank | VIJAYA BANK | Karnataka Bank Ltd. | INDIAN RAILWAYS | पावरग्रिड Power Grid Corporation of India

#17, I Floor, 80 Feet Road, Srinivasanagar, BSK I Stage,
Bangalore –560050, India
www.broncosystems.in | 08026692518 / 9880661156




**Largest, exclusive architecture campus in Kerala**

Global Institute of Architecture, a unit of Palakkad Lensffed Charitable Trust, is situated in a sprawling lush green 5 ½ acre campus at Pathiripala, Palakkad in Kerala. GIA offers Calicut University Syllabus, specialized faculty, state-of-the-art infrastructure, high definition class rooms and modern hostel facilities for creating globally competent architects.

**Highlights of GIA**

- Won the prestigious Indo Global Architecture Education Excellence Award 2015
- Wi-Fi Campus
- Separate hostels for girls and boys inside the campus
- Best contemporary library
- 3D involvement, teachers-students-parents formula

Code: KL 19

gia
Global Institute of Architecture

**Global Institute of Architecture**
Pathiripala, Palakkad 678642, Kerala. Ph : 0491 2872285
Mob: 8547884063, 9447408307
Email: globalinstituteofarchitecture@gmail.com
Web: www.gia.org.in

(Approved by the Council of Architecture, and affiliated to University of Calicut.)

**Surendra U.R.**
Proprietor

**Mob: +91 98459 95271**
**+91 98453 09495**

# NEW TANDOOR

**VEG & NON VEG. MULTICUISINE FAMILY RESTAURANT**

Kaggadasapura Main Road, C.V. Raman Nagar, Bangalore - 560 093
E-mail: surendragowda370@gmail.com

PARTY HALL AVAILABLE

**40 to 50 Members**

Contact: 9845995271

FREE HOME DELIVERY

Contact: 9448703927
080-65749410 / 080-25244044

*With Best Wishes From*

98459 98962
99801 29901

# Pleasant Travels

**All kinds of A/c & Non A/c Cars, Luxury Coaches (12, 18, 35, 50 seats)**

WESTERN UNION | MONEY TRANSFER

ONLINE
Air | Train | Bus
Ticket Booking
Tirupathi Package Tours




# 421/1, 80ft Road, Michael Palaya, indiranagar
Bengaluru - 560 038
Phone: 080-2576040 / 25219162
email: pleasant.travels@yahoo.co.in

# സാന്ത്വനം



സുമ ശ്രീകുമാർ

ഇനി ഞാൻ മയങ്ങട്ടെ, ഒരു സ്വൽപ്പനേരം
ഹരിതാഭമാം, ഈ, പുൽമടിത്തട്ടിന്മേൽ
ഓടിത്തളർന്നിരിക്കുന്നിതെൻ പാദങ്ങൾ
ഭയമായിരുന്നെനിക്കാ ഇരുളിനെ എന്നെന്നും.

If today its weight and appearance, you very well know it would be marks and medals and artistic capabilities tomorrow and you would be the next frame of reference.

Life goes on and so the basic instincts.

You just live that for eternity.

കഥ

# ഞങ്ങൾ കടലിന്റെ മക്കൾ



ശാലിനി ജോസ്

''കൂയ്... ആളുണ്ടോ... ആളുണ്ടോ...'' വെള്ളം കയറിയ വീടുകൾ നോക്കി ഞങ്ങൾ വള്ളം തുഴഞ്ഞു. കേട്ടിട്ടില്ലാത്ത സ്ഥലം.... അറിഞ്ഞുകൂടാത്ത വഴികൾ... എങ്കിലും ഒരു ജീവനെങ്കിലും അവിടെ കുടുങ്ങിയിട്ടുണ്ടെങ്കിലോ... പിന്നെ ഞങ്ങൾ ഒന്നും നോക്കിയില്ല... വള്ളം മുൻപോട്ടു തുഴഞ്ഞു. ചെളി നിറഞ്ഞ വെള്ളം... പലസ്ഥലത്തുംലൈൻകമ്പികൾപൊട്ടിക്കിടക്കുന്നു... വള്ളം കമ്പിയിൽ കുരുങ്ങിയാൽ ഞങ്ങൾപോലും പെട്ടുപോകും. അപ്പോഴാണ് ദൂരെ ഒരു അച്ഛനും മോനും.. ഒരു തടിക്കഷണത്തിൽ പിടിച്ചു കിടക്കുകയാണ്. ഞാൻ അവരുടെ അടുത്ത് തുഴഞ്ഞെത്തി. വള്ളത്തിലേക്ക് കയറ്റിയപ്പോൾ അവർ നിർത്താതെ നന്ദി പറഞ്ഞുകൊണ്ടിരുന്നു. പോയ വഴിയിൽ കണ്ട എല്ലാവരേയും ഞങ്ങൾ വള്ളത്തിൽ കയറ്റി.

സമയം രാത്രി 8 മണി ആകാറായി. പുലർച്ചെ ഇറങ്ങിയതാണ്. അതിരാവിലെ 5.30 ന് പള്ളിയിൽ കൂട്ടമണി കേട്ട് ഞങ്ങൾ ഓടിക്കൂടി. അപ്പോഴാണ് അറിഞ്ഞത് ചെങ്ങന്നൂരിലും ആലുവ ഭാഗത്തും വെള്ളം കയറി ആളുകൾ കുടുങ്ങിക്കിടക്കയാണ്. അവരെ എങ്ങനെയെങ്കിലും രക്ഷിക്കണം. പിന്നെ ഒന്നും നോക്കിയില്ല. അരമണിക്കൂറിൽ ഞങ്ങൾ വള്ളവും എൻജിനും സെറ്റ് ചെയ്തു. എന്റെ കൂടെ റോബിനും അനിയും അലക്സാണ്ടറും ആന്റണിയും ഉണ്ട്. വേറെ വള്ളങ്ങളും ഉണ്ട്. വീട്ടിൽ നിന്നും ഇറങ്ങിയപ്പോൾ ഞാൻ ഭാര്യയോട് പറഞ്ഞു ''അവിടെ വെള്ളത്തിൽ കുടുങ്ങിയവരെ രക്ഷിക്കണം. തിരിച്ചു വരുമോ എന്ന് എനിക്ക് അറിഞ്ഞുകൂടാ''. ''ഇത്രേം അപകടത്തിലേക്ക് വള്ളവും കൊണ്ട് പോണോ''. അവൾ ചോദിച്ചു പക്ഷെ അവളുടെ കണ്ണിൽ ഞാൻ ഒരു ധൈര്യം കണ്ടു. തിര മുറിച്ചു കടന്നു കടലിൽ പോകുന്നവരാണ് ഞങ്ങൾ. ഞങ്ങൾ എവിടെയും രക്ഷപെട്ടുവരുമെന്നു അവൾക്ക് അറിയാമായിരുന്നിരിക്കും. പോകുന്നതിനു മുൻപ് ഞാൻ തൊട്ടിലിൽ കിടന്ന എന്റെ സെൽവിമോളെ ഒന്നു നോക്കി. നല്ല ഉറക്കമാണ്. കടലിൽ പോയാലും അവളുടെ മുഖം ഒന്ന് കണ്ടിട്ടേ ഞാൻ കടലിൽ പോകൂ. തിരയിൽ പെട്ടാലും തിരിച്ചു വരാനുള്ള ശക്തിയാണത്.

രാത്രി 8 നും ഞങ്ങൾ തിരഞ്ഞുകൊണ്ടിരുന്നു. വഴി അറിയില്ല. കൈയിൽ ടോർച്ചും ഇല്ല. അന്ന് ഞങ്ങൾ 800 ഓളം ആൾക്കാരെ രക്ഷിച്ചു. ഞങ്ങൾ ഒന്നും



കഴിച്ചിട്ടില്ല. ചിലർ ബിസ്ക്കറ്റും വെള്ളവും തന്നു. കടലിൽ പോകുന്ന ഞങ്ങൾക്ക് ബിസ്ക്കറ്റ് ഒന്നും ശീലം ഇല്ല. അതുകൊണ്ട് ഒന്നും കഴിച്ചില്ല. പിറ്റേന്ന് വീണ്ടും ഇറങ്ങി. അപ്പോഴാണ് അറിയുന്നത് ഒരു സ്ഥലത്ത് 100 പേർ കുടുങ്ങി കിടക്കുന്നു. എസ്.പി. സർ പറഞ്ഞു ''അവിടെ നല്ല ഒഴുക്കുണ്ട്. നേവീടെ ചെറിയ ബോട്ട് പോകില്ല. അവർ മാറി നിൽക്കുന്നു. നിങ്ങൾ പോയില്ലെങ്കിൽ ആ മനുഷ്യരെ നമുക്ക് രക്ഷിക്കാൻ പറ്റില്ല''. പിന്നെ ഞങ്ങൾ ഒന്നും ഓർത്തില്ല. വള്ളവും ആയി അങ്ങോട്ട് പോയി. നല്ല ഒഴുക്ക്... പോകുന്ന വഴി ഞങ്ങളുടെ വള്ളം ഒഴുക്കിൽ പെട്ട് മറിഞ്ഞു. വള്ളത്തിന്റെ ഒരു വശം പൊട്ടി കിടന്ന ട്രാൻസ്ഫോർമർ കമ്പിയിൽ കുരുങ്ങി. ഞങ്ങൾ എല്ലാ വരും ആ കമ്പിയിൽ പിടിച്ചു രക്ഷപെട്ടു. പിന്നെയും വള്ളം എടുത്തു ഞങ്ങൾ മുൻപോട്ടു പോയി. വള്ളത്തിൽ 40 ആൾ ആയി. ഞങ്ങൾ തിരിച്ചു തുഴഞ്ഞു. അപ്പോഴാണ് ഒരു അമ്മയുടെ നിലവിളി. ഞങ്ങൾ നോക്കിയപ്പോൾ ഒരു കുഞ്ഞുമായി ഒരമ്മ നിലവിളിക്കുന്നു. ''എന്റെ കുഞ്ഞിനെ രക്ഷിക്കണേ''.



വള്ളത്തിൽ ഇനി ആരെയും കയറ്റാൻ സ്ഥലമില്ല. 40 പേരിൽ കൂടിയാൽ ആ ഒഴുക്കിൽ വള്ളം മറിയും. എല്ലാവരുടെയും ജീവൻ രക്ഷിക്കണം. ഞാൻ ആ കുഞ്ഞിനെ നോക്കി. ഒരു നിമിഷം എന്റെ സെൽവിടെ മുഖം ഒരു മിന്നായം പോലെ ഞാൻ കണ്ടു. എന്റെ ചങ്കു പിടഞ്ഞു പോയി. പിന്നെ ഒന്നും ഓർത്തില്ല. ഞാൻ വെള്ളത്തിലേക്ക് ചാടി. നീന്തി ചെന്ന് ആ കുഞ്ഞിനെ വാരിയെടുത്തു വള്ളത്തിൽ എത്തിച്ചു. അപ്പോഴാണ് ശ്രദ്ധിച്ചത് വെള്ളത്തിൽ അരയോളം ചെളിയാണ്. ഇനി ആ അമ്മയെ രക്ഷിക്കണം. അവരെ കയറ്റാൻ വള്ളത്തിൽ സ്ഥലമില്ല. പക്ഷെ ഒഴുക്ക് കൂടിക്കൊ ണ്ടിരിക്കുന്നു. ഉടൻ റോബിൻ പറഞ്ഞു ''പുഷ്പരാജാ, ഞങ്ങൾ വെള്ളത്തിൽ ചാടി നീന്തി വരാം''. അരയോളം ഉള്ള ചെളി. അതിൽ നീന്തിയാൽ ആപ ത്താണ്. പക്ഷെ അവർ കേട്ടില്ല. ഞങ്ങൾ ആ അമ്മയെ കയറ്റി. റോബിനും അനിയും അന്തോണിയും അലക്സാണ്ടറും വെള്ളത്തിൽ ചാടി. ചെളി നിറഞ്ഞ ഒഴുക്കിൽ അവർ നീന്തി കയറി. പിന്നെയും ഞങ്ങൾ ആളുകളെ വള്ളത്തിൽ കയറ്റി. അങ്ങനെ മൂന്നു ദിവസം ആഹാരമില്ലാതെ ഞങ്ങൾ ആളുകളെ രക്ഷ പ്പെടുത്തി. സ്വന്തം കൂടെപ്പിറപ്പുകൾ വെള്ളത്തിൽ പെടുന്ന വേദന ഞങ്ങൾക്ക് അറിയാം.

'ഓഖി' വന്നപ്പോൾ ഞങ്ങളുടെ വള്ളവും കടലിൽ പെട്ടു... അന്ന് എന്റെ കൂടെയുള്ള അലക്സാണ്ടർ ഒരു രാത്രി മുഴുവൻ തടിയിൽ പിടിച്ചു കിടന്നാണ് രക്ഷപെ ട്ടത്. കടപ്പുറത്തു കൊണ്ടു വന്നപ്പോ അലക്സാണ്ടറിന്റെ കൈയ്യെല്ലാം മരവിച്ചുപോയി. ഞങ്ങൾ കടലിൽ പോയില്ലെങ്കിൽ പുരയിൽ പട്ടിണിയാകും. അതു കൊണ്ടു അലക്സാണ്ടർ വീണ്ടും വള്ളത്തിൽ പോയി തുടങ്ങി.

ഇന്ന് എന്റെ സെൽവി മുറ്റത്ത് ഓടിക്കളിക്കുമ്പോൾ ഞാൻ ആ കൊച്ചിനെയും അമ്മയെയും ഓർക്കും. ചിരിച്ചുകൊണ്ട് അവളും കളിക്കയായിരിക്കും.

ഇനിയും ഒരു വെള്ളപ്പൊക്കം ഉണ്ടാകുമോ എന്ന് എനിക്ക് അറിഞ്ഞുകൂടാ. എങ്കിലും ഇനിയും വെള്ളം കയറിയാലും നിങ്ങളെ രക്ഷിക്കാൻ ഞങ്ങൾ വരും. ജീവൻ കളഞ്ഞും ഞങ്ങൾ നിങ്ങളെ രക്ഷിക്കും.

കാരണം ഇരച്ചു വരുന്ന തിരകളെയും വള്ളം മറിച്ചി ടുന്ന കാറ്റിനെയും ഞങ്ങൾ എന്നും നേരിടുന്നതാണ്. ഞങ്ങൾ കടലിന്റെ മക്കൾ.

# ഡി.ആർ.ഡി.ഒ. ഓണം @ 32



**ലോഹിതാക്ഷൻ**
**കണ്ണൂർ**

ഡി.ആർ.ഡി.ഒ. ഓണം 32-ാമത്തെ ആഘോഷം 2019 ഒക്ടോബർ 13-ാം തീയതി ആഘോഷിക്കുന്നു. അതെ, ഡി.ആർ.ഡി.ഒ. ഓണം 32-ാം വയസ്സിലേക്ക്. 32 വർഷം ആവുമ്പോഴേയ്ക്കും പല മാറ്റങ്ങളും സംഭവിച്ചു. പഴയ തലമുറ പുതിയ തലമുറയ്ക്ക് കൈമാറിയിരിക്കുന്നു. ഇപ്പോൾ എല്ലാ കാര്യത്തിനും പുതിയ തലമുറയാണ്. അവർ ഭംഗിയായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു. അഭിനന്ദനങ്ങൾ.

എന്നാൽ ചില മാറ്റങ്ങൾ ഉൾക്കൊള്ളാൻ പറ്റുന്നില്ല. ഞങ്ങൾ രണ്ടുദിവസമായി ആഘോഷിച്ച ഓണം ഇപ്പോൾ ഒറ്റദിവസമായി ചുരുക്കിയിരിക്കുന്നു. കാരണം സാമ്പത്തികം. കുറച്ചുകൂടി ഉത്സാഹിച്ചാൽ നമുക്ക് രണ്ട് ദിവസം തന്നെ ആഘോഷിക്കാൻ പറ്റും. അതിന് ശ്രമിക്കണം.

ഞാൻ മുമ്പ് എഴുതിയതുപോലെ ഞങ്ങൾ ഒരുപാട് കഷ്ടപ്പെട്ടാണ് ഡി.ആർ.ഡി.ഒ. ഓണം എന്ന പ്രസ്ഥാനം ഈ നിലയിൽ എത്തിച്ചത്. 1987-ൽ ഡി.ആർ.ഡി.ഒ. ഓണം എന്ന ആശയം ഉടലെടുത്തപ്പോൾ തന്നെ ഒരു കമ്മിറ്റി തികയ്ക്കാനുള്ള ആളുകൾ ഉണ്ടായിരുന്നില്ല. ''ഉള്ളതുകൊണ്ട് ഓണംപോലെ'' എന്ന പഴമൊഴി കടമെടുത്ത് ഞങ്ങൾ തുടങ്ങി. ഓരോ കടയിലും ചെന്ന് ഞങ്ങൾ പിരിച്ചു. പിരിഞ്ഞു കിട്ടിയതിൽ നിന്ന് എല്ലാ ചെലവുകഴിഞ്ഞാലും ഞങ്ങൾ കുറച്ച് പൈസ മിച്ചം കിട്ടുമായിരുന്നു. അത് ഞങ്ങൾ സ്വരൂപിച്ച് വെച്ചു. അങ്ങനെ ഓണാഘോഷത്തിലും മാറ്റങ്ങൾ വരുത്തി. ആദ്യമൊക്കെ ഡി.ആർ.ഡി.ഒ. മലയാളി ഫാമിലിയുടെ കുട്ടികളും മുതിർന്നവരും മാത്രമായിരുന്നു കലാപരിപാടികൾ അവതരിപ്പിച്ചിരുന്നത്. ഡി.ആർ.ഡി.ഒ. ഓണം വന്നതോടുകൂടി പരിപാടിയിലും മാറ്റംവരുത്തി. പുറത്തുനിന്നുള്ളവരുടെ പരിപാടിയും ഞങ്ങൾ നടത്താൻ തുടങ്ങി. അത് ഇപ്പോഴും തുടരുന്നു.

രണ്ട് പരിപാടിയും ഒരു ദിവസം നടത്താൻ ഞങ്ങൾ ഏറെ ബുദ്ധിമുട്ടി. അങ്ങനെ ഡി.ആർ.ഡി.ഒ. ഓണാഘോഷം രണ്ട് ദിവസമായി. വീണ്ടും ഞങ്ങൾ ഒരുപാട് മുന്നോട്ട് പോയി. ഡി.ആർ.ഡി.ഒ. ഓണം സ്പോർട്സ്, ഉപന്യാസ മത്സരം, സാഹിത്യസന്ധ്യ, മാത്രമല്ല എസ്.എസ്.എൽ.സി.ക്കും പ്ലസ്ടുവിനും ഉയർന്ന മാർക്ക് വാങ്ങുന്ന കുട്ടികൽക്ക് എജ്യൂക്കേഷൻ അവാർഡും കൊടുത്തു തുടങ്ങി. എല്ലാംകൊണ്ടും ഒരു നല്ല ഓണാഘോഷം.

ഇത്രയും നല്ലൊരു ഓണാഘോഷം എന്റെ നാട്ടിൽ ഇല്ല. പ്രത്യേകിച്ച് എന്റെ ഗ്രാമത്തിൽ. ഒന്നുരണ്ട് വർഷം ഞങ്ങൾ കുറച്ചുപേർ ചേർന്ന് നടത്തിയിരുന്നു. ഈ വർഷം അതും ഇല്ല. ആർക്കും ഒന്നിനും സമയമില്ല. എല്ലാവരും തിരക്കിലാണ്. പിന്നെ പ്രളയവും. ഈ പ്രാവശ്യം എന്റെ നാടിനെ പ്രളയം തളർത്തിക്കളഞ്ഞു. എന്റെ വീട്ടിലും വെള്ളം കയറി. നാലഞ്ചുദിവസം എന്റെ നാട് ഇരുട്ടിലായിരുന്നു. മെഴുകുതിരി പോലും കിട്ടാനില്ലാത്ത അവസ്ഥ. ഒരാൾക്കുപോലും പുറത്തിറങ്ങാൻ പറ്റുന്നില്ല. നല്ലവരായ ജനങ്ങൾ സഹകരിച്ച് ഒരുമിച്ച് പ്രവർത്തിച്ചു.

കഴിഞ്ഞവർഷം ടിവിയിൽ പ്രളയം കണ്ടെങ്കിലും ഈ വർഷം ഞങ്ങൾ നേരിട്ടറിഞ്ഞു. അതിന്റെ പ്രയാസങ്ങൾ ഇനിയൊരിക്കലും ഇങ്ങനെ ഉണ്ടാവരുതേ എന്ന് പ്രാർത്ഥിക്കുന്നു. കഴിഞ്ഞ വർഷം (2018-ൽ) ഡി.ആർ.ഡി.ഒ. ഓണാഘോഷം നടത്താതെ കേരളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന കൊടുത്തു. ഡി.ആർ.ഡി.ഒ. ഓണം കമ്മിറ്റിക്ക് അഭിനന്ദനങ്ങൾ.

ഒരു കാര്യംകൂടി പറയാൻ ആഗ്രഹിക്കുന്നു. ഡി.ആർ.ഡി.ഒ. ഓണം കമ്മിറ്റിയിൽ നിന്നും റിട്ടയർ ചെയ്യുന്നവരെ ആദരിക്കുന്ന ഒരു ചടങ്ങ് ഞങ്ങൾ നടത്താറുണ്ടായിരുന്നു. 2017-ലെ ആഘോഷത്തിൽ

ആ കാര്യത്തിൽ ചില വീഴ്ചകൾ സംഭവിച്ചു എന്നത് ഖേദകരമാണ്. കമ്മിറ്റി മെമ്പർമാർക്ക് ഒന്നും തന്നെ കിട്ടാറില്ല. അവർ കഷ്ടപ്പെടുക മാത്രമാണ് ചെയ്യുന്നത്. അവർക്കുവേണ്ടി ഞങ്ങൾ ആകെ ചെയ്യുന്നത് ഇതുമാത്രമാണ്. നിറഞ്ഞ സദസ്സിൽ അത് ഏറ്റുവാങ്ങുമ്പോൾ ഒരാവേശമാണ്, ഒരാശ്വാസമാണ്, ഒരു സന്തോഷമാണ്. അത് നിർത്തരുത്. തുടരണം എന്ന ഒരഭിപ്രായം എനിക്കുണ്ട്. കമ്മിറ്റി ഇത് സ്നേഹത്തോടെ സ്വീകരിക്കുമെന്ന് വിശ്വസിക്കുന്നു.

2016 ഡിസംബറിൽ ഞാൻ റിട്ടയർ ചെയ്ത് നാട്ടിൽ സെറ്റ് ചെയ്തെങ്കിലും ഡി.ആർ.ഡി.ഒ. ഓണം എന്ന് കേൾക്കുമ്പോൾ തന്നെ ഒരാവേശമാണ്. എല്ലാ വിവരങ്ങളും ശ്രീകുമാറും മറ്റുള്ളവരും എന്നെ അറിയിക്കുന്നതിൽ സന്തോഷം. എല്ലാ വിവരങ്ങളും അറിയിക്കുന്ന കമ്മിറ്റിക്ക് എന്റെ അഭിനന്ദനങ്ങൾ. കൂടെ ഒരു ക്ഷണക്കത്ത് (റിട്ടയർ ചെയ്ത പഴയ മെമ്പർമാർക്ക്) അയയ്ക്കുകയാണെങ്കിൽ നന്നായിരിക്കും. അല്ലെങ്കിൽ സെക്രട്ടറിയുടെ ഒരു ഫോൺകാൾ എങ്കിലും.

ഡി.ആർ.ഡി.ഒ. ഓണം കമ്മിറ്റിയിൽ അംഗങ്ങളായിരുന്ന കുറച്ച് പേർ നമ്മെ വിട്ട് പിരിഞ്ഞ് പോയി. അവർക്ക് എന്റെ പ്രണാമം.

ഡി.ആർ.ഡി.ഒ. ഓണം ഇനിയും ഇനിയും നന്നായി മികവുറ്റതായി നടത്തണം. ഈ വർഷത്തെ ഓണാഘോഷവും നന്നായി നടത്താൻ കഴിവുള്ള കമ്മിറ്റിക്കും മറ്റുള്ള എല്ലാവർക്കും ഞങ്ങളുടെ ഹൃദയം നിറഞ്ഞ ഓണാശംസകൾ.

എല്ലാവർക്കും എന്റെ അഭിവാദ്യങ്ങൾ


919 nineonenine

**Integrated Facilities Management Services**

No 28, 1st Main, 6th Cross, Koramangala
1st Block, Bangalore - 560 034
(Opp. to Hibiscus Apartments)
Ph: 09686683001

**SCOPE OF SERVICES OFFERED - FMS**

- Housekeeping / Cleaning • Pest Control Services
- Landscaping & Horticulture • Building Façade
- Waste Disposal • Inventory & Asset Management
- Automation Standards • Cafeteria Management
- Concierge Services • Electrical Systems
- Diesel Generator Bank • UPS Systems • HVAC
- Vertical Transportation • Plumbing & Sanitation
- Irrigation & Water Bodies • Sewage Treatment Plant
- Data Center Management

**SCOPE OF SERVICES OFFERED - SECURITY**

- Manned Guarding • Event Security
- Private Security Officers • VIP Protection
- Investigation & Framed Detection
- Cash Management • Cash Pick up & deliveries
- Patrolling Services • Emergency Response
- Remote Monitoring • Fleet & personal tracking
- Closed Loop End to End Solutions
- Key Management • Electronic Integration
- System Integration • Access Control
- Fire Management

# THE DEPARTED



Varun Krishna

Twas all sunshine and hay,
When you held their hands
By the bay,
And you thought
They were here to stay,
Through night and day;
Twas more a tale of a fay,
Until that fateful day,
When they went away.

You cry and cry,
Felt you could try,
And you embrace the pain,
Failing to see,
Everything is in vain;
For,
It's not about what you lack,
But, they just can't come back.

And when you see the shades of twilight,
Scary of the darkness,
Of the oncoming night,
But within you, there is that fight,
To set things right,
And hope over hope for,
When sun kisses sky,
The day would be bright,
At the end of the tunnel,
There would be light.



*With Best Compliments*
*From*

# SHASTAS
# ASSOCIATES

1st Floor, Vinay Complex
DRDO Phase II Road
Kagadasapura, C.V. Raman Nagar
Bangalore - 560 093

**Mob: 9845090401**

*With Best Compliments From*

LE

# LUCKY ENTERPRISES

## Engineers & Contractors

**# 606, 80 Feet Road, 7th Block,**
**2nd Phase Banashankari 3rd Stage, Bangalore - 560 085**
**Mob: 94960 51326**

---

**No 19, (LOTUS) Kushal Layout, Kaggadasapura**
**C.V. Raman Nagar Post, Bangalore 560 093**
**Tel: 25345249, Mob: 9538802063**

BEST COMPLIMENTS FROM

**Nagesh Vijapur**

NEURON
techno solutions
engineering your thoughts

No 2096, 8th Cross, 14th Main, Kodihalli, HAL 3rd Stage
Bengaluru - 560 008
Phone: +91 80 4120 1971, Mobile: +91 98808 01530
E-mail: nagesh_v@neuronts.com

BEST COMPLIMENTS FROM

Hyderabadi Dum Biriyani
Cooked in Fire Wood

ರಾಯಲ್
ಬಿರಿಯಾನಿ ಹೌಸ್

ROYAL
BIRIYANI HOUSE

Halal Cut

• HYDERABADI • INDIAN • CHINESE • TANDOOR






HOME DELIVERY / OUTDOOR CATERING SERVICES
9148979009 / 9148989009
Party Hall available

No. 503/305, 20th Cross, Kaggadasapura Main Road, C V Raman Nagar Post, Bangalore - 560 093


maxwell
PROPERTIES
maxwellproperties363@gmail


maxwell
PROPERTIES
& INTERIOR WORKS
9845098363/9880806040

കഥ

# WHO ARE THE KEY?



ശ്രീജിത്ത് പി. ദാസ്

ഒരുപാട് കാലം കൂടിയാണ് പണ്ട് പഠിച്ച എൽ.പി. സ്കൂളിന്റെ പടി വീണ്ടും കയറിയത്. ഹെഡ്മാസ്റ്റർ സാറിന്റെ ക്ഷണപ്രകാരം പോയതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. തകർന്നുകൊണ്ടിരിക്കുന്ന പൊതുവിദ്യാഭ്യാസ സമ്പ്രദായത്തെ സംരക്ഷിച്ചു നിർത്താനുള്ള കേരള സർക്കാരിന്റെ പരിപാടി.

അദ്ധ്യാപകരും രക്ഷിതാക്കളും അങ്ങനെ കുറച്ചു പേർ കൂടിയിട്ടുണ്ട്. ഞാൻ സ്കൂൾ ഒന്ന് ചുറ്റി കണ്ടു: ക്ലാസ്സുകൾ പഴയ പോലെ തന്നെ, ചുവരൊക്കെ നന്നായി പെയിന്റ് ചെയ്തു പക്ഷികളുടെയും മൃഗങ്ങളുടെയും ഒക്കെ പടം ഭിത്തിയിൽ വരച്ചിട്ടുണ്ട്. അതിന്റെ ഭംഗി ആസ്വദിച്ചങ്ങനെ നിൽക്കുമ്പോൾ പുറകിൽ നിന്നൊരു ശബ്ദം:

''മക്കളെപ്പളാടാ വന്നേ?''

നാരായണേട്ടനാണ്. പ്രായം 70 കഴിഞ്ഞു കാണും. മുടി നരച്ചു തുടങ്ങിയിട്ടെ ഉള്ളൂ. നാട്ടിലെ ഏതു പൊതു കാര്യത്തിനും ആദ്യം മുതൽ അവസാനം വരെ പങ്കെടുക്കുന്ന, നിഷ്ക്കളങ്കനും നിരക്ഷരനും മനുഷ്യസ്നേഹിയും സദാ വാചാലനുമായ ആൾ. ഇദ്ദേഹത്തിന്റെ മക്കളോ, കൊച്ചുമക്കളോ ഒന്നും ഇപ്പൊ ഈ സ്കൂളിൽ ഉണ്ടാവില്ല. എന്നാലും സ്കൂളിലെ ഏതൊരു ഒരു കാര്യത്തിനും നാരായണേട്ടൻ ഉണ്ടാവും.

''നാരായണേട്ടന് എന്നെ മനസ്സിലായോ?''

''പിന്നെ, മനസ്സിലായില്ല, നിന്റെ മുടി ഒക്കെയങ്ങു കേറിയല്ലോ?''

നാരായണേട്ടൻ മുടിയിൽ നോട്ടമിടാൻ കാരണം ഉണ്ട്. ഇദ്ദേഹം നാട്ടിലെ പഴയ ബാർബർ ആണ്.



നൗ, റിട്ടയേർഡ് ബാർബർ.

''പണ്ട് നിന്റെയൊക്കെ മുടി എന്തോരം വെട്ടീട്ടുള്ളതാ, എന്നാ താരൻ ആരുന്നു!''

താരന്റെ കാര്യം ആരേലും കേട്ടോ എന്തോ. മുഖത്തെ ചമ്മൽ മറച്ചു ഞാൻ വിഷയം മാറ്റി:

''എന്നാ ഒണ്ടു വിശേഷം ചേട്ടാ?''

''ഓ, എന്നാ മോനേ അങ്ങനെയൊക്കെ അങ്ങ് പോണു. നീയിപ്പം എവിടെയാ?''

''ബാംഗ്ലൂർ''

''നീ എന്നതാരുന്നു പഠിച്ചേ? സയൻസാണോ?''

''അല്ല, എഞ്ചിനീയറിംഗ്''

''എന്നതാ ഈ സയൻസും എൻജിനീയറിംഗും തമ്മിലുള്ള വെത്യാസം?''

പെട്ടു! സയൻസും എൻജിനീയറിംഗും തമ്മിൽ ശരിക്കും എന്താണ് വ്യത്യാസം?

''അത്...''

''സയൻസ് എന്ന് പറഞ്ഞാ ഫിസിക്സും കെമിസ്ട്രിയും ഒക്കെ അല്ലേ, എഞ്ചിനീയറിംഗ് ന്നു പറയുമ്പം ടെക്നോളജിയാ... സാങ്കേതികവിദ്യ... ഈ കമ്പ്യൂട്ടറും മറ്റും ഉപയോഗിച്ചുള്ള പണിയാ..'' എന്തൊക്കെയോ പറഞ്ഞൊപ്പിച്ചു.

''എന്റെ ഒരു കൊച്ചു ചെറുക്കൻ ഒണ്ടു. എഞ്ചിനീയറിംഗ്നാ ചേർന്നേക്കുന്നെ. പക്ഷെ അവൻ കമ്പ്യൂട്ടർ സയൻസാ പഠിക്കുന്നെ. അത് ഈ പറഞ്ഞ ടെക്നോളജി അല്ലാരിക്കും അല്ലേ?''

ങേ! ശരിയാണല്ലോ!

കമ്പ്യൂട്ടർ സയൻസ് എന്ന് പറഞ്ഞാ ടെക്നോളജി അല്ലേ? ടെക്നോളജി ആയിരുന്നെങ്കിൽ കമ്പ്യൂട്ടർ ടെക്നോളജി എന്ന് പറഞ്ഞാ പോരെ?

ആരേലും വല്ല ലഡ്ഡുവോ, കൊഴുക്കട്ടയോ കൊണ്ടു തന്നിരുന്നേൽ അതും വായിലിട്ടിട്ടു സ്കൂട്ടാവായിരുന്നു!

എന്നെ രക്ഷിക്കാനെന്നോണം, അപ്പോൾത്തന്നെ ഹെഡ്മാസ്റ്റർ സർ എന്നെ ഓഫീസിലേക്ക് വിളിച്ചു.

''ഇപ്പൊ ഇവിടെ എത്ര കുട്ടികൾ ഉണ്ട് സർ?''

''നഴ്സറിയും കൂട്ടി 28.''

''ആർക്കും ഇപ്പൊ നമ്മുടെ സ്കൂൾ വേണ്ടെടാ... എല്ലാവരും ഇംഗ്ലീഷ് മീഡിയം നോക്കി പോവ്വാ.... ആൾക്കാരെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. നമ്മുടെ നിലവാരം താഴ്ന്നുപോയി. അത് തിരിച്ചു പിടിക്കാനുള്ള അവസാന ശ്രമം ആണ് ഈ പരിപാടി''

''എടാ, ഞാൻ ഒന്ന് ചോദിക്കട്ടെ, നമ്മുടെ സ്കൂളിൽ പഠിച്ചു പോയിട്ട് നിനക്ക് എന്നെങ്കിലും നഷ്ടബോധം തോന്നിയിട്ടുണ്ടോ?''

''ഇല്ല സർ, എന്തേ?''

''ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ചാരുന്നെങ്കിൽ മതിയായിരുന്നു എന്ന്?? മലയാളം മീഡിയം പഠിച്ചതു കൊണ്ട് ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ച പിള്ളേരോട് പിടിച്ചു നിൽക്കാൻ കഷ്ടപ്പെട്ടോ?''

കഷ്ടപ്പെട്ടോ?

കഷ്ടപ്പെട്ടോ???

ആ ചോദ്യത്തിന്റെ പ്രതിധ്വനിയിലേറി മനസ്സു നേരേ എഞ്ചിനീയറിംഗ് കോളേജിലേക്ക് പറന്നു.

ഒരു പാഠഭാഗം വിശദീകരിച്ചുകൊണ്ട് ഇംഗ്ലീഷിൽ ക്ലാസ് എടുക്കണമെന്നത് കൊണ്ടു കെമിസ്ട്രി മിസ്സിന്റെ പീരിയഡ് കട്ട് ചെയ്തു ഗാലറിയിൽ പോയിരുന്നു ഡെസ്കടിച്ച കാലം. ഏഴാമത്തെ സെമസ്റ്ററിൽ ഇംഗ്ലീഷിൽ സെമിനാർ എടുക്കണമല്ലോ എന്നോർത്തു ഫസ്റ്റ് സെമസ്റ്റർ മുതലേ കുണ്ഠിതപ്പെട്ടു നടന്ന കാലം. ഇന്റർവ്യൂ ഗ്രൂപ്പ് ഡിസ്കഷനുകളിൽ കേന്ദ്രീയവിദ്യാലയത്തിൽ പഠിച്ച പിള്ളേരും എൻ.ആർ.ഐ. പിള്ളേരുമൊക്കെ ചറപറാന്ന് ഇംഗ്ലീഷ് പറയുന്നത് കേട്ടു തലയും കുമ്പിട്ടിരുന്നു ഇൻഫീരിയോറിറ്റി കോംപ്ലക്സ് അടിച്ചു മരിച്ച കാലം!

ഈ സെമിനാറും പ്രസെന്റേഷനും ഗ്രൂപ്പ് ഡിസ്കഷനും ഒക്കെ മലയാളത്തിൽ ചെയ്താ മതിയാരുന്നെങ്കിൽ തകർത്തേനെയോ?

ഒലക്ക!

ഇംഗ്ലീഷിൽ ആണേലും മലയാളത്തിൽ ആണേലും നാലാളുടെ മുൻപിൽ നിന്നു രണ്ടു ഡയലോഗ് വിടാനുള്ള നാക്ക് ഇല്ലായിരുന്നു. പ്രെസെന്റേഷൻ സ്കിൽവേറെതന്നെഒരുസ്കില്ലാണ്.അതില്ലാത്തതിനു ഇംഗ്ലീഷിനെ മാത്രം കുറ്റം പറഞ്ഞിട്ടെന്തിനാ?

പിന്നീടെന്നാണ്ഇംഗ്ലീഷിൽആത്മവിശ്വാസം വന്നത്? നിവൃത്തിയില്ലാതെ വന്നപ്പോ! ഉപരിപഠനത്തിനു പോയിതെലുങ്കരുടെയുംഉത്തരേന്ത്യക്കാരുടെയുംഇടയിൽ പെട്ടപ്പോ. ഇംഗ്ലീഷ് അല്ലാതെ ഒരു ഭാഷയിലും കമ്മ്യൂണിക്കേറ്റ് ചെയ്യാൻ പറ്റില്ല എന്നായപ്പോ!

ആദ്യ ദിവസം ക്ലാസ്സ് കഴിഞ്ഞു റൂമിലേക്ക് പോരാൻ നേരം. റൂമിന്റെ താക്കോൽ ഏതു റൂംമേറ്റിന്റെ കയ്യിലാണെന്നു ഇംഗ്ലീഷിൽ ചോദിച്ചതാ

Who are the key?

കൂടെ നിന്ന രണ്ടു പേർ അതു കേട്ടു ചിരിച്ചു. മൂന്നാമൻ പറഞ്ഞു: I am the key! I am the key!

ഇംഗ്ലീഷ് ഗ്രാമർ വശമില്ലാഞ്ഞിട്ടല്ല. എഴുതുമ്പം കിട്ടും. പറഞ്ഞപ്പം കിട്ടിയില്ല. ഗ്രാമർ ശരിയാക്കി ഇംഗ്ലീഷു പറയാൻ നിന്നാൽ നടക്കുകേല എന്നു അന്ന് മനസ്സിലായി.

എന്തുകൊണ്ട് ഇതു നേരത്തെ പഠിക്കാൻ പറ്റിയില്ല?

ഇംഗ്ലീഷ് പറയുമ്പോ ഗ്രാമർ ശരിയാകുമോ? ഗ്രാമർ ശരിയായില്ലേൽ കേൾക്കുന്നവർ കളിയാക്കിയാലോ? അതുകൊണ്ടു നമ്മൾ ഇംഗ്ലീഷ് പറയുന്നില്ല. തീർന്നില്ലേ! അങ്ങനെയിപ്പം എന്റെ ഇംഗ്ലീഷിനെ ആരും കുറ്റം പറയണ്ടാ.

ദേർ ഈസ് എ സ്ട്രഗിൾ ബിഫോർ യു ബികം ഫ്ളുവേന്റ് ഇൻ ഇംഗ്ലീഷ്. അതു എത്രയും നേരത്തെ ആകുന്നോ അത്രേം നല്ലത്.

''നീ എന്നതാടാ ഏതാണ്ട് പോയ ആരാണ്ടേ പോലെ നിക്കുന്നേ?''

''സർ, അത്... ഇംഗ്ലീഷ് പഠിച്ചെടുക്കാൻ ബുദ്ധിമുട്ടി



യിട്ടുണ്ട്... ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ചിരുന്നേൽ ബുദ്ധിമുട്ടു കുറച്ചു കുറഞ്ഞിരുന്നേനേം...''

''അതാണ്... ഇംഗ്ലീഷ് ഭാഷ പഠിക്കാനുള്ള ബുദ്ധിമുട്ടൊഴിച്ചാൽ വേറെ എല്ലാം ഓക്കേ ആണ് അല്ലെ?''

''അതെ സർ.''

''ഇംഗ്ലീഷ് അറിയാഞ്ഞത് കൊണ്ട് മാത്രം എനിക്ക് ഒരു ജോലി നേടാൻ പറ്റാതിരുന്നിട്ടില്ല. ഇംഗ്ലീഷ് അറിഞ്ഞതുകൊണ്ടു മാത്രം ഒരു ജോലീം കിട്ടിയിട്ടും ഇല്ല''

''യെസ്. പുതിയ ചില പദ്ധതികൾ വരുന്നുണ്ട്. കുട്ടികളെ ഇംഗ്ലീഷ് പഠിപ്പിക്കാനുള്ള ചിലത്. ഇപ്പോഴത്തെ വിദ്യാഭ്യാസമന്ത്രി കൊള്ളാം. ദീർഘവീക്ഷണം ഉണ്ട്. ഡിറ്റർമിനേഷനും ഉണ്ട്... പ്രൊഫസറും ആണല്ലോ...''

''സാറ് ഇടതാണല്ലേ?''

''ഞാൻ ഇടതും വലതും നടുക്കഷണവും ഒന്നുമല്ല''

''എടാ, ഞാൻ ചോദിക്കട്ടെ, ഇവിടെ ഏതു രാഷ്ട്രീയ പാർട്ടി ഭരിക്കുമ്പോഴാണ് അഴിമതിയും അക്രമവും വർഗ്ഗീയതയും കൊലപാതകവും ഇല്ലാത്തത്? എന്താ കാരണം?''

''ശരിയാണ് സർ. എല്ലാം ഒന്നിനൊന്നു മെച്ചം ആണ്''

''എടാ, 99 ശതമാനം മനുഷ്യരും വെറും വൃത്തികെട്ടവരാണ്. ഇവരുടെ തന്നെ പരിച്ഛേദമല്ലേ രാഷ്ട്രീയക്കാരും. അതാണ് കാരണം''.

''സത്യം. സമൂഹത്തിനു മൂല്യച്ചുതി സംഭവിച്ചുകൊണ്ടിരിക്കുകയാണ് സർ''.

വളരെ കൗതുകത്തോടെ ഞാൻ പറഞ്ഞതു കേട്ടിരുന്ന സാർ എന്റെ ചെവിക്കു പിടിച്ചു

''അക്ഷരം തെളിയട്ടെടാ, നിന്നെ ഞാൻ തന്നെ അല്ലേ മലയാളം പഠിപ്പിച്ചത്, മൂല്യച്ചുതി അല്ലാ, മൂല്യച്യുതി!''

''സമൂഹം മാറണമെങ്കിൽ കുട്ടികളിൽ നിന്നു തന്നെ തുടങ്ങണം. ഇന്ന് കാശുള്ളവന് മാത്രമേ ഇംഗ്ലീഷ് മീഡിയം താങ്ങാൻ പറ്റുന്നുള്ളൂ. അതുകൊണ്ടെന്തു പറ്റും, കാശുള്ളവരുടെ പിള്ളേർ ഒരു സ്കൂളിലും കാശില്ലാത്തവരുടെ വേറൊരു സ്കൂളിലും ആകും. പിന്നെ ക്രിസ്ത്യാനികൾ അവരുടെ സ്കൂളിലും ഹിന്ദുക്കൾ അവരുടെ സ്കൂളിലും ചേരും. എന്തൊരു വേർതിരിവാണ്!''

''നീ പഠിച്ച കാലം ഒന്നു ഓർത്തുനോക്കിക്കേ.''

ശരിയാണ്. പളുപളത്തകുപ്പായം ഉള്ളവനും, മുഷിഞ്ഞ കുപ്പായം ഉള്ളവനും, ചന്ദനക്കുറി വരച്ചവളും കൊന്തയിട്ടവളും ഒക്കെ ഒരു ക്ലാസ്സിൽ ഉണ്ടായിരുന്നില്ലേ? ഉച്ചക്ക് ബെല്ലടിക്കുമ്പോ എല്ലാരും കൂടി ഒരോട്ടം ആണ്. ഉച്ചക്കഞ്ഞിക്കുള്ള ക്യൂ! എന്റെ വീട്ടിൽ തിന്നാനുണ്ടായിട്ടും ഉച്ചക്കഞ്ഞി കഴിക്കാൻ ഏർപ്പാടാക്കിയ അച്ഛന്റെ ടെക്നിക്ക് അന്നെനിക്ക് മനസ്സിലായിട്ടില്ല. ആവി പറക്കുന്ന കഞ്ഞിയിലേയ്ക്ക് ചെറുപയർ കറിയിട്ടിളക്കുമ്പോഴുള്ള മണം! ആഹഹാ!!

''പൊതുവിദ്യാഭ്യാസം മെച്ചപ്പെട്ടാൽ ഇതിനു കുറെച്ചെങ്കിലും മാറ്റം വരുമെന്നാണ് എന്റെ തോന്നൽ. ഈ പരിപാടി അതിനൊരു തുടക്കമാകണം. അല്ലാതെ ഞാൻ ഇടത് ആയതുകൊണ്ടൊന്നുമല്ല.''

''സമയം ആയല്ലോ പരിപാടി തുടങ്ങാം.''

''എന്തൊക്കെയാണ് സർ പരിപാടി?''

''ആദ്യം യോഗം. യജ്ഞത്തെക്കുറിച്ചുള്ള വിശദീകരണം. പിന്നെ സ്കൂളിന് ചുറ്റും കൈ കോർത്ത് ഒരു ചങ്ങല തീർത്തു ഐക്യദാർഢ്യം ആണ് ഉദ്ദേശിച്ചത്. അത് വേണ്ട എന്ന് പഞ്ചായത്തിൽ നിന്ന് വിളിച്ചു പറഞ്ഞു. മനുഷ്യ ചങ്ങല ഇടതിന്റെ രീതി ആണല്ലോ, വലത് അല്ലെ പഞ്ചായത്ത് ഭരണം. അതുകൊണ്ടു പ്രതിജ്ഞ എന്ന് തീരുമാനിച്ചു.''

യോഗം കഴിഞ്ഞു. എല്ലാവരും ചേർന്ന് പ്രതിജ്ഞ എടുത്തു: പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിൽ പങ്കാളികളാവാൻ, മതേതരത്വത്തിൽ അധിഷ്ഠിതമായ ദേശീയബോധം കുട്ടികൾക്ക് പകർന്നു കൊടുക്കാൻ, മികച്ച പൗരന്മാരായി അവരെ വാർത്തെടുക്കാനുള്ള അടിത്തറ പാകാൻ... അതെ, മികവിന്റെ കേന്ദ്രങ്ങളാവട്ടെ നമ്മുടെ പൊതു വിദ്യാലയങ്ങൾ!!

# Little Kingdom

**Play home and Montessori**

#22, Vidya Bhavan, SK Colony, 15th Cross, Nagavarapalya,
CV Raman Nagar, Bangalore-560093

PLAYGROUP
NURSERY
LKG
UKG

FOR ADMISSIONS CONTACT:

9242835448

Ajitha Raghunath
Principal

# നാടിന്റെ നന്മ



ഉണ്ണികൃഷ്ണൻ സി.എസ്.

മണ്ണിന്റെ മണമുള്ള നാട്ടിൽനിന്ന് നഗരത്തിലേക്ക് കാൽ വയ്ക്കുമ്പോൾ, അവന് ഒന്നേ മനസ്സിൽ ഉണ്ടായിരുന്നുള്ളു, വിജയിച്ച് കയറണം. ബി.എം.ടി.സി. ബസ് കണ്ടപ്പോൾ അവന് ഓർമ്മ വന്നത് നാട്ടിലെ കെ.എസ്.ആർ.ടി.സി. ആണ്. ആ യാത്രകൾ അയവിറക്കിക്കൊണ്ട് അവൻ ആ ബസ്സിലേക്ക് കയറി. നഗരത്തിന്റെ ഏതോ കോണിലേക്ക് ടിക്കറ്റ് എടുത്തിട്ട്, കണ്ണുകൾ മുകളിലേക്ക് ചലിപ്പിച്ചു. പുറത്ത് മുഴുവൻ അംബരചുംബികളായ കെട്ടിടങ്ങൾ മാത്രം.

ആകെയുള്ളത് ബി.ടെക്കും ആത്മവിശ്വാസവും മാത്രം. അതുകൊണ്ട് ഗുണമില്ല എന്ന് മനസ്സിലാക്കാൻ അധികം സമയം വേണ്ടിവന്നില്ല. എളുപ്പമാർഗ്ഗം അന്വേഷിച്ചതിന്റെ ഉത്തരമായിരുന്നു. പുളിങ്കൊമ്പ് ആണെന്ന് വിചാരിച്ചു പിടിച്ചതാണ് അവളെ, പക്ഷേ മുരിക്കാണെന്ന് പിന്നെയല്ലേ മനസ്സിലായത്.

കണ്ടക്ടർ വിളിച്ചു പറഞ്ഞ കന്നഡ കേട്ടിട്ട് അവന് ഇറങ്ങാറായി എന്ന് മനസ്സിലായി. ബസ് ഇറങ്ങിയതും ബിനോജ് വന്ന് കെട്ടിപ്പിടിച്ചതും ഒപ്പമായിരുന്നു. ബസ് യാത്രയുടെ വിശേഷങ്ങൾ ചോദിച്ചുകൊണ്ട് അവർ അങ്ങനെ റൂം ലക്ഷ്യമാക്കി നടന്നു. അവന്റെ റൂം കണ്ടപ്പോൾ ഓർമ്മ വന്നത് അറബിക്കഥ എന്ന സിനിമയിലെ ലേബർ ക്യാമ്പ് ആണ്.

''എടാ നീ ആ മൂലയിലേക്ക് കൂടിക്കോ'' എന്ന് ബിനോജ് പറയുന്നത് കേട്ടാൽ തോന്നും ഫൈവ് സ്റ്റാർ ഹോട്ടലിലാണെന്ന്. ഡ്രസ്സ് മാറിയതിനുശേഷം സൗമ്യതയോടെ ബിനോജിനോട് ചോദിച്ചു, എനിക്കൊരു ജോലി തരപ്പെടുത്തിത്തരണം. നീ ചോദിക്കുന്നത് പോക്കറ്റിൽ ജോലി ഇരിക്കുന്നതുപോലെയുണ്ട്. ബിനോജ് ഒന്നാലോചിച്ചതിനുശേഷം പറഞ്ഞു ''Noukri.com site ൽ ഒന്ന് രജിസ്റ്റർ ചെയ്യ്'' അവന്റെ മുഖത്തുണ്ടായ വിഷമം കണ്ടെന്നു നടിക്കാതെ വീണ്ടും പറഞ്ഞു ''ഇന്റർവ്യൂവിന് വിളിക്കും, അവിടെ



ഡ്രാമ കാണിക്കും, അതൊന്നും നീ കാര്യമാക്കണ്ട'' ഡ്രസ്സ് മാറിയതിനുശേഷം ചായ കുടിക്കാൻ പോകാം എന്നു പറഞ്ഞു. അതിനു ഉത്തരമായി അവൻ ഒന്നു തലയാട്ടി.

നഗരത്തിന്റെ പൊടിപിടിച്ച ആ വീഥിയിലൂടെ അവർ നടന്നു. ബിനോജ് പറഞ്ഞു ''ദാ കാണുന്നതാണ് ഫോൺകട. അവിടെ നിന്ന് ഒരു സിം എടുക്കാം'' ഇപ്പോൾ സിം എടുക്കേണ്ട കാര്യമൊന്നുമില്ല. റോമിംഗ് ഒന്നുമില്ലല്ലോ എന്ന് അവൻ അലക്ഷ്യമായി പറഞ്ഞു. ആവി പറക്കുന്ന ചായ ചുണ്ടോടടുപ്പിച്ചിട്ട് അവൻ നഗരത്തിന്റെ ആ തിരക്കേറിയ വീഥിയിലേക്ക് കണ്ണുംനട്ട് ഇരുന്നു.

റൂമിന്റെ മൂലയിലുള്ള പൂപ്പലിന്റെ ഗന്ധം ബാധിച്ച കിടക്ക നിവർത്തി അതിൽ തല ചായ്ക്കാൻ

തുടങ്ങുമ്പോൾ ബിനോജ് പറഞ്ഞു ''എടാ, എന്റെ കൂട്ടുകാരൻ ഒരു ഷോർട്ട് ഫിലിം ചെയ്തിട്ടുണ്ട്. അതൊന്ന് എല്ലാ കോൺടാക്റ്റിലേക്കും അയയ്ക്കണം'' യാത്രയുടെ ക്ഷീണം കൺപോളകൾക്ക് കനമായി മാറി തുടങ്ങിയിരിക്കുന്നു. പകുതി അടഞ്ഞ കൺ പോളകൾ ആയാസത്തോടെ തുറന്ന് അവൻ പറഞ്ഞു ''നീ തന്നെ അയയ്ക്ക്, എനിക്ക് ഉറക്കം വരുന്നു''.

എന്നും ഹരമായിട്ടുള്ള മെസ്സേജിന്റെ ടോൺ അപ്പോൾ അവനെ അസ്വസ്ഥതപ്പെടുത്തിക്കൊണ്ടിരുന്നു. ഉറക്കത്തിന്റെ ആലസ്യത്തിൽ തന്നെ പതുക്കെ ഫോൺ എടുത്തു നോക്കി. വാട്സ്ആപ്പ് മെസ്സഞ്ചറിന്റെ വലതുഭാഗം മുഴുവൻ പച്ച കുത്തുകൾ മാത്രം. താഴേയ്ക്ക് കൈവിരലുകൾ ഓടിക്കുന്നതിനിടയ്ക്ക്, അവളുടെ മെസ്സേജ് കണ്ടതും അവൻ ഒരു നിമിഷം പതറി നിന്നു. അവന്റെ കൈവിരലുകൾ മെസ്സേജ് ബട്ടണിൽ തൊടുമ്പോൾ വിറയ്ക്കുന്നുണ്ടായിരുന്നു. ''നീ എന്നെ മറന്നോ എന്ന ചോദ്യം'' അവന്റെ ഹൃദയത്തിലാണ് തുളച്ചുകയറിയത് (എന്തോ, അവന്റെ മനസ്സ് വായിച്ച പോലെ തോന്നി അവന്)

എങ്ങനെ ഈ ഓഫീസിൽ ജോലികിട്ടി എന്ന ചോദ്യത്തിന്, വാട്സ്ആപ്പിൽ ഒരു മസിലു സിംബലാണ് കിട്ടിയത്. എന്ത് ചെയ്യാം ഇണപ്രാവ് പിണങ്ങി പോകുമ്പോൾ കുറുകി കുറുകി അടുത്തേയ്ക്ക് പോവുന്ന ആൺപ്രാവിനെപ്പോലെ അവൻ കുറുകാൻ തുടങ്ങി. അവന് എങ്ങനെയെങ്കിലും അവളുടെ കൂട്ടിൽ കയറിപ്പറ്റണം.

എവിടെ കാണണം എന്ന ചോദ്യത്തിന് ഉത്തരമായി അവൾ അയച്ചു തന്നത് ഒരു പബ്ബിന്റെ ചിത്രം ആയിരുന്നു. അവൻ പ്രതീക്ഷിച്ചിരുന്നത് ഒരു നാടൻ പെൺകുട്ടിയായിരുന്നു. പക്ഷേ അവൻ കണ്ടത്, നഗരത്തിൽ, ദുർഗന്ധം ബാധിച്ച അവളെയായിരുന്നു. ശാലീനത പൊതിഞ്ഞ അവളുടെ ചുരുണ്ട മുടികൾ



അവൻ കണ്ടില്ല. അവൻ മനസ്സിൽ പറഞ്ഞു അവളെ എന്തിന് നോക്കണം. കാര്യം നടന്നാൽപോരെ.

സെറ്റ് അപ്പ് ആയിട്ടുണ്ടല്ലോ എന്ന ചോദ്യത്തിന്, നീ ഉദ്ദേശിച്ചത് പബ്ബില് സാരിയുടുത്ത് വരണമെന്നാണോ എന്നായിരുന്നു ഉത്തരം. ചമ്മിയ മുഖമായി അവൻ പറഞ്ഞു 'അതല്ല'. എൻട്രി ഫീസ് അവന്റെ കൈയ്യിൽനിന്ന് അടിച്ചുമാറ്റിയ ശേഷം അവൾ ചോദിച്ചു 'നിനക്ക് ഹോട്ട് വേണ്ടേ, ബിയർ വേണോ'. ഒന്നും മിണ്ടുന്നതിനു മുമ്പ് അവൾ ഹോട്ട് ഓർഡർ ചെയ്തു.

ഹോട്ട് ആയിട്ട് ക്രെഡിറ്റ് കാർഡിന്റെ ബില്ല് കയ്യിലേക്ക് വന്നപ്പോഴാണ് മനസ്സിലായത് താൻ എത്ര പ്രാവശ്യം പബ്ബിൽ പോയെന്ന്. അവളെ ഒന്ന് വിളിക്കാം എന്ന് അവൻ വിചാരിച്ചു. അവളുടെ ഫോൺ ബിസി ആയിരുന്നു. അറിയാവുന്ന വഴികൾ എല്ലാം തപ്പി അവളുടെ താമസസ്ഥലം കണ്ടുപിടിച്ചു. കോളിംഗ് ബെല്ല് അമർത്തിയപ്പോൾ അവൾ വാതിൽ തുറന്നിട്ട് ചോദിച്ചു, ''ആരാ?'' അവളുടെ കൂടെ ഒരു യുവാവും ഉണ്ടായിരുന്നു. ''ഞാൻ ഒന്നും ഓർഡർ ചെയ്തിട്ടില്ല'' എന്ന വാക്കുകൾ അവന്റെ ഹൃദയത്തിലാണ് തുളഞ്ഞു കയറിയത്.

പുറത്ത് അന്വേഷിച്ചപ്പോൾ അവന് മനസ്സിലായി ഹസ്ബന്റും വൈഫും എന്ന പേരിലാണ് ഇവിടെ ഫ്ളാറ്റ് എടുത്തിരിക്കുന്നത്. അവളെ തേക്കാൻ നോക്കിയിട്ട്തനിക്കാണല്ലോതേപ്പ്കിട്ടിയത്ഈശ്വരാ. വൈറ്റ്കോളർ ജോലിയും വിട്ട് ഏതെങ്കിലും ജോബ് ചെയ്ത് ക്രെഡിറ്റ് കാർഡിന്റെ ബില്ല് അടയ്ക്കണം. തകർന്ന ഹൃദയത്തോടെ റോഡിന്റെ ഫുട്പാത്തിലൂടെ അവൻ നടന്നു. ഫുട്പാത്തിന്റെ ഇടയ്ക്ക് ഉണ്ടായിരുന്ന മാൻഹോളിൽ നിന്ന് വൃത്തികെട്ട സ്മെൽ വരുന്നുണ്ടായിരുന്നു. ഫുട്പാത്തിന്റെ വശത്തെ പോസ്റ്റിൽ നോക്കിയപ്പോൾ Teacher required എന്ന പരസ്യം കണ്ടു. വല്ല എഞ്ചിനീയറിംഗും പഠിപ്പിക്കാനായിരിക്കും എന്നു കരുതിയാണ് വിളിച്ചത്. അവർക്ക് വേണ്ടത് ഒന്നാം ക്ലാസ്സുമുതൽ അഞ്ചാം ക്ലാസ്സുവരെയുള്ള കുട്ടികളെ പഠിപ്പിക്കണം. അവൻ പെട്ടെന്ന് ഓകെ പറഞ്ഞു. അതിനു പിറകിലുള്ള ചേതോവികാരം കാശ് തന്നെയായിരുന്നു. എത്രയും വേഗം ആ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിച്ചേരുക എന്നതായിരുന്നു അവന്റെ ചിന്ത. അപ്പോഴാണ് അവൻ... സൈക്കിളിന്റെ ബ്ലൂ നിറം കാണുന്നത്. ചവിട്ടുന്നവരോട് അവന് പുച്ഛം തോന്നി.... വേഗത ഇല്ലാതെയായി പോയവർ. എന്തു ചെയ്യാം കാലത്തിന്റെ ചക്രം അവനെക്കൊണ്ട് സൈക്കിൾ ചക്രം തിരിപ്പിച്ചു.

ട്യൂഷൻ സെന്ററിന്റെ വാതിൽക്കൽ പുച്ഛത്തോടെ ചെന്നിട്ട് ചോദിച്ചു 'May I come in' എന്താണ് ക്വാളിഫിക്കേഷൻ? എൻജിനീയറിംഗ് ഉണ്ട്. ഇപ്പോൾ ഒരു എം.ടെക് കാരൻ വന്നിട്ട് പോയതേയുള്ളൂ. ജോലി കിട്ടുമോ എന്നുള്ളതായി അവന്റെ ചിന്ത. 'നാളെ മുതൽ ജോലി ചെയ്തോ' എന്ന് കേട്ടപ്പോഴാണ് ശ്വാസം വീണത്.

കുട്ടികളെ പഠിപ്പിച്ചപ്പോഴാണ് അതിന്റെ ബുദ്ധിമുട്ട് മനസ്സിലാവുന്നത്. 90% കുട്ടികളും മൊബൈൽ ഫോണിൽ അഡിക്റ്റ് ആണ്. അങ്ങനെയാണ് മൊബൈൽ ഫോൺ ഉപയോഗിച്ച് പഠിപ്പിച്ചാലോ എന്ന ആശയമുദിച്ചത്. യുട്യൂബ് വീഡിയോകൾ ചെയ്ത് ലിങ്ക് കുട്ടികൾക്ക് അയച്ചു കൊടുക്കാൻ തുടങ്ങി. ദൃശ്യം, അത് ഏതായാലും മനസ്സിൽ പതിഞ്ഞാൽ അത് മായുകയില്ല. കുട്ടികളുടെ മനസ്സ് ബ്ലാക്ക് ബോർഡ് പോലെയല്ലല്ലോ. അതിൽ പതിയുന്ന ദൃശ്യങ്ങൾ മായുകയുമില്ല.

കുട്ടികളുമായി വായിട്ടലച്ച ക്ഷീണത്തിൽ അവൻ ഒന്ന് മയങ്ങിപ്പോയി. പെട്ടെന്ന് ഫോൺ ഒന്ന് ശബ്ദിച്ചു. നോക്കിയപ്പോൾ ഒരു അൺനോൺ നമ്പർ. ഫോൺ എടുത്തു നോക്കിയപ്പോൾ അങ്ങേ തലയ്ക്കൽ കിളിനാദം പോലുള്ള പെണ്ണിന്റെ ശബ്ദം. നിങ്ങളുടെ വീഡിയോകളെല്ലാം യൂട്യൂബിൽ സൂപ്പറാണല്ലോ. നിങ്ങൾക്ക് ഞങ്ങളുടെ കമ്പനിയിൽ ജോയിൻ ചെയ്തുകൂടെ. 8.4 lakh per annum salary തരാം. അവന്റെ ഓകെ വളരെപ്പെട്ടെന്നായിരുന്നു. ഏത് കമ്പനിയാണെന്ന് തിരക്കിയപ്പോൾ അത് ഒരു ലേണിംഗ് ആപ്ലിക്കേഷന്റെ കമ്പനിയായിരുന്നു.

കമ്പനിയിലെ തിരക്കുപിടിച്ച ദിവസങ്ങളിൽ ബാക്കി ഒന്നും ഓർമ്മയില്ലായിരുന്നു. ഒരിക്കൽ അവൾ വീണ്ടും വിളിച്ചു. തെറ്റുകൾ ഏറ്റുപറയാൻ. മനസ്സിൽ നന്മയുടെ വെളിച്ചം കെട്ടുപോകാതിരുന്നതുകൊണ്ട് അവളുടെ കുമ്പസാരം അവൻ കേട്ടു. അവൾ അവസാനം പറഞ്ഞു ഞാൻ തിരിച്ചുപോവുകയാണ്. നമ്മുടെ നാടിന്റെ നന്മയിലേക്ക്...




*With Best Compliments From*

# BINDU BUILDERS

**C.V Raman Nagar**
**Bangalore**

# RMS GROUP OF COMPANIES:-















## ACTIVITIES:-

- Test Benches & ATEs for Avionics.
- IT Infrastructures for Airfields and Simulations.
- Wire harness for Aircrafts, ships and Allied Sectors.
- Embedded software and product developments.
- Authorised Dealers/Service vendor for Acer, Wipro, HP and Sony.

**CORPORATE OFFICE: No 52/A, 53/A, BYRAWA ARCADE, 11TH CROSS, MALAGALA, NEW RING ROAD, NAGARABHAVI, BANGALORE-560091**
**PH: 080-23216225, 9845736225,9845738503**
**E-mail: info@rmsindia.net**
**Also at: Bangalore/Chennai/Coimbatore/Hyderabad/Cochin/Mumbai**



FAR
WWW.FAR.CO.IN
Where Tireless Striving Stretches
Its Arms Towards Perfection
Your perfect
partners
for success
RANGE OF
BAR FEEDING
ATTACHMENTS
HYDRAULIC
SELF CENTERING
STEADY REST
FENWICK AND RAVI
No.10/3 Lakshmipura main Road, Chikkabanavara post, Abbigere
Bangalore-560 090 India.
Phone : +91-80-28388589, 23453949, 23253901
Fax : + 91-80-23453835
Email : fenwickandravi@vsnl.net, farexports@gmail.com
Website: www.far.co.in

datasol

*Inspiration, Innovation & Inculcation*

The timely adaptability of rapid advancements in Technology to Military, Space, Railways and IOT is the key for our sustenance over the last two decades since 1997. Synchronization with customer needs, technology and Innovation has exposed us to many niche areas like Cockpit Control Panels, Cockpit Displays, Inertial Products, Modular ATEs, Complex System Engineering Opportunities, Documentation and Certification has put us on at par with any Indian or a foreign vendor. The Integration of some of the best COTS technologies and products have helped us to advance and address the system engineering activities very effectively.



**ACCELEROMETER SENSOR ASSEMBLY**



**CONTROL DISPLAY UNIT**



**1553B DATA RECORDING UNIT**



**ATTITUDE & HEADING REFERENCE SYSTEM**



**COCKPIT DISPLAYS**




**cPCI/VME and VPX SYSTEMS**






**WITH BEST COMPLIMENTS ON THE OCASSION OF ONAM**

M/s **DATASOL (B) PRIVATE LIMITED**

No 793, DATASOL House

Behind BEL Corporate office, Veeranna Paalya, Nagawara, Bengaluru- 560045

Phone: +91-80-25440642. 25440643 Fax: +91-80-25440644

www.datasolindia.com ; sales@datasolindia.com; support@datasolindia.com

# AvioHeliTronics
## InfoSystems Pvt. Ltd.



# EMBEDDED SYSTEMS & SOFTWARE

- State-of-the-Art Embedded Systems Laboratory with ESD-safe Test Bench facility
- Full lifecycle Design–to-Manufacture for Embedded Systems
- Design and Development of Software conforming to RTCA / DO 178B covering the entire software development life cycle including IV&V for Design Assurance Level A, B, C and D.

## EMBEDDED SOFTWARE

### EXPERTISE

- Development of Software Plans [Plan for Software Aspects of Certification (PSAC), Software Development Plan (SDP), Software Quality Assurance Plan (SQAP), Software Configuration Management Plan (SCMP) and Software Verification Plan (SVP)]
- Development of Software Requirement Specification /Data (SRS / SRD)
- Development of Architectural and Detailed Design
- Software Coding (C / C++ / Ada / Assembly) compliant to defined standard
- Design, Development & IV&V of Railway Software Application
- Re-engineering of legacy software system

### TOOLS & LANGUAGES

Rational tools, RTRT, LDRA, Vector Cast, CVS, QT, C, C++ & Ada

# അക്കിടി



മുരളി മണിമല



ഇരുപത്തഞ്ചു കഴിഞ്ഞും പിന്നൊരു
വർഷം പത്തായെന്നുടെ പ്രായം
ഇരുപതുമഞ്ചുമതായപ്പോഴേ
തിരയുകയാണൊരു ജീവിത സഖിയേ!
ലക്ഷണമൊത്തൊരു പെണ്ണും ഇമ്മിണി
ലക്ഷ്യവുമെന്നൊരു ലക്ഷ്യവുമായി
ഡസനതു രണ്ടോ മൂന്നോ കണ്ടു
ശിവ! ശിവ! ഒന്നും സെറ്റായില്ല!
വിദ്യാഭ്യാസമതില്ലാ ചിലതിനു
മദ്യപരായ പിതാക്കന്മാരും
സ്ഥൂലശരീരിണിയല്ലേലവളു
മെലിഞ്ഞിട്ടെല്ലുകളെല്ലാം കാണാം!
കെങ്കേമിയ്ക്കതു വന്നു പിഴച്ചൊരു
കോങ്കണ്ണവളേം അങ്ങു തഴഞ്ഞു!
ഒക്കെയുമൊത്തൊരു നാരീമണിയതി-
നാക്കം പോരാ! സാമ്പത്തികമായി!
ഇങ്ങനെ ബഹുവിധ ദോഷം മൂലം



സംഗതിയൊന്നും സാധിച്ചീല!
ഒരു കുറവെങ്കിലുമില്ലാതുഴിയിൽ
ഒരുവളുമില്ലതു നേരെന്നാലും
''ധരണിയിലെന്നുടെ, തരമതുപോലൊരു
തരുണിയെയൊന്നിനി തരുമോ! ദേവാ!''
എന്നൊരു പ്രാർത്ഥനയുരുവിട്ടങ്ങനെ
പിന്നെയുമനവധി നാളുകൾ നീങ്ങി!
'ഫസ്റ്റ് ക്ലാസ്സൊ'ന്നതു, പ്രാർത്ഥകൊണ്ടോ
ലാസ്റ്റിലതെന്നുടെ ലിസ്റ്റിലുമെത്തി!
അടിമലരിണയിലടിഞ്ഞിട്ടും തല-
മുടിയതു കൊതിയോടാരും നോക്കും!
പുഞ്ചിരിയൊന്നവളേകുകിലെന്നുടെ
നെഞ്ചുനിറഞ്ഞു തുളുമ്പുകയല്ലോ!
മുല്ലപ്പൂമൊട്ടെങ്ങനെയവളുടെ
പല്ലുകളായി വിളങ്ങുവതെന്തോ?!
എന്നുമൊരേ ബസ്സിലിരുവരുമങ്ങനെ
നിന്നു രസിച്ചു, ചിരിച്ചു, ചിരിച്ചു!
'കോഫീഹൗസി'നടുത്താണവളുടെ
'ഓഫീസെ'ന്നുടെയതിനപ്പുറവും!

ഇടയിലിറങ്ങിടുമിരുവരുമവിടെയൊ-
'രിടവേള' യതില്ലെങ്കിലുമെന്നും!
നല്ല കുറെനാളങ്ങനെ നീങ്ങി
കല്ല്യാണത്തിൽ കൊണ്ടെത്തിച്ചു!
ഹോട്ടലിലന്നൊരു പാർട്ടി നടത്താൻ
ചിട്ടി പിടിച്ചു; വഡ്ഢിക്കിത്തിരി ദുസ്സുമെടുത്തു
'പാർട്ടി'യുമിവനുടെ ഭാഗ്യവുമെല്ലാം
'ഫ്രണ്ട്സു' പറഞ്ഞു; 'ശുക്രൻ തന്നെ'!
മധുവിധു രാത്രി തുടങ്ങുമ്പോഴെൻ
'വിധി'യുടെ ക്രൂരവിനോദം കണ്ടു
പല പല മോഹവുമായിട്ടടിയനാ-
മലർമണിമെത്തയിലങ്ങനിരിക്കേ
'ഗ്രേപ്സ്', 'മുസമ്പി', യു'മാപ്പിൾ' തുടങ്ങിയ
'ഫ്രൂട്സു' മെടുത്തവളരുകിലുമെത്തി!
ചെറു ചെറു വാർത്തകൾ ചൊല്ലീട്ടവളെൻ
ചാരത്തവയും തിന്നുമിരിക്കേ!
'ഒരാപ്പിള'തപ്പോൾ ഒന്നു കടിച്ചാ-
'പല്ലുകളപ്പടി' കയ്യിലിരുന്നു
വിളറി വെളുത്തവളുടനേയെന്നെ
അമളി പിണഞ്ഞതുപോലൊരു നോട്ടം!
തലമുടിയുണ്ടല്ലതിനൂടതിനേ
തഴുകാനെന്നുടെ കൈകൾ തരിക്കെ
'ദുർഗ്ഗേ'! നിന്നുടെ വർഗ്ഗത്തിൻ മുടി
'വിഗ്ഗാ'ണെന്നൊരു സത്യമറിഞ്ഞു!
'സീക്രട്ടി'വളുടെ സൗന്ദര്യത്തിനു
'മാർക്കറ്റ്'ങ്ങിനെ മാറ്റും കൂട്ടി!
പാഡും മുടിയും ദന്തവുമെല്ലാം
'വടിവിൽ' മേശയിലങ്ങനിരിക്കേ
കടവുളേ!യിനി ഞാനെവിടാണൊന്നു
കിടക്കുവതൊരിടത്തിത്തിരി നേരം!
ഹന്ത! കഴിഞ്ഞൊരു കാര്യമതെല്ലാം
ചിന്തിച്ചിട്ടിനിയെന്തൊരു കാര്യം
അക്കിടി പറ്റാതിനിയൊരു കാലം
ഇക്കഥ നിങ്ങടെ മനസ്സിൽ വേണം!


# With best compliments from

*M. Somakumar*

Associate General Manager, Business Development

**MILLENNIUM AERO DYNAMICS PVT.LTD**

14/2 - Palace Cross Road, Vasanth Nagar
Near Mahindra/Ford Showroom, Bangalore, Karnataka - 560 020, India

**Phone: 99866 97747 | 91 80 4112 7747 | +91 80 2331 7737**
**Mail: somakumar@millennium.in | Web: www.millennium.in**

# BEAUTY OF NATURE

First Prize winning article in
Essay Writing Level 1 DRDO Onam 2019 Competition



**Dheera S. Nair**

"The beautiful flowers of red, yellow, and blue,
The sparkling grass with the morning dew.
The birds singing on the tree,
As the gentle wind blows the leaves.
Beautiful butterflies going their way,
The beauty of the nature really makes my day!"



The mountains and the ocean, the sky and the sea, the sun and the moon and the stars, the flowers and the meadows, the chirping of the birds and the music of the waters –all these possess an earthly feeling and one who is blind to this beauty and her music must be dead in soul.

"God is the Artist and nature is his art."

Nature is the most precious gift God has given to us. Nature is like our best friend. It has only given and given. The oceans, trees, plants, flowers, rivers all this is God's creation. The object it has given to us is countless. The greenery around is so beautiful.

"Look deep into nature and you will understand better"

Unfortunately, day by day, only for our selfish desires we are destroying nature's beauty. Global warming, acid rains, our own man-made disasters and now a threat to our existence. The solution to this problem is by saving water, using less plastic and keep our environment clean.

"We have not inherited our resources from our forefathers but borrowed it from our children."

So the question is

ARE YOU READY??...

BEST COMPLIMETS FROM

# ಲಿಯಸ್ ಫುಡ್ಸ್
# Liyas Foods

**Sree Home Made**

**Unniyappam ಉಣ್ಣಿಯಅಪ್ಪಂ**

- UNNI APPAM
- DRY FRUITS LADU
- ARI UNDA
- PETTI APPAM

C.V. Raman Nagar, Nagavarapalaya, Bangalore - 560 093

Customer Care: 9406510167

Ingredients Rice Flour, Refined Oil, Jeera Thili & Salt Elachi, Coconut, Jaggery

# NURTURING READING HABITS

First Prize winning article in
Essay Writing Level 2 DRDO Onam 2019 Competition



Hridaya S. Nair

"Books are ships that sails the seas,
Through lands of snow or jungle trees.
Books are zoos that are homes,
to birds and beasts not free to roam .
Come one and all, the journey has begun,
Come, let us read! For reading is fun!"

Reading is one of the most priceless gifts that one can gift to oneself. Reading had been the source of knowledge, happiness and motivation, since times immemorial. We all are aware of the power and magic that reading possess and renders wisdom and knowledge. It is not only about books, but news-papers, journals etc.

"A reader lives a thousand lives before his death, but then man who never reads, lives only one...." Before analyzing the numerous ways to nurture reading habits, let us explore why reading is quintessential for life. Firstly, reading enhances focus and concentration. Researchers have proved that students who are in the habit of reading score better than non-readers. Reading helps us emotionally and psychologically. It increases our knowledge quotient and makes us wiser.

Next, reading makes way for motivation and self-realisation. It exposes us to vivid ideas, circumstances and takes us through a roller-coaster ride. When a writer compiles all his life experience in one book, we are benefitted to learn from it without actually going through it.

The benefits of reading is not limited, the research conducted by University of Sussex



revealed that reading is a great stress buster. Reading for only 7 minutes a day can reduce your stress by 68% hard to believe, isn't it?

Only a good reader can become an exceptional writer. Reading enhances your vocabulary, writing and speaking skills. It is to be noted that reading enhances brain-function. A good book can give rise to a new neuron transmission in our brain!

Now, the question arises. How exactly should we nurture good reading habits? The solution is simple, yet multipronged. First and foremost, to inculcate this valuable habit, one must set a target or goal for the no. of pages or articles one has to read. And if you achieve this goal, reward yourself! It is scientifically proven that, this will release dopamine hormone and will make you enthusiastic to read further.

Joining a library or socializing reading by forming 'Reading clubs' can also encourage reading. Also, reading in a cool environment, without any noises and disturbances, will make you engrosed in reading. Reading the book aloud  will also help you to better your oratory skills. A reader has a positive outlook towards life and is ever ready to face challenges. It open new-horizons for a better future.

We all are aware of the importance of reading in a student's life. Making a child read everyday is difficult, but is possible. Here, the role of parents is very vital. They can act as 'motivators' and make them read by reading it along with them. Allow them to explore, make mistakes and this will be their child's stepping stones to success. After all, reading plays a crucial role in the overall development of a student by building his intellectual skills. Inculcating this habit from childhood can work wonders!

Unfortunately, in today's fast evolving world, the printed media is changing to digital media. We must encourage children and even adults to give up this screen-addiction and take up reading, which is far more productive.

"A reader today, A leader tomorrow"

Reading can produce awakened citizens. It helps in their upliftment from mere subjects to socially active citizens. Do not forget that leaders like Mahatma Gandhi, Pandit Jawaharlal Nehru, Nelson Mandela were avid readers too.

Hence, it can be said, with no doubts that reading results in nation building. A country producing avid readers can be said to be a progressive and far looking one.

Therefore, it is our responsibilities to spread awareness about reading and inculcating and nurturing reading habits and be the change. So, let us all pledge to build a stronger, mightier and greater nation with this weapon. The question is "Are you ready???"....

# പ്രളയാനന്തരം കേരളം - കാഴ്ചയും കാഴ്ചപ്പാടുകളും

(ഓണാഘോഷ മത്സരത്തോടനുബന്ധിച്ച് നടന്ന മലയാള ഉപന്യാസ മത്സരത്തിൽ ഒന്നാം സമ്മാനാർഹമായ രചന)



ഗായത്രി വി.

പ്രളയം - പ്രകൃതീദേവിയുടെ സംഹാരതാണ്ഡവം. മനുഷ്യനെയും മനുഷ്യന്റെ അഹങ്കാരത്തെയും ഒന്നുപോലെ ഇല്ലാതാക്കാൻ പോന്ന പ്രകൃതിയുടെ വികൃതി - ഇതാണ് കഴിഞ്ഞ രണ്ടു കാലവർഷ ക്കാലത്തും കേരളം കണ്ടത്. ''മാനുഷരെല്ലാരും ഒന്നുപോലെ'' എന്ന കവി വാക്യത്തെ അക്ഷരാർത്ഥത്തിൽ ശരിയാക്കിക്കൊണ്ട്, 'സമ്പന്നരും ദരിദ്രനും', 'ഉന്നതജാതിയും കീഴ്ജാതിയും' എന്നിങ്ങനെയുള്ള മനുഷ്യനിർമ്മിതമായ വേലിക്കെട്ടുകളെല്ലാം പറിച്ചെറിഞ്ഞുകൊണ്ട്, നാമെല്ലാം ഒറ്റക്കെട്ടായി. വിറങ്ങലിച്ച മനുഷ്യശരീരങ്ങളും, വിശന്നു കരയുന്ന കുഞ്ഞുങ്ങളും, മക്കൾ നഷ്ടപ്പെട്ട അമ്മമാരും, ജീവിതമാകെ നഷ്ടപ്പെട്ട കുടുംബനാഥരും നമ്മളെ പലതും ചിന്തിപ്പിച്ചു, പഠിപ്പിച്ചു. മനുഷ്യന്റെ നിസ്സഹായതയും പ്രകൃതിയുടെ ശക്തിയും നമ്മളെ കാണിച്ചു തന്നു. അതോടൊപ്പംതന്നെ, നാം ഒരുമിച്ചാൽ ഉണ്ടാകുന്ന ശക്തിയും നമ്മളെ പഠിപ്പിച്ചു.

ഇന്ന് കേരളം രണ്ടാം പ്രളയത്തിൽനിന്നും കരകയറുന്ന അശ്രാന്തപരിശ്രമത്തിലാണ്. ഈ അവസരത്തിൽ നമ്മൾ പലതും മനസ്സിലാക്കി പ്രവർത്തിക്കേണ്ടതുണ്ട്. നമ്മുടെ തെറ്റുകൾ തിരുത്തുവാനും, പുതിയ തെറ്റുകൾ വരുത്താതിരിക്കാനും നമ്മൾ തയ്യാറാകണം. പാരിസ്ഥിതികതലത്തിലും, മാനസിക തലത്തിലും ഒരു വിചിന്തനം അത്യാവശ്യമാണ്.

'ദൈവത്തിന്റെ സ്വന്തം നാട്' ഇന്ന് അഴിമതിയുടെ ഈറ്റില്ലമാണ്. സ്വന്തം കീശ നിറയ്ക്കാൻ എന്തും ചെയ്യുന്ന വ്യവസായികളും അവരെ എന്തു വില കൊടുത്തും സംരക്ഷിക്കുന്ന ഭരണാധികാരികളുമാണ് ഇന്ന് നാടിനെ നയിക്കുന്നത്. അന്യായമായ ഖനനങ്ങളും 'പരിസ്ഥിതിലോല' മേഖലകളിലേക്കുള്ള കടന്നുകയറ്റവുമാണ് ഒരു പരിധിവരെ ഈ പ്രളയ ദുരന്തത്തിനു കാരണമെന്ന് ഏവർക്കുമറിയാം. കേരളത്തിന്റെ മുഖമുദ്രയായ സഹ്യന്റെ പച്ചപ്പും ആവാസവ്യവസ്ഥയും തകർത്ത് ഖനനങ്ങൾ മുന്നേറിക്കൊണ്ടിരിക്കുന്നു. ഒരു മുന്നറിയിപ്പായി അവതരിപ്പിച്ച 'ഗാഡ്ഗിൽ റിപ്പോർട്ട്' ഇന്ന് എവിടെയോ പൂഴ്ത്തി വെക്കപ്പെട്ടിരിക്കുന്നു. ആരാണ് ഇതിനെല്ലാം ഉത്തരവാദികൾ? ഉത്തരം നമുക്കറിയാം.

''പരമ വിഡ്ഢിയായിരുന്നു കേൾക്കണം
ബഹളം വെയ്ക്കരുതാരും''



എന്ന് ആരോ പാടിയിരുന്നു. ഇതാണ് ഇന്ന് കേരളത്തിൽ സംഭവിക്കുന്നത്. ഇനിയുമൊരു ദുരന്തം ആവർത്തിക്കരുതെങ്കിൽ നാം ഉണരണം. ഭരണാധിപന്മാരുടെയും സ്വാർത്ഥതാൽപര്യക്കാരുടെയും കരുക്കളാകാൻ നാം നിന്നുകൊടുക്കരുത്. നാടിനെ അറിയണം പ്രകൃതിയെ അറിയണം. ആവാസവ്യവസ്ഥയെ അറിയണം. ചോദ്യം ചെയ്യേണ്ട അവസരങ്ങളിൽ ചോദ്യം ചെയ്യണം. 'സ്വന്തം കാര്യം സിന്ദാബാദ്' എന്ന മുദ്രാവാക്യം മനസ്സിൽനിന്നും മാറ്റണം. അന്യായമായ നിർമ്മാണ പ്രവർത്തനങ്ങൾ തടയണം. നമ്മുടെ ഏതൊരു പ്രവൃത്തിയും പ്രകൃതിക്ക് കോട്ടം തട്ടുന്നില്ല എന്ന് ഉറപ്പുവരുത്തുവാനും ഉത്തരവാദിത്തം നമുക്കോരോരുത്തർക്കും ഉണ്ട്. ജനങ്ങളിൽ ഉണ്ടാവുന്ന ഈ അവബോധം രാഷ്ട്രീയക്കാരെയും ബോധവാന്മാരാക്കും. ഇങ്ങനെ, പതുക്കെയെങ്കിലും സാരമായ ഒരു മാറ്റം വരുത്തുവാൻ നമുക്കു സാധിക്കും. 'അഴിമതിരഹിതവും പ്രകൃതിഹിതവു'മായ ഒരു നിർമ്മാണ പ്രക്രിയയും സാദ്ധ്യമാകും.

പ്രളയകാലത്തെ ക്യാമ്പുകളിലും മറ്റും കണ്ട ഒരു കാഴ്ച മനുഷ്യത്വത്തിന്റെ വിവിധ ഭാവങ്ങളായിരുന്നു. സ്വന്തം സുരക്ഷയെപ്പറ്റി ചിന്തിക്കാതെ മറ്റുള്ളവരെ രക്ഷിക്കാൻ പായുന്ന സാധാരണക്കാർ, സ്വന്തം ബോട്ടുകളിൽ പാഞ്ഞെത്തിയ കടലിന്റെ മക്കൾ, സ്വന്തം ശരീരം പാലമാക്കി മറ്റുള്ളവർക്ക് നടന്നുപോകാൻ വഴിയൊരുക്കിയവർ ഇങ്ങനെ അനേകം കാഴ്ചകൾ നാം കണ്ടു. ഇവ നമുക്കൊരു പാഠമാണ്. നമ്മൾപോലുമറിയാതെ നമ്മുടെ ഉള്ളിൽ കിടന്ന സഹജീവിസ്നേഹം - മനുഷ്യത്വം. ഇനി നാം മറക്കരുത് നാം ചെയ്തതും നമുക്കു മറ്റുള്ളവർ ചെയ്തുതന്നതും!

സഹായം തന്നപ്പോൾ നാമാരും ജാതി ചോദിച്ചില്ല. കൊടുത്തപ്പോഴും മതം ചോദിച്ചില്ല. ഭക്ഷണവും വസ്ത്രവും സാധനസാമഗ്രികളും എല്ലാം നാം കൈയയച്ചു കൊടുത്തു ആവശ്യക്കാർക്കായി. അമ്പലങ്ങളും പള്ളികളും മോസ്കുകളും യഥാർത്ഥ ആരാധനാലയങ്ങളായി. യഥാർത്ഥ മനുഷ്യനെയും യഥാർത്ഥ ദൈവത്തെയും അവിടെ കണ്ടു. ഇതൊന്നും നാം വിസ്മരിക്കരുത്. പ്രളയജലം ഇറങ്ങിത്തുടങ്ങിയപ്പോൾത്തന്നെ ഒറ്റപ്പെട്ടാണെങ്കിൽപോലും ചില ജാതീയ-രാഷ്ട്രീയ വേർതിരിവുകൾ കണ്ടുതുടങ്ങിയിരുന്നു. 'പാലം കടക്കുവോളം നാരായണ, പാലം കടന്നാൽ കൂരായണ' എന്നാണിപ്പോഴും. ഈ മനഃസ്ഥിതി മാറണം. എപ്രകാരം ഒറ്റക്കെട്ടായി, ഒരേജാതിയായി, ഒരേമതമായി നാം പ്രവർത്തിച്ചുവോ, അപ്രകാരം നാം ഇനിയും മുന്നോട്ടുപോകണം. ജാതിയെയും മതത്തെയും ആയുധമാക്കി നമ്മെ തമ്മിലടിപ്പിക്കുന്ന ഗൂഢശക്തികൾക്കെതിരെയാകട്ടെ നമ്മുടെ പോരാട്ടം. മനുഷ്യത്വമാകട്ടെ നമ്മുടെ ഗുരുവചനം. മനുഷ്യൻ ആകട്ടെ നമ്മുടെ മതം.

പ്രളയാനന്തര നവകേരളം പടുത്തുയർത്തുവാൻ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന വൻ സംഭാവനകളും സഹകരണവുമാണ് മറ്റൊരു കാഴ്ച. കുരുന്നുകൾപോലും അവരുടെ കുടുക്കകളിൽ ശേഖരിച്ച നാണയത്തുട്ടുകൾ സംഭാവന നൽകുന്നു. ശമ്പളം മുഴുവനായി നൽകുന്നു. ജോലിക്കാർ, കൈയയച്ചു സഹായിക്കുന്നു. കച്ചവടക്കാർ ഇങ്ങനെ തങ്ങളാൽ ആവുന്നതും അതിൽക്കൂടുതലും കൊടുക്കുവാൻ തയ്യാറായി മലയാളികൾ എല്ലാത്തിനും അതീതമായി നാം ഒന്നാണെന്ന ബോധം ഇന്ന് മലയാളിക്ക് വന്നു. ഈ ബോധം നമ്മെ നയിക്കട്ടെ.

ഇതിനുപുറമേ വിവിധ ലോകരാഷ്ട്രങ്ങളും നമ്മെ സഹായിക്കാൻ വന്നു. സഹജീവസ്നേഹത്തിന്റെയും മനുഷ്യത്വത്തിന്റെയും കരുണയുടെയും ശക്തി, രാഷ്ട്ര അതിർവരമ്പുകൾ ഭേദിക്കുന്ന കാഴ്ചയാണ് നാം കണ്ടത്. ഉദാത്തമായ ഈ കാഴ്ചപ്പാട് നമുക്കെന്നും സൂക്ഷിക്കാൻ സാധിക്കട്ടെ. രാഷ്ട്ര-രാഷ്ട്രീയ ഭേദമെന്യേ മനുഷ്യരൊന്നാണെന്ന് നാം മറക്കരുത്.

ഇടയ്ക്കിടെ കുത്തിത്തിരിപ്പുകളുണ്ടായാലും അതെല്ലാം മറികടന്ന് നവകേരളം നിർമ്മിക്കുവാനുള്ള പ്രയത്നത്തിലാണ് നാം ഇന്ന്. പ്രകൃതിയുടെ ശോഭയും ആവാസവ്യവസ്ഥയും തകിടംമറിക്കാത്ത ഒരു നിർമ്മാണ പ്രക്രിയ നടത്തുവാൻ നമുക്കു സാധിക്കണം. മണ്ണും വെള്ളവും കാടും മലിനപ്പെടാത്ത ഒരു നിർമ്മിതി അതിനായി നാം തയ്യാറാക്കണം. സ്വാർത്ഥതാൽപര്യങ്ങൾ മറക്കാം നമുക്ക്. നല്ലൊരു ശക്തവും സുന്ദരവുമായ- കേരളനാട് നമുക്ക് വാർത്തെടുക്കാം. അതിനായി മനമറിഞ്ഞ് പ്രവർത്തിക്കാം. രാഷ്ട്രീയ-ജാതി-മത ഭേദമെന്യേ നാം ഒന്നാണെന്നു നാം പഠിച്ചു. ഇത് നമുക്ക് മറക്കാതിരിക്കാം. 'മാനുഷരെല്ലാരുമൊന്നുപോലെ' യഥാർത്ഥ അർത്ഥത്തിൽ നമുക്ക് പാടാൻ സാധിക്കട്ടെ. ഗൂഢലക്ഷ്യങ്ങൾക്കായി നമ്മെ തമ്മിലടിപ്പിക്കുന്നവരെ നമുക്കു മനസ്സിലാക്കാം. നാം ഒന്നായി നിന്നാൽ എന്തും സാദ്ധ്യമാകുമെന്നു നമുക്കു മനസ്സിലായി. ഈ ചിന്ത നമ്മെ മുന്നോട്ടു നയിക്കട്ടെ. മാവേലി മന്നന്റെ നാട് വീണ്ടെടുക്കുവാൻ നമുക്കു കഴിയട്ടെ. ഉദാത്തവും സമ്പന്നവുമായ ചിന്താഗതി നമുക്കു ശക്തിപകരട്ടെ! സ്നേഹവും മനുഷ്യത്വവും നിറഞ്ഞ ഒരു കേരളനാട് ഉണരട്ടെ! ഇനിയുമുള്ള പ്രളയം സ്നേഹത്തിന്റേതാവട്ടെ, സാഹോദര്യത്തിന്റേതാകട്ടെ, സഹവർത്തിത്വത്തിന്റേതാകട്ടെ. നാം ജയിക്കും!

# SURYA ENTERPRISES
## FACILITY SERVICES




### Surya Facility Services

Surya Facility Services **offer services for protection against cockroaches, termites, rodents, bed bugs, wood borers, fillies, mosquitoes etc. General Pest Management Services for corporates.**

#14/1, 5th A Cross, Defence Colony, H.M. Road
Bengaluru - 560 073
Mobile: 9731967666, E-mail: suryaentp99@gmail.com




# PIONEER
## AGENCIES

WE PROVIDE:

UGD drain line cleaning/ blockage removal with
High pressure Jetting Cum Vacuum Suction Machine.

Sewage tank cleaning, STP & ETP tank cleaning
**(Commercial Complexes, Apartments & Pharmaceutical Industries).**

Domestic & Industrial Effluent transportation & Disposal.

Domestic & Industrial Water tanks cleaning.

We are Located@:

N0 822, "C" Block, AECS Layout, Kundanahalli, Bangalore – 560 037

Contact us: 09448359911 / 09844617200

# India's Largest Tech Security Company

Cattleya Technosys is an IOT Technology based, product Company in the business of Electronics & Video Surveillance, Central Monitoring, Command & Control Center services, Asset control and Analytics backed by Closed Loop Operations




**Cattleya has <u>200000+ connected things</u>**, streaming information to cloud applications which incorporate data analytics and machine learning.

Discover useful information and trends to improve quality (of asset, humans), optimize business and process.

**Surveilling over 18,000 Asset Sites**

Cattleya's Indigenously engineered IoT product stack (NISAEYE, ANT and nMonit) currently has over 275,000+ connected things across 18,000 remote sites, streaming Surveillance data (for physical risk mitigation), Passive Asset heath data (for O & M) and Energy related data (for consumption control and optimization), into Command & Control Centres for exception based monitoring.

Artificial Intelligence at the edge and on the cloud, transforms data into actionable information, improving decision making

Cattleya furthers service delivery by solving business problems of Banks, Warehouses, Retail Stores, Telecom Towers and other businesses with remote & distributed operation sites from security, asset and energy aspects.

CATTLEYA TECHNOSYS






**Home Delivery**
**Reservation**
**Outdoor Catering**
**Party Orders**
**Online Orders**

**080 - 42286088**
**080 - 42286188**
**+91 96060 58045**
**www.beijingbites.com**

No. 57, 8th Cross, Kaggadaspura Main Road, Sir CV Rama Nagar (PO)
Opp. Lamcy Super Market, Bangalore - 560 093

# നന്മമരം



രാമകൃഷ്ണൻ കിനാവൂർ

എന്തിനാണാവോ മാഷ് എന്നെ അന്വേഷിക്കുന്നത്....?

കുറച്ചുകാലമായി നാട്ടിലേക്കുള്ള ഫോൺവിളികളിൽ അമ്മയും സുഹൃത്തുക്കളും മാഷ് അന്വേഷിക്കുന്ന കാര്യം സൂചിപ്പിക്കാറുണ്ടായിരുന്നു. അതിനാലാണ് നാട്ടിലെത്തിയ ഉടനെ അയാൾ മാഷിനെ കാണാൻ പോയത്. വീടിനടുത്തേക്ക് നീങ്ങുമ്പോഴേ ആശുപത്രിയുടെ മണം. കട്ടിലിൽ മയക്കത്തിലാണ് മാഷ്. നാട്ടിലെ ഒരുപാട് തലമുറകൾക്ക് അറിവും തണലും നൽകിയ നന്മമരം.



ടി.വി.യിൽ ഏതോ സീരിയൽ കാണുകയാണ് മാഷിന്റെ മകൾ.

''എന്തിനാണാവോ മാഷ് ഇടയ്ക്ക് എന്നെ അന്വേഷിച്ചിരുന്നത്. എന്തെങ്കിലും പറഞ്ഞിരുന്നോ?'' അയാൾ ചോദിച്ചു.

''ഓ.... അതാണോ'' മാഷിന്റെ മകൾ ചിരിച്ചു. ''ഇവിടെ കുറേ ഗ്രന്ഥങ്ങളുണ്ടാർന്നു. പുസ്തകങ്ങള്. അതൊക്കെ നിന്നെ ഏല്പിക്കാനായിരുന്നു. കൊറച്ചീസം മുമ്പ് പഴയ പ്ലാസ്റ്റിക് സാധനങ്ങളൊക്കെ എടുക്കുന്ന തമിഴൻ വന്നപ്പോ കൂട്ടത്തില് അതൊക്കെ ഞാൻ വിറ്റു.'' ടി.വി.യിൽ നിന്നും കണ്ണെടുക്കാതെ മാഷിന്റെ മകൾ പറഞ്ഞു.

മാഷിന്റെ കൺകോണുകളിലൂടെ കണ്ണുനീർ ഒഴുകുന്നത് അയാൾ കണ്ടു. അത് നേരത്തെ ഉണ്ടായിരുന്നോയെന്ന് അയാൾ സംശയിച്ചു.

# ലക്ഷദ്വീപ്: അറബിക്കടലിലെ നന്മമരങ്ങൾ



രഞ്ജിത്ത് ടി.

ഒരുപാട് നാളത്തെ ആഗ്രഹമായിരുന്നു ഒരു ലക്ഷദ്വീപ് യാത്ര. രാഹുലും അരുണും ആയിരുന്നു പുതിയ ആശയം കൊണ്ടുവന്നത്. എല്ലാവർഷവും സെപ്റ്റംബറിൽ തുടങ്ങുന്ന, ലക്ഷദ്വീപ് ടൂറിസത്തിന്റെ ''സമുദ്രം'' പാക്കേജ്. ആറ് മാസങ്ങൾക്ക് മുൻപ് ഞങ്ങൾ പ്ലാൻ തുടങ്ങി. എന്തോ ഈ യാത്ര സഫലമാക്കണം എന്ന ഉദ്ദേശത്തോടെ രാഹുൽ തന്റെ ഗവേഷണം ഇതിലേക്കായി ഗതിതിരിച്ചുവിട്ടു. ബ്രൗസിംഗ് മാസ്റ്റർ അനീഷും സഹായത്തിനെത്തിയപ്പോൾ എല്ലാം ത്വരിതഗതിയിലായി. ഒക്ടോബർ 26-ന് യാത്രയ്ക്കുള്ള പ്ലാൻ റെഡിയായി.

26 ന് രാവിലെ ഞാനും രാഹുലും കുടുംബവും ബെംഗളൂരുവിൽ നിന്ന് വിമാനം കയറാൻ എയർപോർട്ടിൽ എത്തി. സെക്യൂരിറ്റി ചെക്കിംഗ് കഴിഞ്ഞ് ബോർഡ് ചെയ്ത് കുറച്ചുകഴിഞ്ഞപ്പോൾ പൈലറ്റിന്റെ അനൗൺസ്മെന്റ് 'എൻജിനിൽ ചെറിയ തകരാറു കാരണം ഫ്ളൈറ്റ് ക്യാൻസൽ ചെയ്യണമെന്ന് തീരുമാനിച്ചു. എല്ലാവരും സഹകരിക്കണം' എന്ന്. തിരികെ എയർപോർട്ടിൽ എത്തി. ആദ്യമായി ഫ്ളൈറ്റ് കേറാൻ വന്ന അച്ഛൻ തന്റെ ദുരവസ്ഥയോർത്ത് സ്വയം പഴിച്ചു. ഒരു ഫ്ളൈറ്റ് ക്യാൻസൽ ആയാൽ ആൾട്ടർനേറ്റ് ഫ്ളൈറ്റ് തരില്ലെന്ന എയർഇന്ത്യയുടെ സ്ഥിരം പല്ലവി ഇവിടെയും ആവർത്തിച്ചു. ഒടുവിൽ ഞങ്ങൾ കുറച്ച് ഗവ. ഉദ്യോഗസ്ഥർ, വേറെ ഫ്ളൈറ്റിൽ പോകാൻ കഴിയില്ല, എന്തെങ്കിലും ചെയ്യണമെന്ന് പറഞ്ഞതുകൊണ്ട്, അവർ ഒരു ഓഫർ വച്ചു. വേണമെങ്കിൽ മുംബൈ വഴി ഒരു ഫ്ളൈറ്റ് തരാം. പക്ഷേ അവിടെ നിന്ന് വൈകുന്നേരം 5 മണിക്കേ കൊച്ചിക്ക് ഫ്ലൈറ്റ് ഉള്ളൂ. ഗത്യന്തരമില്ലാതെ സമ്മതിക്കേണ്ടിവന്നു.

ഉച്ചയോടെ, ഛത്രപതി ശിവജി എയർപോർട്ട് മുംബൈയിൽ എത്തി. എല്ലാവർക്കും ഭക്ഷണം എയർഇന്ത്യ അറേഞ്ച് ചെയ്തു. ഭക്ഷണം കഴിഞ്ഞ് എല്ലാവരും എയർപോർട്ട് ചുറ്റിക്കണ്ടു. പന്ത്രണ്ട് വർഷത്തെ ''പൊക്രാൻ'' യാത്രയിൽ എന്നും എന്റെ ഇടത്താവളമായിരുന്ന മുംബൈ എയർപോർട്ട്, എനിക്ക് കാര്യമായ പുതിയ കാഴ്ചകൾ നൽകിയില്ലെ



ങ്കിലും, ഇതിൽ ഏറ്റവും നേട്ടമുണ്ടായത് അച്ഛനമ്മമാർക്കെന്ന് അവർ പറയുന്നത് കേട്ടു. ഒരു പ്രൊപ്പെലർ ഫ്ലൈറ്റിനു പകരം രണ്ടു ഫ്ലൈറ്റ്സ് കൂടാതെ ബോണസ് ആയി മുംബൈ സി.എസ്.ടി.യും. രാവിലെ 9 ന് കൊച്ചിയിലെത്തി. ലുലുമാളിൽ പോകണം, പിന്നെ ഉച്ചയ്ക്ക് മറൈൻ ഡ്രൈവ്, പിന്നെ പറ്റിയാൽ മുല്ലപ്പന്തൽ വരെ പോയിട്ട് വരാം എന്ന് പ്രതീക്ഷിച്ച പലർക്കും മുംബൈ യാത്ര അസഹനീയമായി. കേവലം ഒരു മണിക്കൂർ കൊണ്ട് കൊച്ചിയിൽ എത്തേണ്ടിയിരുന്ന ഞങ്ങൾ എത്തിയത് രാത്രി 8 മണിക്ക്. നന്നായി ക്ഷീണിച്ചതിനാലും പിറ്റേന്ന് നേരത്തെ പോകേണ്ടിയിരുന്നതിനാലും എല്ലാവരും പെട്ടെന്ന് തന്നെ ഉറങ്ങാൻ പോയി. രാത്രി 12 മണിയോടെ അനീഷും സുഭാഷും ഹരിയണ്ണനും എത്തി.

രാവിലെ 10 മണിയോടെ ലക്ഷദ്വീപ് വാർഫിലേക്ക് യാത്രയായി. സെക്യൂരിറ്റി ചെക്കിംഗിനു ശേഷം കുറച്ചുദൂരം ബസ്സിൽ ഒരു യാത്ര. ശേഷം ലക്ഷദ്വീപ് സ്പോർട്സിന്റെ ''എം.വി. കവരത്തി'' ഷിപ്പിലേക്ക്. ലഗേജ് കളക്ട് ചെയ്തശേഷം എല്ലാവരും അവരവരുടെ ക്യാബിനിലേക്ക്. ടൂറിസ്റ്റുകൾക്കായി 3, 4, 5 ഫ്ളോർ ആയിരുന്നു. ഞങ്ങൾക്ക് അഞ്ചാമത്തെ ഫ്ളോർ ആയിരുന്നു. രണ്ടുപേർക്ക് താമസിക്കാവുന്ന മനോഹരമായ ഒരു റൂം. താഴെയും മുകളിലുമായി രണ്ടു തട്ടിലുള്ള കട്ടിൽ എന്നിൽ നവോദയ വിദ്യാലയത്തിന്റെ ഓർമ്മകൾ ഉളവാക്കി. ഒന്നു ഫ്രഷ് ആയശേഷം ഭക്ഷണത്തിനായി, മെസ്സിലേക്ക് ആദ്യ ദിവസമായതുകൊണ്ട് ചോറും സാമ്പാറും ചൂര ഫ്രൈയും മാത്രമേ ഉണ്ടായിരുന്നുള്ളൂവെങ്കിലും വിശപ്പിന്റെ കാഠിന്യത്താൽ നല്ലവണ്ണം കഴിച്ചു. ടൂറിസ്റ്റുകൾ 180 പേരും സാധാരണ പാസഞ്ചേഴ്സ് അതിൽ കൂടുതലും ഉണ്ടായിരുന്നു.

ഉച്ചഭക്ഷണത്തിനു ശേഷം നന്നായൊന്നുറങ്ങി. എപ്പോഴോ ഒരു ചാഞ്ചാട്ടം അനുഭവപ്പെട്ടപ്പോൾ ഞാൻ ഞെട്ടിയുണർന്നു. പിന്നാലെ രാഹുലിന്റെ മിസ്ഡ് കോൾ. ജനാലയിലൂടെ പുറത്തേക്ക് നോക്കി. ഷിപ്പ് പതിയെ നീങ്ങുന്നു. പെട്ടെന്നുതന്നെ ഡക്കിൽ എത്തി. ഹാർബറിൽ നിന്ന് ഷിപ്പ് പുറത്തേക്ക്കൊണ്ടു പോകുന്ന മനോഹരമായ കാഴ്ച. രണ്ട് ബോട്ടുകൾ നിന്ന് 'Tow' ചെയ്യുകയാണ്. സേഫ് ഡിസ്റ്റൻസ് ആയപ്പോൾ രണ്ട് ബോട്ടുകളും ഡിറ്റാച്ച് ചെയ്യപ്പെട്ടു. പിന്നെ സ്വന്തമായി ഷിപ്പ് മൂവ് ചെയ്തു തുടങ്ങി. പതിയെ പതിയെ ഞങ്ങൾ കൊച്ചിയിൽ നിന്നകന്നുകൊണ്ടിരുന്നു. കുറച്ച്സമയത്തിനുശേഷംഞങ്ങൾപുറംകടലിലെത്തി. കണ്ണെത്താദൂരത്തോളം നീലപ്പരപ്പ്... കത്തുന്ന സൂര്യനു താഴെ കടൽക്കാറ്റിന്റെ അകമ്പടിയിൽ കുഞ്ഞോളങ്ങളെ തഴുകി ഞങ്ങളുടെ കപ്പൽ ലക്ഷദ്വീപ്സമൂഹത്തിനു നേരെ നീങ്ങി. ഫോൺ കണക്ഷൻ പോയിട്ട് കുറച്ചു സമയമായിരിക്കുന്നു.

ഓളങ്ങളുടെ തൊട്ടിലാട്ടത്തിൽ എം.വി. കവരത്തിയിൽ ഞങ്ങളുടെ ആദ്യ ദിനം. രാത്രി ഭക്ഷണത്തിനു ശേഷം എല്ലാവരും ഡക്കിൽ ഒത്തു ചേർന്നു. ഇരുട്ടിൽ തിരമാലകളെ കീറിമുറിച്ചു നീങ്ങുന്ന കപ്പലിലെ ദൂരക്കാഴ്ച അല്പം ഭയമുളവാക്കാതിരുന്നില്ല. ഇടയ്ക്കിടെ ഓളപ്പരപ്പിലൂടെ പറന്നു നീങ്ങുന്ന 'പറക്കും മത്സ്യം' ഞങ്ങൾക്ക് ഒരത്ഭുതമായിരുന്നു. അകലെയായി മത്സ്യബന്ധന ബോട്ടുകളുടെ കൊച്ചു കൊച്ചു വിളക്കുകൾ കാണാമായിരുന്നു. കൊച്ചിക്കാരനായ 'സേതുമാധവൻ', എന്ന ക്യാപ്റ്റനിൽ നിന്ന് കുറേ കാര്യങ്ങൾ ചോദിച്ചറിഞ്ഞു. സംസാരത്തിനിടയിൽ കുറച്ച് മുന്നിലായി ഒരു വിളക്കുപോലെ എന്തോ, സലിൽ ചേട്ടൻ കണ്ടു. അതെന്താണെന്ന് ക്യാപ്റ്റനോട് ചോദിച്ചു. പെട്ടെന്ന് ക്യാപ്റ്റൻ അകത്തേക്ക് പോയി ക്രൂവിനെ ഇൻഫോം ചെയ്തു. 'Carpathia' ഷിപ്പ് ടൈറ്റാനിക്കിലെ വെളിച്ചം കണ്ടുപിടിച്ചത് പോലെ, ഇത്തിരി അഹങ്കാരത്തോടെ സലിൽ ചേട്ടൻ ഞങ്ങളെ നോക്കി പുഞ്ചിരിച്ചു. ഏതോ മീൻപിടുത്തക്കാർ നൽകുന്ന ഇൻഡിക്കേഷൻ ആണ്. കണ്ടതുകൊണ്ട് നന്നായി എന്ന് ക്യാപ്റ്റൻ വന്നു പറഞ്ഞു. കുറച്ചു സമയം കൂടി ഡക്കിൽ കഴിച്ചുകൂട്ടി. ഉറക്കം കണ്ണുകളെ തഴുകി വിളിച്ചപ്പോൾ തിരികെ ക്യാബിനിലേക്ക്...

ഇത്തിരി ചാഞ്ചാട്ടം ഉണ്ടായിരുന്നെങ്കിലും, ക്ഷീണം കാരണം നന്നായി ഉറങ്ങി. ഉറക്കമുണരുമ്പോഴേയ്ക്കും കപ്പൽ എവിടെയോ നങ്കൂരമിട്ടിരിക്കുകയാണ്. പുറം കടലാണ്. അകലെയായി ഒരു കൊച്ചുദ്വീപ്. പെട്ടെന്ന് അനൗൺസ്മെന്റ് 'മിനക്കോയ് ദ്വീപിലേയ്ക്കുള്ള സെക്കന്റ് ക്ലാസ് പാസഞ്ചേഴ്സ്, എംബാർക്കേഷൻ റൂമിലേക്ക് വരണം' എന്നായിരുന്നു. ഫ്രഷ് ആയി, ബ്രേക്ക്ഫാസ്റ്റിനു ശേഷം ഞങ്ങളും (ടൂറിസ്റ്റ്സ്) എംബാർക്കേഷൻ റൂമിലേക്ക്. കപ്പലിൽ നിന്ന് ഇറങ്ങാനുംകയറാനും വേണ്ടിയുള്ള, ഏറ്റവും അടിത്തട്ടിലായി ഉള്ള ചെറിയ വാതിലിനെയാണ് എംബാർക്കേഷൻ ഡോർ എന്ന് പറയുന്നത്. അതിലൂടെ തിരമാലകളിൽ നൃത്തം ചെയ്യുന്ന ബോട്ടുകളിലേക്ക് കയറണം. അങ്ങനെയാണ് കരയിലേക്ക് പോകേണ്ടത്. ലൈഫ് ജാക്കറ്റ് ധരിച്ച് എല്ലാവരും തയ്യാറായി. ഭയം പുറത്തു കാട്ടാതെ ക്രൂവിന്റെ സഹായത്തോടെ ബോട്ടിൽ കയറി. അവിടെനിന്ന് അഞ്ചാറു കിലോമീറ്റർ ബോട്ടിൽ. പവിഴപ്പുറ്റുകൾക്ക് നാശം ഉണ്ടാകാതിരിക്കാനാണ് കപ്പൽ നടുക്കടലിൽ നിർത്തിയത്. ബോട്ടുജെട്ടിയിൽ ഞങ്ങളെയും കാത്ത് 'സമുദ്രം

പാക്കേജിന്റെ പ്രതിനിധികൾ ഉണ്ടായിരുന്നു. എല്ലാവരും ലൈഫ് ജാക്കറ്റ് ഊരിവെച്ച് വണ്ടിയിലേക്ക് കയറി.

**മിനിക്കോയ് (Minicoy)**

ഏകദേശം 4.8km$^2$ വിസ്താരവും, 10700 ജനസംഖ്യയുമുള്ള കൊച്ചുദ്വീപ്. കേരം തിങ്ങും നാട്. ഭാരതത്തെക്കാൾ കൂടുതൽ മാലിദ്വീപ് സംസ്കാരത്തോട് ചേർന്നു നിൽക്കുന്ന ദ്വീപ്. മലയാളത്തിന്റെ ഒരു വേർഷൻ പോലെയുള്ള 'മഹൽ' എന്ന ഭാഷയാണ് ഉപയോഗിച്ചുവരുന്നത്. നൂറുശതമാനവും മുസ്ലിം ജനസംഖ്യയുള്ള ദ്വീപ്. ലക്ഷദ്വീപ് എല്ലാം അങ്ങനെ തന്നെയാണ് എന്നതാണ് അതിന്റെ പ്രത്യേകത. ആദ്യമായി മിനിക്കോയ് ലൈറ്റ്ഹൗസ് കാണാനാണ് പോയത്. 1885 ൽ ബ്രിട്ടീഷുകാർ നിർമ്മിച്ച 50 മീറ്ററുള്ള ലൈറ്റ് ഹൗസ്. തൃശ്ശൂർകാരനായ ഒരു ചേട്ടനാണ് ഇപ്പോൾ അതിന്റെ ഇൻചാർജ്ജ്. കേരളത്തിൽ നിന്നുള്ളവർക്ക് ദ്വീപുകാരുടെ സ്നേഹം എത്രത്തോളമുണ്ടെന്ന് അവിടെനിന്ന് ഞങ്ങളറിയാൻ തുടങ്ങി. ശേഷം ഞങ്ങൾ റിസോർട്ടിലേക്ക് പോയി.

മനോഹരമായ ബീച്ച്. കിലോമീറ്ററോളം ശാന്തമായി നീലനിറമുള്ള വെള്ളം 'പ്രകൃതിദത്തമായ പൂൾ' പോലെ അതങ്ങനെ ശാന്തമായി കിടക്കുന്നു. ഉച്ചവരെ ബീച്ചിൽ കളിക്കാം. വാട്ടർ ഗെയിംസ് ആയ Snorkelling, kayaking, scuba diving ഒക്കെ ആസ്വദിക്കാം. കടലിനടിയിലെ സൗന്ദര്യം ആസ്വദിക്കാൻ ഏറ്റവും അനുയോജ്യം Scuba diving ആണ്. Scuba ക്ക് പോകുന്നവരുടെ ഫോട്ടോയും വീഡിയോയും (അണ്ടർ വാട്ടർ) ഒരു സിഡിയിൽ ആക്കി തരികയും ചെയ്യുന്നുണ്ട്. ഇത്രയും ശാന്തമായും വൃത്തിയായുള്ള കടൽക്കരയിൽ എത്ര സമയം ചെലവഴിച്ചാലും മതിയാവില്ലെങ്കിലും, ഉച്ചഭക്ഷണത്തോടെ ദ്വീപ് കാണാൻ ഞങ്ങൾ തിരിച്ചു. പഴയ പ്രതാപം വിളിച്ചോതുന്ന ഒരു തറവാട്ട് മുറ്റത്തായിരുന്നു ചായ ഒരുക്കിയത്. മുറ്റത്ത് വച്ചിരിക്കുന്ന ഒരു സ്നേക്ക് ബോട്ടിനെപ്പറ്റി ചോദിച്ചപ്പോൾ, അത്



'മഹാദോണി' എന്ന ബോട്ട് ആണെന്നും, മത്സരത്തിന് ഉപയോഗിക്കുന്നതാണ് എന്നാണ് പറഞ്ഞത്. പണ്ട് ആറന്മുള വള്ളംകളിക്കോ മറ്റോ കൊണ്ടുപോയപ്പോൾ, ഇതിന്റെ കുതിച്ചുപോക്ക് കണ്ടിട്ട്, ഇതിനെ ഉൾപ്പെടുത്താൻ പറ്റിയില്ല എനൊരു കഥയും 'മഹാദോണി'യുടെ പുറകിലുണ്ട്. കാര്യമായി വികസനം ഒന്നുമില്ലാത്ത കൊച്ചുദ്വീപ്. കാര്യമായിട്ട് വലിയ ആശുപത്രികൾ ഒന്നുമില്ല. ചെറിയ ചെറിയ റോഡുകൾ. കൊച്ചുകൊച്ചു കടമുറികൾ, മെയിൻ ലാൻഡിലെ ജനങ്ങളുടെ മത്സരബുദ്ധിയും മറ്റുള്ളവന്റെ മുന്നിൽ വലിയവനാകാൻ ശ്രമിക്കുന്ന പൊങ്ങച്ചവും ഒന്നുംതന്നെ കാണാനില്ല. സംസ്കാരവും വേഷവിധാനങ്ങളും മാലിദ്വീപിനോട് ചേർന്നത്. ജനപ്രതിനിധികൾ ഉണ്ടെങ്കിലും ഇന്ത്യൻ ഗവൺമെന്റ് തങ്ങളുടെ പ്രശ്നങ്ങൾ കേൾക്കാതെ അവഗണിക്കുന്നു എന്ന ഒരു പരാതിയും ദ്വീപുകാർക്കുണ്ട്. എല്ലാവരോടും നന്ദി പറഞ്ഞ് വൈകുന്നേരത്തോടെ ബോട്ടിൽ, തിരികെ ഷിപ്പിലേക്ക്. അല്പസമയശേഷം അടുത്ത ദ്വീപിനെ ലക്ഷ്യമാക്കി അത് മുന്നോട്ട് നീങ്ങി.

**കടമത്ത് (Kadmat)**

പിറ്റേന്ന് രാവിലെ കണ്ണു തുറക്കുമ്പോൾ വീണ്ടും നങ്കൂരമിട്ടിരിക്കുന്നതാണ് കണ്ടത്. കുറച്ചകലെയായി ഒരു കൊച്ചു ദ്വീപ്. കടമത്ത് ദ്വീപിന് Cardamon Island എന്നും പേരുണ്ട്. കണ്ണുനീർത്തുള്ളിയുടെ ആകൃതിയുള്ള ഈ ദ്വീപിന് ആകെ 3.5km$^2$ വിസ്തീർണ്ണം, 9 കിലോമീറ്റർ നീളവും 0.57 കിലോമീറ്റർ വീതിയുമാണുള്ളത് (മാക്സിമം). ഏകദേശം 5000 ത്തോളം ജനസംഖ്യയുള്ള ഈ ദ്വീപിന്റെ മനോഹാരിത ഒന്നുവേറെ തന്നെയാണ്. ജനങ്ങളുടെ പെരുമാറ്റവും ആതിഥേയ മര്യാദയും കാണുമ്പോൾ നമുക്ക് നഷ്ടപ്പെട്ടുപോയ എന്തോ ഒരു ഇത് ഇവിടത്തെ ജനങ്ങൾക്ക് ഉണ്ടെന്നൊരു തോന്നൽ. കേരളത്തിലുള്ളവരോട് ഒരു പ്രത്യേകവാത്സല്യം ഇവർക്കുണ്ട്. ഇവിടെ തീയറ്റർ ഒന്നുമില്ലേ, എന്ന ചോദ്യത്തിന് 5000 പേർക്ക് വേണ്ടി ആര് തീയേറ്റർ വെക്കാനാണ് എന്നാണ് പറഞ്ഞത്. അവിടെ വച്ച് പരിചയപ്പെട്ട ഒരു പാവം ചേട്ടനാണ് 'ഷെയ്ക്കോയ' ജന്മനാ കാലിനു വയ്യാത്ത അദ്ദേഹം ഒരു മുച്ചക്ര സ്കൂട്ടറിന് വേണ്ടി കേരളത്തിൽ അപ്ലൈ ചെയ്തിട്ടുണ്ടെന്ന് പറഞ്ഞു. അതിന്റെ സ്റ്റാറ്റസ് അന്വേഷിക്കാൻ പറ്റുമോ, എന്ന് തിരുവനന്തപുരംകാരൻ രാഹുലിനോട് ചോദിച്ചു. പക്ഷേ, അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത് ലക്ഷദ്വീപ്കാർക്ക് ഇത് ബാധകമല്ല എന്നതാണ്. 'ഷെയ്ക്കോയക്ക്' ഒരു മുച്ചക്ര സ്കൂട്ടർ സമ്മാനിക്കാൻ കഴിയാത്തതിൽ ഞങ്ങൾക്കിത്തിരി വിഷമമുണ്ട്.

എങ്കിലും എത്രയും പെട്ടെന്ന് അദ്ദേഹത്തിനു ഒരു സ്കൂട്ടർ ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഉച്ചഭക്ഷണശേഷം അവിടത്തെ Coconut Factory കാണാൻ ഞങ്ങൾ പോയി. ചെറിയ റോഡുകളും കൊച്ചുകൊച്ച് വീടുകളും. ഒരു പെട്രോൾ പമ്പുപോലും ഇല്ലാതെ, ബി.എസ്.എൻ.എൽ 2ജി മാത്രമായും, ട്രാഫിക്കും സിഗ്നൽസും ഇല്ലാതെ, മണിമാളികകളും, ആഡംബര വാഹനങ്ങളും ഇല്ലാതെ ഇങ്ങനെയും ഇവിടെ ജനങ്ങൾ ജീവിക്കുന്നു എന്നത്, ഒരു പുതിയ അറിവായിരുന്നു. ഭൂമിയിൽ ഒരു സ്വർഗ്ഗമുണ്ടെങ്കിൽ അത് ഇതാണോ എന്നുപോലും ചിന്തിക്കാതിരിക്കില്ല ഓരോ യാത്രികനും... എന്തോ... അവിടുന്ന് തിരിക്കുമ്പോൾ, നന്മ നിറഞ്ഞ ആ മുഖങ്ങളിലേക്ക് നോക്കുമ്പോൾ എന്റെ മനസ്സ് പറയുന്നുണ്ടായിരുന്നു. ഒരിക്കൽക്കൂടെ ഇങ്ങോട്ട് വരണം.. സ്നേഹിക്കാൻ മാത്രം അറിയുന്ന ഈ ജനങ്ങളുടെ ഇടയിലേക്ക്... പറ്റിയാൽ നമ്മുടെ ''ഷെയ്ക്കോയക്ക്'' ഒരു മുച്ചക്ര സ്കൂട്ടറുമായി.

**കവരത്തി (Kavarathi)**

ലക്ഷദ്വീപ് സമൂഹങ്ങളിൽ കുറച്ചെങ്കിലും കൊമേഴ്സ്യലൈസ്ഡ്, അല്ലെങ്കിൽ ഇത്തിരി വികസനം കാണാൻ കാണാൻ പറ്റുന്നത് കവരത്തിയിലാണ്. എങ്കിലും ദ്വീപുകാരുടെ നൊമ്പരങ്ങളും വിഷമങ്ങളും അവരിലുണ്ട്. 'അനാർക്കലി' സിനിമയിൽ പറയുന്ന പോലെ 5 മീറ്റർ വീതിയുള്ള റോഡും, 150 വണ്ടിയുമുള്ള ഇവിടെ എന്തിനാണ് ഹെൽമറ്റ് എന്നതാണ് സ്ഥിതി. കേരളത്തിലെ ഏതെങ്കിലും നാട്ടിൽ പോയ പോലെയേ തോന്നുന്നുള്ളൂ. കവരത്തിയിലെ ഉള്ളിലേക്ക് ചെന്നാൽ, പൊന്നുംവിലയ്ക്ക് കുടിവെള്ളം വാങ്ങുന്നതുകൊണ്ട്, ഞങ്ങൾ ഓരോ തുള്ളി വെള്ളം കളയുമ്പോഴും അവർ പറയും, ഞങ്ങളുടെ ചങ്കാണ് കത്തുന്നതെന്ന്.... മലയാളം എന്നല്ലെങ്കിലും 'ജസറി' എന്ന ഭാഷയാണ് പൊതുവെ ഉപയോഗിക്കുന്നത്. ലിപി ഇല്ലാത്തതുകൊണ്ട് മലയാളം തന്നെയാണ് ലിപി. നമ്മുടെ നാട്ടിലെ പോലെ മെസ്സിയുടെയും റൊണാൾഡോയുടെയും പോസ്റ്ററുകളും, സി.പി.ഐ (എം), കോൺഗ്രസ് കൊടികളും ഇടയ്ക്കിടയക്ക് കാണാം. എങ്കിലും തമ്മിൽ തല്ലും രാഷ്ട്രീയ കൊലപാതകങ്ങളും കള്ളവും ചതിയുമില്ലാതെ അവരുടെ ലോകത്ത് അവർ സന്തോഷത്തോടെ ജീവിക്കുന്നു. ഉച്ചഭക്ഷണത്തിനുശേഷം നൃത്തവും ഒപ്പനയും മാപ്പിളപ്പാട്ടുമായി നമുക്ക് തന്ന സ്വീകരണം വളരെ മനോഹരമായിരുന്നു. ഒടുവിൽ ചായ കുടിച്ച ശേഷം ഇത്തിരി 'മാസ്സ്' (ചൂര ഉണക്കിയത്) വാങ്ങി ഷിപ്പിലേക്ക് തിരിക്കുമ്പോൾ ദ്വീപുകാരുടെ നൊമ്പരങ്ങളുടെ ചിത്രമായിരുന്നു മനസ്സ് നിറയെ.... ലോകം ഒരുപാട് മുന്നോട്ട് പോയെങ്കിലും ഈ ചെറിയ ചുറ്റുപാടിൽ ഒതുങ്ങി ജീവിക്കുന്ന അവർ എത്രത്തോളം സന്തോഷവാന്മാരായിരിക്കും....



Article

# THE HERMIT CRAB



Chanjal S Kumar

Once upon a time there lived a hermit crab that had the most beautiful shell of all. It was a bright red with small beautiful white and blue designs on it. When the sun was out, the shell would shine like a million diamond dusts scattered over it. This intense beauty was a pride to the entire ocean. But alas all the glam and the glitter the shell had, the hermit crab who lived in the shell was a simple soul that appreciated the simplicity in life.

Every creature in the ocean wanted to be related to this beautiful shell for which they pretended to be friends and even closer to the hermit crab who owned it. At every point in life the poor hermit crab realized the truth the hard way that no creature in the ocean appreciated her but only the shell she lived it. She was hurt and felt used with most of the creatures who was a part of her life .Learning from all her lessons, she decided to silently live her life in shell, not letting anyone close enough to hurt her.

Shrimps and crabs, sea urchins and mussels all came by, pretending to be friends to which she never obliged. But one day, overseeing a shadow, the little hermit came out of her shell to discover a small sparrow bird next to her. Frightened and terrified she rushed back into her shell. But the little sparrow, unlike the other birds, seemed very friendly. Soon was it that the hermit crab and the little sparrows became best friends. The ocean and the birds envied on their friendship yet they embraced their friendship delightedly. Time passed on and then came a day when the little sparrow had to fly away. The little sparrow was sad but yet she was prepared for this to happen and flew away bidding her best friend the hermit crab, a good bye forever. But the hermit crab wasn't the same. She had never thought that she would find a creature who loved her than her shell and when she found one, she had lost the count of reality and had loved her little friend with all her little heart can love. And now when her friend flew away with all the essence of her heart, she felt lifeless and dead inside.

That is the first time she realized that though it was the most beautiful feeling she had ever felt it is also a feeling that is giving her this excruciating pain she is undergoing through. Unable to contain her emptiness, the hermit crab walked back to her shell shutting herself from the world once again.



ലേഖനം

# പച്ചപ്പുണ്ടോ കുറച്ച് ഹരിതാഭ എടുക്കാൻ



ടി.വി. ശശിധരൻ

''മാമലകൾക്കപ്പുറത്ത്
മരതകപ്പട്ടുടുത്ത്
മലയാളമെന്നൊരു നാടുണ്ട്
കൊച്ചു മലയാളമെന്നൊരു നാടുണ്ട്''

അരനൂറ്റാണ്ടു മുൻപു നമ്മുടെ കൊച്ചുകേരളത്തെപ്പറ്റി പി. ഭാസ്കരൻ മാഷ് എഴുതിയ വരികളാണ്, ചിത്രം. 'നിണമണിഞ്ഞ കാൽപ്പാടുകൾ'. ഇന്ത്യ-ചൈന യുദ്ധകാലത്ത് അതിർത്തിയിലിരുന്നു പ്രേംനസീറിന്റെ തങ്കച്ചൻ എന്ന കഥാപാത്രം നാടിനെക്കുറിച്ചോർത്തു പാടുന്ന പാട്ടാണ്. പക്ഷേ, 2007-ൽ ഇറങ്ങിയ 'കഥ പറയുമ്പോൾ' എന്ന സിനിമയിൽ ദാസ് വടക്കേമുറി എന്ന 'യുവകവി' ഈ ഗാനത്തെ വെട്ടിക്കീറി പുതിയ വരികളുണ്ടാക്കി.

'സഹ്യമലയ്ക്കിപ്പുറത്ത്
കോടമഞ്ഞിൻ പട്ടുടുത്ത്
മലയാളി വളർത്തുന്ന റബ്ബറുണ്ട്

പണ്ട് മലയാളി വളർത്തുന്ന റബ്ബറുണ്ട്' എന്നായിരുന്നു സലിംകുമാറിന്റെ ആ കഥാപാത്രം പാടിത്തകർത്തത്. അതു കേട്ടവരെല്ലാവരും ചിരിച്ചു. ചിലർ നെറ്റി ചുളിച്ചു. പക്ഷേ, അപ്പറഞ്ഞതിലും കാര്യമില്ലേ എന്നു ചിന്തിച്ചവരും ഏറെ.

പ്രത്യേകിച്ച് 'കാടും തൊടികളും കനകനിലാവത്ത് കൈകൊട്ടിക്കളിക്കുന്ന' ഈ നാടിനെ വിട്ടു പ്രവാസത്തിലേക്കു ചേക്കേറേണ്ടിവന്നവർ നാട്ടിലേക്കുള്ള ഓരോ മടക്കയാത്രയും അവർക്കു സമ്മാനിക്കുന്നത് ഓരോ ഞെട്ടലുകളാണ്. അത്രയേറെയാണ് ഓരോ നിമിഷവും കേരളത്തിനു സംഭവിക്കുന്ന മാറ്റങ്ങൾ. പണ്ട് കേരളമെന്നു കേൾക്കുമ്പോൾ മനസ്സിലുണ്ടായിരുന്ന കാര്യങ്ങളാണോ ഇന്നു കേരളത്തെപ്പറ്റി ഓർക്കുമ്പോൾ മലയാളികളുടെ മനസ്സിൽ തെളിയുന്നത്? കേരളപ്പിറവിയുടെ അറുപത് വർഷം പിന്നിടുന്ന ഈ സമയത്തുതന്നെ അതൊന്നു പരിശോധിക്കാം.

### കാടുകളൊക്കെ കോമഡിയായി

കായലും പുഴകളും കതിരണിവയലിനു കസവിട്ടു ചിരിക്കുന്ന ദേശത്തെ സ്വപ്നം കാണുന്നവരായിരുന്നു പ്രവാസികളിലേറെയും. പക്ഷേ, കൂട്ടുകുടുംബങ്ങൾ



പരസ്പരം കൂട്ടുവെട്ടിപ്പോയി. വീടുകൾ വയ്ക്കാൻ പുതിയ സ്ഥലങ്ങൾ കണ്ടെത്തേണ്ടിവന്നു. വെള്ളം തേടി അലച്ചിൽ തുടങ്ങി. വീട്ടിലെ മാലിന്യം കളയാനും വഴി കണ്ടെത്തേണ്ടിവന്നു. എല്ലാറ്റിനും ഉത്തരം കിട്ടിക്കഴിഞ്ഞപ്പോഴോ, കാവും കാടും പറമ്പും വയലുമെല്ലാം കൺമുന്നിൽ നിന്നു മാഞ്ഞു; ചെറുതോടുകളും കുളങ്ങളും നികന്നു. കായലുകളും പുഴകളും കടലുംവരെ വിഷലിപ്തമായി. കൃഷി ചെയ്യാനും എല്ലാവർക്കും മടിയായി. വിഷമടിച്ചു കരിഞ്ഞു ഭൂമിയും മുഖം കറുപ്പിച്ചു. അതോടെ നമുക്ക് നഷ്ടപ്പെട്ട പച്ചപ്പിനെയും ഹരിതാഭയെയും സിനിമകൾ കോമഡിയാക്കി. ഇന്നു മഴക്കാലത്താണെങ്കിൽപോലും തിരികെ നാട്ടിലേക്കു വരുമ്പോൾ കാറിൽ എ.സി.യില്ലെങ്കിൽ ഏതൊരു പ്രവാസിയും വിയർത്തുപോകുന്ന അവസ്ഥ. കുളിർവെള്ളത്തെ കണികണ്ടിരുന്ന കാലം കുപ്പി വെള്ളത്തിലേക്കും കുതിച്ചിറങ്ങിക്കഴിഞ്ഞു.

### വെറും 'കഞ്ഞി'യായി

കഞ്ഞിയും ഒന്നോ രണ്ടോ കാന്താരിയും പഴങ്കഞ്ഞിയാണെങ്കിൽ അതിൽ അരിഞ്ഞിടാൻ കുറച്ച് ഉള്ളി. ഇനി ഇതൊന്നുമില്ലെങ്കിൽ ഉപ്പുകല്ല് കടിച്ചൊരു കഞ്ഞികുടി. മലയാളിയുടെ ഭക്ഷണശീലത്തെപ്പറ്റി ഓർക്കുമ്പോൾ ഒരു കാലത്ത് ഇതെല്ലാമാണു മനസ്സിലേക്ക് ഓടിവന്നിരുന്നത്. അത് കുറച്ചുകൂടി വിഭവസമൃദ്ധമായാൽ തനിനാടൻ സദ്യയും നാവിലേക്ക് ഓർമ്മയായി കിനിഞ്ഞിറങ്ങും. പക്ഷേ ഇന്നു മലയാളിയുടെ ഭക്ഷണത്തെക്കുറിച്ച് ആരെങ്കിലും ചോദിച്ചാൽ എന്തായിരിക്കും മറുപടി? കണ്ണുംപൂട്ടി ആദ്യം പറയുക പൊറോട്ട എന്ന പേരായിരിക്കും. പിന്നെ പീത്സ, ബർഗർ, ബട്ടർബൺ, പഫ്സ് ഇത്യാദികൾ. കുറച്ചുകൂടി ആർഭാടമായാലോ? ബിരിയാണിയൊക്കെ പണ്ടേ പോയി. പല തരത്തിൽ നിർത്തിപ്പൊരിച്ച ചിക്കനും തന്തൂരിയുമൊന്നും കൂടാതെ കുബ്ബൂസും കുഴിമന്തിയും വരെ മലയാളിയുടെ ദൈനംദിന ഭക്ഷണത്തിലെത്തിക്കഴിഞ്ഞിരിക്കുന്നു!

### പുഞ്ചിരിയിൽ നിന്ന് പുച്ഛത്തിലേക്ക്

കുറച്ചു കുശുമ്പും കുന്നായ്മയുമൊക്കെ പറയുമെങ്കിലും മലയാളിയെന്നു കേൾക്കുമ്പോൾത്തന്നെ മുണ്ടുടുത്ത് ഷർട്ടുമിട്ട് ഒരു ചെറുപുഞ്ചിരിയോടെ നിൽക്കുന്ന മുഖം മനസ്സിലേക്ക് ഓടിയെത്തിയിരുന്ന കാലമുണ്ടായിരുന്നു. വയലിൽ ചേറിൽ കുളിച്ച് കൊടുംവെയിലും കൊണ്ടു പണിയെടുക്കുമ്പോൾ പോലും നമുക്ക് ആ ചിരി കൈമോശം വന്നിരുന്നില്ല. കലുങ്കുകളിലെ വൈകുന്നേരങ്ങളിലും ചുറ്റിലും ഉയർന്നു കേട്ടത് മനസ്സു നിറഞ്ഞ ചിരികളായിരുന്നു. പക്ഷേ, ഇന്നു വയലും കലുങ്കുമെല്ലാം കാണാനില്ലാതായി. എല്ലാവരെയും എല്ലായ്പ്പാഴും അവരവരുടെ ലോകത്തേക്കു 'തല കുനിച്ചു' നോക്കാൻ പ്രേരിപ്പിച്ച് മൊബൈലുകളിൽ സമാന്തര 'വെർച്വൽലോക'ങ്ങൾ പ്രത്യക്ഷപ്പെട്ടു. 'ഞാൻ, ഞാനെന്ന ഭാവം' സമ്മാനിച്ചതായിരുന്നു ഇത്തരം സമൂഹ മാധ്യമങ്ങൾ തന്ന ഏറ്റവും വലിയ 'ഗുണം' (നന്മകളെയും മറക്കുന്നില്ല!). പക്ഷേ, അതോടെ ചിരി മാഞ്ഞു. പകരം 'ഞാനല്ലാത്ത' മറ്റെല്ലാവരോടും പുച്ഛം നിറഞ്ഞു!

### മുണ്ടും ട്രങ്കും!

ബഹിരാകാശത്തേക്കു വിട്ടാലും മുണ്ടുടുത്തേ പോകൂ എന്നു വാശിപിടിക്കുന്നവരാണു മലയാളികൾ എന്നൊരു തമാശയുണ്ടായിരുന്നു പണ്ട്. ഏതൊരാൾക്കൂട്ടത്തിലും മുണ്ടു മടക്കിക്കുത്തിയ ഉശിരായി മലയാളികളെ എളുപ്പം തിരിച്ചറിയാം. കസവുസാരിയുടെ നൈർമ്മല്യത്തിൽ മലയാളിപ്പെൺകുട്ടികളെയും.

ഇന്നു പക്ഷേ, മുണ്ടിന്റെ സ്ഥാനം ബർഡമുഡയും ജീൻസുമെല്ലാം കയ്യേറി. പണ്ടത്തെ ട്രൗസറുകൾ വേഷം മാറി 'ട്രങ്കു'കളായെത്തി. ഓണവും വിഷുവുമൊക്കെ വരണം മലയാളി 'മങ്ക'മാരെയും 'ശ്രീ'മാരെയുമെല്ലാം കസവുസാരിയിലും മുണ്ടിലുമെല്ലാം ഒന്നു കാണാൻ!



**തെങ്ങുകയറ്റക്കാരനുണ്ടോ?**

'മികച്ച ശമ്പളം, കൊല്ലത്തിലൊരിക്കൽ ടിക്കറ്റടക്കം മുഴുവൻ ചെലവോടെ വിദേശയാത്ര'. വമ്പൻ ഐടി ജോലിക്കൊന്നുമല്ല ഈ ഓഫർ. തെങ്ങുകയറ്റക്കാരനെ ആവശ്യമുണ്ടെന്നു പറഞ്ഞുള്ള പരസ്യമാണ്. സംഗതി തമാശയോ കാര്യമോ ആയിക്കോട്ടെ. ഒരു കാര്യം ഉറപ്പാണ്. നാട്ടിൽ തെങ്ങുകയറ്റക്കാരെ കിട്ടാനില്ല. തെങ്ങുകളുടെ എണ്ണം കുറഞ്ഞതോടെ കയറ്റക്കാരും ജോലിയിൽ നിന്ന് ഇറങ്ങിപ്പോയതെന്നാണു സത്യം. തെങ്ങിനു പകരം റബ്ബറും യൂക്കാലിപ്റ്റസും ഇടയ്ക്കു മാഞ്ചിയവുമൊക്കെ വന്നു. 'ട്രെൻഡ്' അനുസരിച്ച് കൊക്കോയും മറ്റും പിറകെ 'കേരനിരകളാടും ഒരു ഹരിത ചാരുതീരം....' എന്ന വരികളൊക്കെ കേൾക്കുമ്പോൾ നെടുവീർപ്പോടെ അക്കാലം ഓർക്കുകയല്ലാതെ വേറെന്തു ചെയ്യാൻ.

**'പരിഷ്കാരി ' പോപ്കോൺ**

രാത്രി കുടുംബത്തെയും കൂട്ടി കൂട്ടമായി ചൂട്ടും കത്തിച്ച് നാടകവും കഥകളിയുമൊക്കെ കാണാൻ പോയിരുന്നൊരു കാലവുമുണ്ടായിരുന്നു നമുക്ക്. അത് പിന്നീട് കൊട്ടകക്കാഴ്ചകളിലേക്കു മാറി. ഇന്നു പക്ഷേ, സിനിമകൾക്കൊന്നും ഒരു കുറവുമില്ല. എന്നാൽ നൊസ്റ്റാൾജിയ മനസ്സിലിട്ടു തീയറ്ററുകളിലേക്കു പോകുകയേ വേണ്ട. കാരണം അവിടെ കാത്തിരിക്കുന്നതു മറ്റേതൊരു വിദേശ രാജ്യത്തും കാണുന്നതുപോലെയുള്ള മൾട്ടിപ്ലക്സുകളാണ്. ചോളപ്പൊരിയെന്നൊക്കെ വിളിച്ചു താലോലിച്ച സംഗതി ഇന്നു പോപ്കോണാണ്. അതും ചീസും സ്പൈസുമൊക്കെയായി പല തരത്തിൽപെട്ടവ! ഉത്സവപ്പറമ്പിലെ 'അഞ്ചുപായ്ക്കറ്റ്, 10 രൂപ' എന്ന മട്ടിലുള്ള വിലയായിരിക്കും അതിനെന്നൊന്നും പ്രതീക്ഷിക്കരുത്. സംഗതി 'ഫൈവ് സ്റ്റാറാണ്'.

ഇതിലൊന്നും നിൽക്കുന്നില; നാട്ടിൽനിന്നു കാണാതായ കാഴ്ചകൾ ഇനിയുമേറെ. ഒന്നുറപ്പ്, മാമലകൾക്കപ്പുറത്ത് മരതകപ്പട്ടുടുത്ത് മലയാളമെന്നൊരു നാടുണ്ടെന്നു പറഞ്ഞ് ഇനി ആരെയെങ്കിലും കേരളത്തിലേക്ക് പറഞ്ഞുവിട്ടാൽ തിരിച്ചെത്തുമ്പോൾ അവർ ഉറപ്പായും ചോദിക്കും 'എവിടെ, ഞാനൊന്നും കണ്ടില്ലല്ലോ' എന്ന്.


WITH BEST COMPLIMENTS
FROM



MURALI & BROTHERS
NANMA RECIDENCY
MICLE PALAYA
BANGALORE

# തത്ത്വമസിയും ദശാവതാര ചിന്തകളും



**വിജയൻ വി.വി.**
ബാംഗ്ലൂർ

എന്താണ് തത്ത്വമസി? ആര് ആരോട് പറഞ്ഞു എന്നുള്ള ചിന്ത നമ്മുടെ ഉള്ളിൽ ഉണ്ടാവുമല്ലോ. അതിനുള്ള ഉത്തരമാണ്, ഒരച്ഛൻ മകന് കൊടുത്ത ഉപദേശമാണ് തത്ത്വമസി. അർത്ഥം നമ്മൾ ഒന്നാണ്. ദൈവവും ഭക്തനും ഒന്നാണെന്നുള്ള മഹാതത്ത്വമാണ് തത്ത്വമസി. നിങ്ങളും ഞാനും ഒന്നുതന്നെയാണെന്നാണ് സ്വാമി അയ്യപ്പനും പറയുന്നത്. ഈശ്വരനും നമ്മളും ഒന്നുതന്നെയാണെന്ന സങ്കല്പം സ്ഥിരീകരിക്കുന്നതാണ് മുകളിൽ കൊടുത്ത തലക്കെട്ടിന്റെ ഉദ്ദേശ്യം. അഥവാ ബഹുദേവതാ സങ്കല്പത്തെയും അതിലൂടെ എത്തിച്ചേരേണ്ട ഏക ഈശ്വരനിലേക്കും ഉള്ള ഒരു പ്രയാണമാണ് ഈ സങ്കല്പം. അതായത് മുപ്പത്തിമുക്കോടി ദേവതകളിലൂടെ എത്തിച്ചേരുന്നത് ഏക ഈശ്വരനിലാണ്. രണ്ടല്ലാത്ത ഒരേ ഒരു ഈശ്വരസങ്കല്പത്തിലാണ്, ഈ ഈശ്വരൻ നമ്മളിൽത്തന്നെയാണ് കുടികൊള്ളുന്നത് എന്നാണ് തത്ത്വമസിയിലൂടെ നാം ഗ്രഹിക്കുന്നത്. നമ്മുടെ ഉള്ളിന്റെ ഉള്ളിലുള്ള അന്തര്യാമിതന്നെയാണ് ഈ ഈശ്വരൻ. ഈ തത്ത്വം തന്നെയാണ് ഗീതയും ഭാഗവതവും പറയുന്നത്. ഭഗവാന്റെ ദശാവതാരം എന്നാൽ നമ്മളിൽ ഉണ്ടാവുന്ന പത്തു പരിണാമ പ്രക്രിയയെയാണ് വിവരിക്കുന്നത്.

**മത്സ്യാവതാരം:** മത്സ്യങ്ങൾ വെള്ളത്തിലാണ് ജീവിക്കുന്നത്. മനുഷ്യന്റെ ആദ്യയാത്ര ജലത്തിലൂടെയാണ്. പിതാവിൽ നിന്നു മാതാവിലേക്കു സഞ്ചരിക്കുന്ന ബീജം ജലത്തിലൂടെ യാത്ര ചെയ്താണ്, മാതാവിന്റെ ഗർഭാശയത്തിലേക്ക് പ്രവേശിക്കുന്നത്. മനുഷ്യന്റെ ആദ്യ പരിണാമ പ്രക്രിയയെയാണ് മത്സ്യാവതാരം എന്ന് പറയുന്നത്.

**കൂർമ്മാവതാരം:** മത്സ്യാവതാരത്തിൽ നിന്ന് പിന്നീടുള്ള പരിണാമമാണ് കൂർമ്മാവതാരം. അതായത് ഖരരൂപത്തിലേക്കുള്ള മാറ്റമാണ് ഇവിടെ പ്രകടമാകുന്നത്. അർത്ഥമാക്കുന്നത് ജലത്തിലും കരയിലും ഒരുപോലെ ജീവിക്കാൻ സാധിക്കുമെന്നതാണ് കൂർമ്മത്തിന്റെ പ്രത്യേകത. ബീജം ഗർഭാവസ്ഥയിൽ നിന്ന് വളർന്ന് ഖരരൂപത്തിലേക്കു വരുന്ന ഈ അവസ്ഥയെ കൂർമ്മാവതാരം എന്നു വിശേഷിപ്പിക്കുന്നത്.

**വരാഹാവതാരം:** ജലവും മണ്ണും കൂടിക്കലർന്ന മിശ്രിതത്തിൽ വസിക്കുവാനാണ് വരാഹം ഏറെ ഇഷ്ടപ്പെടുന്നത്. ഇതേ അവസ്ഥയാണ് ഭ്രൂണം വളരുമ്പോൾ ശിശുക്കൾ അനുഭവിക്കുന്നത്. ഈ അവസ്ഥയെ തരണം ചെയ്യുന്ന പ്രയാണത്തെയാണ് വരാഹ അവതാരം കൊണ്ട് ഉദ്ദേശിക്കുന്നത്.

മുകളിൽ പറഞ്ഞ ഈ മൂന്നവസ്ഥയും മാതാവിന്റെ ഗർഭാവസ്ഥയിൽ മനുഷ്യൻ തരണം ചെയ്യുന്നു. പിന്നീടുള്ള അവതാരങ്ങൾ മനുഷ്യനിൽ കാലക്രമേണ വയസ്സാകുമ്പോൾ വരുന്ന മാറ്റങ്ങൾ ആണ്.



**നരസിംഹാവതാരം:** ശിശുക്കളായി ജന്മമെടുത്ത ശേഷം ശൈശവാവസ്ഥയിൽ കുട്ടികളിൽ മൃഗവാസനയും മനുഷ്യവാസനയും ഇടകലർന്നു നിൽക്കുന്നു. ഈ അവസ്ഥയെയാണ് നരസിംഹാവതാരം എന്ന് വിശേഷിപ്പിക്കുന്നത്.

**വാമനാവതാരം:** വാമനൻ എന്നാൽ ചെറു മനുഷ്യൻ അഥവാ കുട്ടി എന്നാണ് ഉദ്ദേശിക്കുന്നത്. ഈ കാലഘട്ടത്തിലാണ് വിദ്യാഭ്യാസം പൂർത്തീകരിക്കുന്നത്. ഈ പരിണാമ പ്രക്രിയയാണ് വാമനാവതാരമായി കണക്കാക്കുന്നത്.

**പരശുരാമാവതാരം:** വിദ്യാഭ്യാസം കഴിഞ്ഞാൽ അതായത് പ്രായപൂർത്തിയായാൽ ജോലിക്കുവേണ്ടി ശ്രമിക്കുന്നു. ജോലി കിട്ടുന്നതുവരെയുള്ള കാലയളവിനെയാണ് പരശുരാമാവതാരം കൊണ്ട് ഉദ്ദേശിക്കുന്നത്.

**ശ്രീരാമാവതാരം:** ജോലി കിട്ടിയതിനുശേഷം ഗൃഹസ്ഥാശ്രമത്തിലേക്കു പ്രവേശിക്കാവുന്നതാണ്. തദവസരത്തിൽ വിവാഹം ചെയ്ത് കുടുംബത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു. ഈ കാലഘട്ടത്തെ ശ്രീരാമാവതാരമായി കണക്കാക്കുന്നു.

**ബലരാമാവതാരം:** വിവാഹം കഴിഞ്ഞാൽ ഉത്തരവാദിത്വമായി. ഇതു നിറവേറ്റാൻ വേണ്ടി അവൻ കൃഷി തുടങ്ങിയ കാര്യങ്ങളിൽ ഏർപ്പെടുന്നു. ഈ കാലഘട്ടത്തെ അതായത് ഉത്തരവാദിത്തം നിറവേറ്റുന്ന കാലഘട്ടത്തെ ബലരാമാവതാരമായി കണക്കാക്കുന്നു.

**ശ്രീകൃഷ്ണാവതാരം:** വിദ്യാഭ്യാസമായി, ജോലിയായി, വിവാഹം കഴിഞ്ഞു. ഇനിയങ്ങോട്ട് വിശാലമായ ജീവിതത്തിലേക്ക് പ്രവേശിക്കുന്നു. അവന്റെ വിവര സാങ്കേതിക അറിവ് വർദ്ധിക്കുന്നു. സന്തതി പരമ്പരകൾ ഉണ്ടാവുന്നു. അവരുടെ വിദ്യാഭ്യാസം, ജോലി, വിവാഹം, തുടങ്ങി എല്ലാ ഉത്തരവാദിത്തങ്ങളും നിറവേറ്റി ജോലിയിൽ നിന്നു വിരമിക്കുമ്പോൾ ശ്രീകൃഷ്ണാവതാരത്തെയും തരണം ചെയ്യുന്നു.

**പിന്നെ ബുദ്ധനും കൽക്കിയും:** മുകളിൽ വിവരിച്ച എല്ലാ അവതാര കർമ്മങ്ങളും കഴിഞ്ഞാൽ നമ്മൾ മോക്ഷത്തിലേക്കു പ്രവേശിക്കണം. ഈ കാലഘട്ടത്തെ വാനപ്രസ്ഥമെന്നും പറയുന്നു. അതിനുവേണ്ടി സദാസമയവും ഈശ്വരനാമജപം ആലപിക്കേണ്ടതാണ്. മോക്ഷമെന്നാൽ നമ്മൾ ഭഗവത്പാദങ്ങളിലേക്കു ലയിക്കുന്നു എന്നർത്ഥം. പിന്നെ പുനർജ്ജന്മം ഇല്ല. പുനർജ്ജന്മം ഇല്ലാത്ത അവസ്ഥയെ ബുദ്ധനെന്നും, അഥവാ ഏതെങ്കിലും കർമ്മങ്ങൾ പൂർത്തീകരിക്കാൻ പറ്റിയില്ലെങ്കിൽ വീണ്ടും ജനിക്കേണ്ടിവരുന്ന അവസ്ഥയെ കൽക്കിയെന്നും പറയാം. അതിനർത്ഥം വീണ്ടും ദശാവതാരങ്ങൾ ആവർത്തിച്ചുകൊണ്ടേയിരിക്കുന്നുവെന്നു സാരം.

മുകളിൽ പറഞ്ഞ ചക്രങ്ങളിലൂടെ കറങ്ങുന്ന മനുഷ്യജീവിതം ഹ്രസ്വമാണ്. അതുകൊണ്ടുതന്നെ മനുഷ്യൻ വിദ്വേഷം ഇല്ലാതെ നന്മയെ മാത്രം മനസ്സിൽ നിറച്ചു ജീവിക്കേണ്ടതാണ്. എന്നാലേ ആത്മസുഖം ലഭിക്കൂ. ആത്മസുഖം അനുഭവിക്കണമെങ്കിൽ നാമജപം അനിവാര്യമാണ്. ഈ നാമജപമാണ് ഈശ്വരനെയും മനുഷ്യനെയുംഒന്നാക്കുന്നത്.അപ്പോഴാണ്ദൈവവും മനുഷ്യനും ഒന്നാണെന്ന സത്യം നമ്മൾ മനസ്സിലാക്കുന്നത്. അതുകൊണ്ട് നമുക്കെല്ലാവർക്കും പരസ്പരം സ്നേഹിച്ചും ബഹുമാനിച്ചും പരോപകാരം ചെയ്തും, ഈ ഭൂമിയിൽ ജീവിക്കാൻ അവസരമുണ്ടാകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കട്ടെ.

S.SENDHIL KUMAR
+91 9900001088








**We Sell**

Only Branded Computer Hardware ranging from Desktops, Laptops, Servers, Networking Hardware and other IT related Peripheral Devices.

**We Support**

- Installation, Integration, Computer Networking [install, terminate, test and commission structured cable networks such as Copper (Twisted Pair),
- Fibre-Optics and Wireless]. Annual Maintenance Contract [AMC] for Hardware and Networking Infrastructure.

# STAR COMPUTERS

**3052/A, 1st Main Road, 1st Floor**
**Mariyappan palaya**
**Bangalore-560 021**
**: 080-23421088**
**Web: starcomputersit.com**






DRDO Dawn 2019 Celebrations

With Best Complimets From

M/s Rainbow Trading Company

Kaggadaspura

Bangalore - 560 093


चाय darbaar
CHASE
THE
FLAVORS
080 - 43728746
Shop No.2, Hoorian Arcade, Kempanna Main Road, Vignana Nagar
(Behind Choice Supermarket) Bangalore - 560075




**WET FILTER ASSEMBLY FOR ARMOURED FIGHTER VEHICLE**



**RGB -12 (ROCKET GUIDED BOMB)**

**MANUFACTURER**

- PRECISION MACHINED COMPONENTS
- RUBBER & PLASTIC COMPONENTS
- FIBRE & PHENOLIC COMPONENTS
- CHEMICAL & TEXTILE COMPONENTS



**RGB-60 (ROCKET GUIDED BOMB)**



**DYNAMIC BELT FOR GRAVIMETRIC FEEDERS**



**TAPPER LOCK NECK SEAL**



**SOLID TYRE FOR BMP**

# VETRI Engineering

**SF.No:72/4, A.Kondalampatty,**
**Kattur, Nattamangalam - po**
**Salem-636 010. TAMILNADU**
**94432-28079 & 93444-28079**
**Vetriengineering09@gmail.com**
**Vetrielastomeric09@gmail.com**



BRADFORD AVIATION ACADEMY
BRADFORD
Bangalore Mysore Imphal
Ambassadors of
AIRPORT
Professionals
96%
Placement Record
Over 4 Years
of extensive experience.
Awarded The Best Aviation Academy - 2017 & 2018
consecutively for " Excellence in Academics and Placements ".
Sudhimon K
Director
Chandran Mavila
Advisor
Join the Fastest Growing Aviation Academy
International Air Hostess Training | International Airport Operations Training | BBA with Aviation
#bradfordaviationacademy
www.bradfordaviation.com
BENGALURU
MRB ARCADE,
Bagalur Cross, Yelahanka Airforce Base,
Bangalore - 560063
Ph.no : +91 80 500 90001
MYSURU
KB Arcade, KD Road,
Gokulam Main Road, Jayalakshmipuram,
Mysuru - 570012
Ph.no : +91 73490 20202
IMPHAL
Changanggei,
IMPHAL Airport Road,
Manipur 795140
Ph.no : +91 80 500 90001




## PRODUCTS AND SERVICES FOR MISSION-CRITICAL MILITARY, NAVAL AND AVIONICS APPLICATIONS

**Indigenous Solutions**

Indigenously designed Boards, RF modules, I/O modules & packaged COTS solutions that meet regulatory standards of CEMILAC, JSS and IEC945 among others.

**Systems Engineering**

Requirement and feasibility analysis, design, COTS amalgamation, system integration, IV&V, qualification and deployment of Liquid-cooled, Conduction-cooled, Air-cooled & AFT sub-systems for Mil-Aero applications.



**Design Services**

Professional services covering Boards & RF design, Device Driver and BSP development, Porting, DSP Algorithm, FPGA design, Mechanicals, DO178-B compliant IV&V and Build-To-Print services.

**COTS Hardware & Software**

SBCs & DSP Engines (VPX / VME), I/O Cards, VxWorks-RTOS, SCADE, DDS, ADA Tools, Engineering Life Cycle Management Tools, Backplanes, Enclosures and Storage solutions from Wind River, Curtiss-Wright, Elma, ANSYS, AdaCore, IBM.

**Mistral Wishes Everyone a Happy and Prosperous ONAM!**

MISTRAL®
... Partners in Real Time
www.mistralsolutions.com

**Call us to know more about our services**

**Mistral Solutions Pvt. Limited:** No.60, 'Adarsh Regent', 100 Feet Ring Road, Domlur Extension, Bangalore - 560 071. Tel: +91-80-4562-1100, Fax: +91-80-2535-6444
E-mail: sales@mistralsolutions.com

NVT QC ANAB ACCREDITED MANAGEMENT SYSTEMS CERTIFICATION BODY
AS 9100C - 179037




Indic Digital Archive Foundation
gpura.org